
അരുണ



ഒക്ടോബർ
1952

ARUNA

4ണ.



ശ്രീമതി കുഞ്ഞാണ്ടമ്മ (മലയാള മനോരമയുടെ ചീഫ് എഡിററർ ശ്രീ കെ. സി. മാമ്മൻ മാപ്പിളയുടെ സഹധർമ്മിണി) സെപ്തംബർ 19—ാം തീയതി വെള്ളിയാഴ്ച പകൽ 12 മണിക്കു ദിവംഗതയായി. കേരളീയരുടെ നിർമ്മലസംസ്കാരത്തിൻെറ മൂർത്തിമത്ഭാവമായിരുന്ന ഈ മഹതി ഒരു മാതൃകാമാതാവായിരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്.



ഒക്ടോബർ 2–ാം തീയതി ഗാന്ധിജിജയന്തി ഇന്ത്യയിലൊട്ടാകെ
ആഘോഷസമന്വിതം കൊണ്ടാടുന്നു.



ഡോ. ആനിബെസന്റ്
(ഈ മഹതിയുടെ ജന്മദിനം ഒക്ടോബർ 1-ാം തീയതി
ആഘോഷിക്കപ്പെടുന്നു.)

അരുണ

ഗാർഹികമാസിക

എഡിററർ മിസ്സിസ് ഏ. വി. കളത്തിൽ; മാനേജിങ്ങ് എഡിററർ വറുഗീസ് കളത്തിൽ എം. ഏ.

പുസ്തകം 3. ഒക്ടോബർ 1952 ലക്കം 7

ഇന്ത്യയെ മാതൃഭൂമിയാക്കി വരിച്ച് ബ്രഹ്മവിദ്യാസംഘത്തിന്റെ ജീവനാഡിയായി പ്രവർത്തിച്ച

ഡോ. ആനിബസന്റ്

വി. ഭാരതി



ആനിബസന്റ്
(സ്കൗട്ടുകമ്മീഷണർ എന്ന നിലയിൽ)

സങ്കുചിതദേശീയവിചാരത്തെ പിന്നിട്ട് എങ്ങും നന്മയെ ആദരിക്കുവാനുള്ള മനോഭാവത്തോടുകൂടി ലോകസാഹോദര്യത്തിന്റെ മുന്നണിപ്പോരാളിയായിനിന്നു പ്രവർത്തിച്ച ഒരു മഹതിയായിരുന്നു ഡോ. ആനിബസന്റ്. അവർ ഭൂജാതയായിട്ടു 105 വർഷം തികയുന്ന സ്മരണീയദിനമാണ് 1952 ഒക്ടോബർ 1—ാംതീയതി.

ആനിബസന്റിന്റെ പിതാവു പകുതി ഐറിഷ് ബന്ധത്തോടുകൂടിയ ഒരു ഇംഗ്ലീഷ്കാരനായിരുന്നു. ജനിച്ചതു ലണ്ടൻ നഗരത്തിലായിരുന്നതിനാൽ നിയമദൃഷ്ട്യാ ഒരു ഇംഗ്ലീഷ്കാരിയാണെങ്കിലും താൻ ഒരു ഐറിഷ് വനിതയാണെന്നാണ് ആനി അവകാശപ്പെട്ടിരുന്നത്. ഐറിഷ്ജനത സ്വാഭാവികമായി പല ഗുണഗണങ്ങളും ഉള്ളവരെന്നു പരക്കെ അറിയപ്പെടുന്നതിനാലാവാം അതിലവർ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു.

ധർമ്മനിഷ്ഠയോടുകൂടിയ ഒരു യഥാർത്ഥ ക്രിസ്ത്യാനി ആയിരുന്നു ആനി. ഇരുപതാം വയസ്സിൽ അവർ ഒരു ഇംഗ്ലീഷ് പാതിരിയെ വിവാഹം ചെയ്തു. സ്വഭാവസ്ഥിരത വന്നതോടുകൂടി ക്രിസ്തീയമതസിദ്ധാന്തങ്ങളിൽ പലതും അവർക്ക് അസ്വീകാര്യമായി തോന്നി. അവർ ക്രിസ്തുമതം ഉപേക്ഷിച്ച് ഒരു സ്വതന്ത്ര ചിന്തകയായി മാറി.

അതിനുമുമ്പുതന്നെ അവരുടെ വൈവാഹികജീവിതം ഏററവും അസുഖകരമായിത്തീർന്നിരുന്നു. ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും അവർക്കു ജനിച്ചു. പുത്രിയെ അവരുടെ അധീ

ന്നത്തിൽനിന്നു വിട്ടുകിട്ടുന്നതിനായി ഭർത്താവു കേസ്സു കൊടുത്തു. ആ കേസ്സിന്റെ വിചാരണയുടെ അവസരത്തിൽ ഭർത്താവിൽ നിന്നു തനിക്കു നേരിട്ട കഷ്ടതകളെയും താൻ വീട്ടിൽനിന്നു ബഹിഷ്കരിക്കപ്പെട്ടതിനെപ്പററിയും മററും അവർ തുറന്നു പ്രസ്താവിച്ചു. ഒരവസരത്തിൽ വൈവാഹിക ജീവിതം സഹിക്കവയ്യാത്ത വിധം ക്ലേശകരമായപ്പോൾ ജീവിതം അവസാനിപ്പിക്കാൻവേണ്ടി വിഷപാനം ചെയ്യാൻകൂടി അവർ തുനിഞ്ഞിട്ടുണ്ടത്രെ.

ഒന്നിനു പുറകെ ഒന്നായി വന്നുചേർന്ന പല സംഭവങ്ങൾകാരണം അനേകം ധർമ്മയുദ്ധങ്ങൾക്ക് അവർ സന്നദ്ധയാകേണ്ടിവന്നു. അതിൽ ആദ്യത്തേതു് നോൾട്ടൻ പത്രികയുടെ പ്രസിദ്ധീകരണവിഷയത്തിലായിരുന്നു. ഈ പത്രിക ജനനനിയന്ത്രണത്തെ പ്രചാരപ്പെടുത്തുന്നതായിരുന്നു. ഇതു മുമ്പൊരിക്കൽ ഇംഗ്ലണ്ടിൽ യാതൊരു തടസ്സവും കൂടാതെ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. എന്നാൽ ചില പഴഞ്ചൻ സിദ്ധാന്തികളുടെ പ്രേരണയാൽ അതു് അശ്ലീല പ്രബന്ധങ്ങളടങ്ങിയതാണെന്നു പറഞ്ഞു പോലീസ് ഉദ്യോഗസ്ഥർ അതിന്റെ പ്രചരണം തടഞ്ഞു. ആനീബസൻറും ബാഡ്ലാവും അവരുടെ പേരുവെച്ചു് ആ പത്രിക വീണ്ടും പ്രസിദ്ധംചെയ്തു. പ്രസിദ്ധീകരണത്തിന്റെ ഉദ്ദേശം പൊതുജനാവകാശം സ്ഥാപിക്കലായിരുന്നു. അവരുടെ പേരിൽ ക്രിമിനൽ കേസു നടന്നു. അഭിഭാഷകരെ ഏർപ്പെടുത്താതെ അവർ തന്നെത്താൻ പ്രതിഭാഗം കേസു നടത്തി. തന്റെ അനിതരസാധാരണമായ വാഗ്വൈഭവം വെളിപ്പെടുത്തി. കേസ് ആദ്യം അവർക്കു ദോഷമായിരുന്നുവെങ്കിലും അപ്പീലിൽ ഗുണമായി വിധികിട്ടി. ജയലബ്ധിയോടുകൂടി പത്രികാവിതരണം പിൻവലിക്കപ്പെട്ടു.

ആ കാലത്താണു് അവരുടെ ഭർത്താവു പുത്രിയെ തിരിച്ചുകിട്ടുവാനായി നടപടികൾ തുടർന്നതു്. അമ്മയുടെ ചിന്താഗതി ദുഷിച്ചിരുന്നതിനാൽ കുട്ടിയുടെ രക്ഷാകർത്ത്രിയായിരിപ്പാൻ അവർ അയോഗ്യയാണു് എന്നായിരുന്നു അയാളുടെ വാദം. ഈ കേസ്സിലും നേരിട്ടു ഹാജരായി വാദിക്കുകയാണു് അവർ ചെയ്തതു്. പക്ഷെ അവർ തോററു. കുട്ടിയെ വിട്ടുകൊടുക്കേണ്ടിവന്നു. ഈ പുത്രിയും അവരുടെ ജ്യേഷ്ഠനും പ്രായപൂർത്തി പ്രാപിച്ചശേഷം അമ്മയുടെ നേരെ ബഹുമാനവും ഭക്തിയും ഉള്ളവരായിത്തീർന്നു.

അനന്തരം അവരുടെ ജീവിതദശ ഒന്നുമാറി. 1879—ൽ അവർ ലണ്ടൻ സർവകലാശാലയിലെ മട്രിക്കുലേഷൻ പരീക്ഷയിൽ വിജയിയായി. 1881—ൽ ഇൻറർമീഡിയററു പരീക്ഷയ്ക്കു സസ്യശാസ്ത്രം ഐച്ഛികവിഷയമായെടുത്തു ബഹുമതിയോടുകൂടി ജയിച്ചു. ബി. എസ്. സി. പരീക്ഷയ്ക്കു ചേരാനുദ്ദേശിച്ചിരുന്നുവെങ്കിലും ചേർന്നില്ല. 1885-ാമാണ്ടു മുതൽക്കു് അവർ ഫേബിയൻ സംഘം എന്ന സ്ഥിതിസമത്വവാദികളുടെകൂടെ ചേർന്നു പ്രവർത്തനം ആരംഭിച്ചു. ബർണാഡ്ഷാ, സിഡ്നിവെബ്ബ്, സിഡ്നിഒലിവിയർ, റാംസേമക്ഡോണാഡ് മുതൽപേർ ഈ

വിഷയവിവരം

		പേജ്
1.	ഡോ. ആനിബസൻറ്—വി. ഭാരതി	1
2.	പെൺകുട്ടികളും കുടുംബജീവിതവും—രാജാജി	4
3.	സോവ്യററ് റഷ്യയിലെ വിവാഹമോചനം — കെ. ജി. തിരുവല്ല	5
4.	ഫയർമാന്റെ മകൾ—സി. കെ. സീതാലക്ഷ്മി	8
5.	ഒരു ഭാര്യയുടെ കുററസമ്മതം—മോപ്പസാങ്ങ്	9
6.	ഇൻഡ്യയിലെ ക്ഷയരോഗനിവാരണം — ഡോ. പി. വി. ബഞ്ചമിൻ	14
7.	കുടുംബക്രൂരമായ കൊലപാതകം	18
8.	നൃത്തകലയ്ക്കു കേരളഭൂമിയുടെ സംഭാവന	22
9.	ചില ആധുനിക "ബക"ന്മാർ—കെ. പി. കൃഷ്ണപിള്ള	27
10.	തിരുവനന്തപുരം മെഡിക്കൽ കോളജ് — ഡോ. സി. ഒ. കരുണാകരൻ	28
11.	ഉപന്യാസമത്സരം	29
12.	ഒരു രാത്രി—ഒരു സ്വപ്നം—ഒരൽഭുതം—നാനാക്കൽ	30
13.	അടുക്കളയിൽ	36

മുഖചിത്രം

സുലോചനചാറർജി

സംഘത്തിലെ നേതാക്കന്മാരായിരുന്നു.

ഒരിക്കൽ റെവ്യൂ ഓഫ് റെവ്യൂസിന്റെ സമ്പാദകനായ ഡബ്ളിയു. ടി. സ്റ്റഡ് എന്നയാൾ മാഡംബ്ളവാട്സ്കി എഴുതിയ രഹസ്യതത്വം (Secret Doctrine) എന്ന ഗ്രന്ഥം നിരൂപണംചെയ്യാനായി ആനിബസന്റിനു് അയച്ചുകൊടുത്തു. ആ പുസ്തകം വായിച്ചമാത്രയിൽ കളഞ്ഞുപോയ എന്തോ ഒരു സാധനം പെട്ടെന്നു കിട്ടിയതുപോലെ ഒരു തത്വബോധം അവരുടെ മനസ്സിൽ അങ്കുരിച്ചു. ആ ഗ്രന്ഥകർത്ത്റിയുമായി ഒരു സന്ദർശനം അവർ ആവശ്യപ്പെട്ടു. മാഡംബ്ളവാട്സ്കിയെകണ്ടതു മുതൽ ആനിബസന്റിന്റെ ജീവിതത്തിനു് ഒട്ടാകെ ഒരു മാററം ഉണ്ടായി. ആ സന്ദർശനംകൊണ്ടു ലഭിച്ച നവ്യദീപ്തി ലോകോപരിചരണത്തിലേക്കായി തന്റെ കാലശേഷംജീവിപ്പാൻ അവരെ ഇളക്കിവിട്ടു. പ്രകൃതിയെ നിയന്ത്രിക്കുന്ന സനാതന ധർമ്മങ്ങളെ അടിസ്ഥാനപ്പെടുത്തി ദോഷകാരണങ്ങളെ ദൂരീകരിപ്പാനുള്ള ശ്രമത്തിലേക്കു് അതു് അവരെ സന്നദ്ധയാക്കി.

പ്രാസംഗിക ഗ്രന്ഥകർത്ത്റി എന്നീ നിലകളിൽ ബ്രഹ്മവിദ്യാപരിപോഷണത്തിൽ അവരുടെ ശ്രമങ്ങൾ സീമാതീതമായിരുന്നു. 1907—ൽ കേണൽ ഓൾക്കാട് മരിച്ചപ്പോൾ ബ്രഹ്മവിദ്യാസംഘം ഏഴുകൊല്ലത്തേക്കു് അവരെ അദ്ധ്യക്ഷയായി വരിച്ചു. പിന്നീടു മൂന്നു പ്രാവശ്യം അവർ തന്നെ അദ്ധ്യക്ഷയായി വരിക്കപ്പെട്ടു. പ്രവർത്തിപ്പിൻ എന്നതായിരുന്നു അവരുടെ മുദ്രാവാക്യം.

സ്ത്രീകൾക്കു വോട്ടവകാശം ലഭിക്കേണ്ടതിനു ഇംഗ്ളണ്ടിലും ഇൻഡ്യയിലും അവർ വളരെയധികം പരിശ്രമിച്ചു. സ്ത്രീകളുടെ സാമുദായികസ്ഥിതിയിൽ പരിവർത്തനം വരുത്തേണ്ടതാണെന്നുള്ള പക്ഷമായിരുന്നു അവർക്കു്. എന്നാൽ ഭാരതീയസ്ത്രീകളുടെ ശാന്തസുന്ദരസ്വഭാവത്തിൽ ഒരു മാററവും പാടില്ലെന്നായിരുന്നു അവരുടെ അഭിപ്രായം. ഭാരതീയ വനിതകളെപ്പോലെ അദ്ധ്യാത്മബോധവും ഭാവശുദ്ധിയും ഇതരരാജ്യങ്ങളിലെ സ്ത്രീകൾക്കില്ലെന്നാണു അവർ പറയാറുള്ളതു്.

1893 നവമ്പർ 16—ാംതീയതിയാണു് അവർ ആദ്യമായി ഇന്ത്യയിൽ വന്നതു്. അതിനുമുമ്പുതന്നെ ഇന്ത്യ തന്റെ മാതൃഭൂമിയാണെന്നു് അവർ പറയാറുണ്ടു്. ഹിന്തുമതതത്വങ്ങളെ നിരൂപണം ചെയ്യുന്നതിൽ അവർ പ്രദർശിപ്പിച്ച ജ്ഞാനസമ്പത്തു ഹിന്തുപണ്ഡിതന്മാരെക്കൂടി വിസ്മയിപ്പിച്ചു. ഇന്ത്യൻ ജനതയെ ഉണർത്താൻവേണ്ടി കുറെ ആളുകളെ ഒരു സംഘമായി അവർ രൂപീകരിച്ചു. അതിന്റെ ഫലമായി കാശിയിൽ 1898—ൽ സെൻട്രൽ ഹിന്തുകോളജ് സ്ഥാപിച്ചു. ആ കോളജിലെ ആദ്യത്തെ പ്രിൻസിപ്പാൾ ഡോ. ഏ. റിച്ചേർഡ്സൻ പി. എച്ച്. ഡി. യും അടുത്ത പ്രിൻസിപ്പാൾ ഡോ. അരുണ്ഡേയ്ല്ലും ആയിരുന്നു. ഡോ. ഓഫ് ലറെറഴ്സ് എന്ന ബിരുദം സർവകലാശാലയിൽനിന്നു അവർക്കുകൊടുത്തു. ഹിന്തുകോളജു് കാശ്ശും അങ്ങനെ പരിണമിച്ചശേഷം അവർ തിയോസഫിക്കൽ എഡ്യൂക്കേഷനൽ ട്രസ്റ്റ് സ്ഥാപിച്ചു. 1918—ൽ ആണു് അവർ ബോയിസ് സ്കൗട്ടു സംഘം തുടങ്ങിയതു്. സർവരാഷ്ട്ര സ്കൗട്ടുനേതാവായ ബേഡൻപവൽ പ്രഭു ഇന്ത്യയിൽ വന്ന സമയം ഇന്ത്യയിലെ ഓണററി സ്കൗട്ടു് കമ്മീഷണർ എന്ന സ്ഥാനം അവർക്കു നൽകി. പിന്നീടു അവർക്കു സ്കൗട്ടു മുദ്രകളിൽ ബഹുമാന്യമായ സിൽവർ വുൾഫ് എന്ന മുദ്രയും നൽകുകയുണ്ടായി. ശൈശവവിവാഹം നിറുത്തൽചെയ്യുവാനുള്ള ഉദ്ദേശത്തോടുകൂടി സ്റ്റാൾവർട്ട്സ് എന്ന സംഘം ഏർപ്പെടുത്തിയെങ്കിലും അത്ര ഫലപ്രദമായിത്തീരുകയുണ്ടായില്ല.

ഇന്ത്യാ രാജ്യത്തിൽ അവരുടെ കീർത്തി അധികം നിലനിൽക്കുന്നതു് അവരുടെ രാഷ്ട്രീയപ്രവർത്തനങ്ങളിലാണു്. 1914—ൽ കോമൺവീൽ എന്ന പത്രം ആരംഭിച്ചു. അടുത്തുതന്നെ മദ്രാസ് സ്റ്റാൻഡേർഡ് എന്ന പത്രത്തിന്റെ ഉടമസ്ഥത തീറുവാങ്ങി ന്യൂ ഇന്ത്യ എന്ന പേരിൽ നടത്തി.

1916—ൽ മിസ്സിസ് ബസന്റിനെ ബോംബെയിൽനിന്നും പിന്നീടു് മദ്ധ്യസംസ്ഥാനത്തിൽനിന്നും ബഹിഷ്ക്കരിച്ചു. 1917 ൽ മദ്രാസിലെ ഭരണാധികാരികൾ അവരെ തടവിലാക്കി. ജയിലിൽനിന്നു വിമുക്തയായ ഉടനെ തന്നെ അവർ ഇൻഡ്യൻ നാഷനൽ കോൺഗ്രസിന്റെ അദ്ധ്യക്ഷയായി തെരഞ്ഞെടുക്കപ്പെട്ടു. ഗാന്ധിജിയുടെ ജീവിതത്തെപ്പററി അവർക്കു ബഹുമാനമുണ്ടായിരുന്നു എങ്കിലും ഗാന്ധിജിയുടെ നിസ്സഹകരണ പ്രസ്ഥാനത്തോടു് അവർ യോജിച്ചിരുന്നില്ല.

ഇന്ത്യയാണു തന്റെ ജന്മഭൂമി എന്ന ഭാവനയും ആ നിലയിൽ ഇന്ത്യയോടുള്ള ഉറച്ച ഭക്തിയും മിസ്സിസ് ബസന്റിന്റെ ഒരുപ്ര


A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
A.S.S.
വാങ്ങുവിൻ
പാലസ്റോഡ് ആലപ്പുഴ

വിവാഹമെന്തെന്നും എങ്ങനെയാണു വിവാഹജീവിതം നയിക്കേണ്ടതെന്നും പെൺകുട്ടികൾ പഠിച്ചിരിക്കണം. കുടുംബജീവിതസൗഭാഗ്യം കൈവരുത്തുവാൻ ചെറുപ്പക്കാരെ സഹായിക്കുകയാണു ഗൃഹശാസ്ത്രത്തിന്റെ ഉദ്ദേശം.

പെൺകുട്ടികളും കുടുംബജീവിതവും

(സി. രാജഗോപാലാചാരി, മദ്രാസ് ചീഫ് മിനിസ്റ്റർ)

ഇന്ന് ഇൻഡ്യയിൽ എല്ലാ സംസ്കാരവും പ്രത്യേകിച്ചു ഗാർഹികസംസ്കാരം പഴയ നിലവാരത്തിൽ നിന്നു നാലടി ഉയരത്തിലാണു സ്ഥിതിചെയ്യുന്നത്. പഴയ നിലവാരം ഭൂമിയിൽ തന്നെ സ്പർശിച്ചുകൊണ്ടുള്ളതായിരുന്നു. അന്നവർ നിലത്താണിരുന്നത്. നിലത്തിരുന്നു ഉണ്ണുകയുമുള്ളു. നിലത്തിരുന്നുകൊണ്ടുതന്നെ പഠിപ്പിക്കുകയും ചെയ്തിരുന്നു. ഇന്നു കട്ടിലേൽ മാത്രമേ കിടക്കൂ, നിലത്തു കിടന്നുറങ്ങാൻ അവർക്കു സാദ്ധ്യമല്ല. മേശമേൽ ഭക്ഷണം കഴിക്കുകയും, കസേരയിൽ ഇരിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ഇന്നു നാം നിലത്തുനിന്നു നാലടി ഉയരത്തിൽ വച്ചാണ് എല്ലാ കാര്യങ്ങളും ചെയ്യുന്നത്. ഞാൻ ജനിച്ച തലമുറയിലെ സംസ്കാരവും ഗാർഹികശാസ്ത്രപഠനത്തിൽ കൂടി ഇന്നു നിങ്ങൾ രൂപം കൊടുക്കുന്ന സംസ്കാരവും തമ്മിലുള്ള അന്തരമിതാണ്. ഇന്ന് അടുപ്പുംകൂടി നിലത്തുനിന്നു നാലടി ഉയരത്തിലാണ്. നിന്നുകൊണ്ടോ



കസേരയിലിരുന്നുകൊണ്ടോ ആണു പാചകജോലി നിർവഹിക്കുന്നത്. വ്യതിയാനങ്ങൾ എനിക്കിഷ്ടമല്ലെന്നു ഇതുകൊണ്ടാരും ധരിക്കേണ്ട. വ്യതിയാനം എനിക്കിഷ്ടമാണ്. പക്ഷെ, ഇൻഡ്യമുഴുവനേയും നാം നാലടി ഉയർത്തിക്കഴിഞ്ഞു എന്നുള്ള മിഥ്യാബോധം അവർക്കും വേണ്ട. ഏതാനും കുടുംബങ്ങളെ മാത്രമേ ഈ നിലവാരത്തിലേക്കു ഉയർത്താൻ കഴിഞ്ഞിട്ടുള്ളു. പൌരാണികഗാർഹികശാസ്ത്രം പരിപൂർണ്ണമായും നിലത്തിരുന്നുകൊണ്ടു തന്നെയാണ് പരിശീലിച്ചിരുന്നത്. പുതിയ ശാസ്ത്രത്തിനു പഴയ വ്യവസ്ഥയിൽ കയറി സ്ഥാനം പിടിക്കുന്നതിനു കുറച്ചു കാലതാമസം നേരിടും.

വിവാഹമെന്നാൽ എന്ത്

അലക്കു ജോലിയോ പാചകജോലിയോ കുറച്ചു പഠിച്ചതുകൊണ്ടു ഗാർഹികശാസ്ത്രം പഠിച്ചു കഴിഞ്ഞു എന്നാരും വ്യാമോഹിക്കേണ്ട. ഗാർഹികജീവിതം അതിലൊക്കെയും വലുതാണ്. അതു കുടുംബസൗഭാഗ്യത്തിന്റെ ശാസ്ത്രമാണ്. വിവിധവിഷയങ്ങൾ അതിലടങ്ങിയിരിക്കുന്നു. പാചകവൈദഗ്ദ്ധ്യമോ കുടുംബപരിപാലനപ്രാവീണ്യമോ ഒന്നും സ്വയം കുടുംബജീവിതസൗഭാഗ്യദായകമല്ല. വിവാഹമെന്തെന്നും എങ്ങിനെയാണ് വിവാഹജീവിതം നയിക്കേണ്ടതെന്നുമാണു പഠിക്കേണ്ടത്. അതാണുയഥാർത്ഥ ശാസ്ത്രം. മാതാപിതാക്കന്മാരും കുട്ടികളും ചേർന്നതാണുകുടുംബം. ഗൃഹശാസ്ത്രം അതിനെ സംബന്ധിച്ചതുമാണ്. ഗൃഹശാസ്ത്രം ഒരു തൊഴിലി

ത്യേകതയാണ്. പൊതു ജീവിതത്തിൽ അവർക്കു പല, തടസ്സങ്ങളും എതിർപ്പുകളും നേരിടേണ്ടി വന്നിട്ടുണ്ട്. എന്നാലും അവരുടെ കർമ്മധീരതയ്ക്ക് ഒരിക്കലും ക്ഷീണം തട്ടുകയുണ്ടായില്ല. അവരുടെ ചരിത്രത്തിന്റെ മൂലതത്വം അവർ മനുഷ്യരെ മനുഷ്യരാക്കിത്തീർപ്പാൻ ശ്രമിച്ചു എന്നുള്ളതാണ്.

സോവ്യററ് റഷ്യയിലെ വിവാഹമോചനം

റഷ്യയിൽ ഒരു സാധാരണ തൊഴിലാളിക്കു് വിവാഹമോചനം നേടുന്നതിനു് ഭരണഘടനയിൽതന്നെ വ്യവസ്ഥകളുണ്ടു്.

ഭാര്യ ബുദ്ധിഭ്രമമുള്ളവളെന്നു് അധികാരികൾ സാക്ഷിപത്രം കൊടുക്കുകയോ—മൂന്നോ അതിലധികമോ വർഷം ഭാര്യ ജയിൽശിക്ഷയനുഭവിക്കയോ—ഏതാനും വർഷത്തേക്കു് ഭർത്താവിനെ ഉപേക്ഷിച്ചു് ഭാര്യ ജീവിക്കുകയോ ചെയ്താൽ ഭർത്താവിനു് ഭാര്യയെ ഉപേക്ഷിക്കാം. (ഭർത്താവിനെ ഭാര്യക്കും ഈ കാരണങ്ങളാൽതന്നെ ഉപേക്ഷിക്കാം.)

പുതിയ പരിതസ്ഥിതികളിൽ റഷ്യയിൽ വിവാഹമോചനം സാധാരണരീത്യാ വലിയ പ്രയാസമാണു്. എന്നാൽ മുൻപറഞ്ഞ മൂന്നു കാരണങ്ങൾകൊണ്ടു് വിവാഹമോചനമെങ്കിൽ വലിയ വിഷമംകൂടാതെ അതു് സാധിച്ചുകിട്ടുന്നതാണു്. കൂടാതെ യുദ്ധപരിതസ്ഥിതികളിൽ നാലാമതൊരു കാരണംകൂടി കാണിച്ചിട്ടുണ്ടു്. അതായതു് ഭാര്യയോ, ഭർത്താവോ യുദ്ധമേഖലയിൽ നഷ്ടപ്പെട്ടു എന്നു് അധികാരികൾ സാക്ഷിപ്പെടുത്തിയാൽ മതി വിവാഹമോചനം വിളംബമെന്യേ നേടാം.

എന്നാൽ മററു പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ മാനസികമായ അകൽച്ചമൂലമോ—സംശയം മുതലായ നാസ്സാര കാരണങ്ങളാലോ വിവാഹമോചനം നേടാമെന്നു് റഷ്യയിൽ ഒരു സാധാരണ തൊ

ലേക്കു് പ്രവേശിക്കാനുള്ള തയ്യാറെടുപ്പല്ലെന്നോർമ്മിക്കണം. അതു വിവാഹജീവിതത്തിനുള്ള ഒരു ഒരുക്കമാണു്. ഒരു പച്ചപ്പരമാർത്ഥമാണു് ഞാൻ ഇപ്പറയുന്നതു്. സന്തോഷകരമായ ഒരു വിവാഹജീവിതം നയിച്ചു കുടുംബസൌഭാഗ്യം കൈവരുത്തുന്നതിനു ചെറുപ്പക്കാരെ സഹായിക്കുകയാണു് ഗൃഹശാസ്ത്രത്തിന്റെ ഉദ്ദേശ്യം.

കുടുംബസന്തോഷം

ഒരു പെൺകുട്ടി ആദ്യമായി പഠിക്കേണ്ടതു് അവളുടെ ഭർത്താവിനെ എങ്ങിനെ സന്തോഷചിത്തനാക്കാം, അവളുടെ കുട്ടികളെ എങ്ങിനെ സന്തോഷഭരിതരാക്കാം എന്നാണു്. ഇപ്പോഴത്തെ കോളേജ്പെൺകുട്ടികളിൽ ഭൂരിപക്ഷവും ക്ഷിപ്രകോപികളാണു്. അത്യധികമായ ക്ലേശം, പരീക്ഷപാസ്സാകാൻവേണ്ടി വളരെയധികം വായിക്കുകയും മററും ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന ക്ലേശമാണു് ഈ ക്ഷിപ്രകോപത്തിനു പ്രധാനകാരണം. പക്ഷെ ഈ പരീക്ഷാജീവിതത്തേക്കാൾ ക്ലേശംനിറഞ്ഞതാണു് വിവാഹജീവിതമെന്നു പെൺകുട്ടികൾക്കു ഒരു മുന്നറിയിപ്പു തരാൻ ഞാനാഗ്രഹിക്കുന്നു. നിങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കാനും സത്യം പറയാനും നിങ്ങൾ അറിഞ്ഞിരിക്കണം. നിങ്ങൾ സ്നേഹിക്കുന്ന ഒരാളോടു സത്യം പറയുമ്പോൾ, അതു നിങ്ങൾ സ്നേഹിക്കുന്ന ഒരാളെപ്പററിക്കൂടിയാണെങ്കിൽ, ആ സത്യവും സൌഹാർദ്ദത്തിൽ പൊതിഞ്ഞിരിക്കേണ്ടതാണു്. കായക്ലേശവിവശരായ ഭാര്യാഭർത്താക്കന്മാർ പരസ്പരം കോപിക്കാറുണ്ടു്. ദമ്പതിമാർക്കു പരസ്പരമുള്ള കൂറുകൊണ്ടു ഭാര്യക്കു ഭർത്താവിന്റെയും ഭർത്താവിനു ഭാര്യയുടേയും കോപത്തെ സഹിക്കാൻ ശക്തിനൽകിയേക്കാം. എന്നാൽ തീർച്ചയായും അതു സന്തോഷമോ കുടുംബസൌഭാഗ്യമോ കൈവരുത്തുകയില്ലതന്നെ. നാലടിഉയരമുള്ള ഒരു മേശയുണ്ടെങ്കിൽ വസ്ത്രങ്ങൾ ഇസ്തിരിക്കിട്ടു ശരിയാക്കാൻ അവർക്കു സാധിക്കും. എന്നാൽ ഭർത്താവിന്റെ മുഖത്തെ ചുളിവുകൾ ഇസ്തിരിക്കിടാൻ സാദ്ധ്യമല്ല. അതിനും ഭക്തിയും ആത്മനിയന്ത്രണവുമാണാവശ്യമായിട്ടുള്ളതു്. ഇതെല്ലാമാണു് ഗൃഹശാസ്ത്രം. ഇതെല്ലാം ഗൃഹശാസ്ത്രത്തിന്റെ പഠിപ്പിക്കാൻവിഷമമായ വശങ്ങളാണു്. സാമാന്യജ്ഞാനത്തെ പൂർത്തിയാക്കേണ്ടതാണു് ഗൃഹശാസ്ത്രം. അവർ ആത്മനിയന്ത്രണവും, ദയയും, സ്നേഹവും അതുപോലെയുള്ള അനവധി മഹത്തായ സ്വഭാവവിശേഷങ്ങളും സാഹിത്യത്തിൽനിന്നും കവിതയിൽനിന്നും അവർ പഠിക്കേണ്ടതാണു്. അതുകൊണ്ടു, അവർ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഗൃഹശാസ്ത്രം ഗൃഹശാസ്ത്രത്തിന്റെ പൂർത്തീകരണമാകുന്നില്ല.

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
[illegible]
പാലസ് റോഡ്, ആലപ്പുഴ

ഴിലാളി വിചാരിച്ചാൽ അതു് ക്ഷിപ്രസാധ്യമല്ല. കുടുംബകലഹം—അഥവാ—ഭാര്യ അന്യ പുരുഷനുമായി സ്നേഹബന്ധത്തിലാണെന്നോ—ഭർത്താവു് അന്യ സ്ത്രീയുമായി സിനിമാ കാണാൻ പോയി എന്നോ—മറ്റോ ഉള്ള കാരണങ്ങൾ ഒരു വിവാഹമോചനത്തിനുള്ള ന്യായമായ കാരണമായി റഷ്യൻ അധികാരികൾ കണക്കാക്കിയിട്ടില്ല. അന്യ പുരുഷനുമായുള്ള ബന്ധത്തിൽ, ഭാര്യക്കു് ഒരു കുട്ടി ജനിച്ചാൽതന്നെയും ആ ഭാര്യയെ ഉപേക്ഷിക്കാൻ ഭർത്താവിനു് വേറെ കാരണങ്ങൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. പുരുഷന്മാർക്കുള്ള വിഷമതകൾ എല്ലാം ഈ കാര്യത്തിൽ സ്ത്രീകൾക്കുമുണ്ടു്.

ഇതിന്റെ രഹസ്യം സോവിയററധികാരികൾ പൊതുവേ വിവാഹ മോചനത്തിനെതിരാണെന്നതാണു്. നിസ്സാരകാരണങ്ങൾക്കു വിവാഹമോചനം നേടുന്നരീതി പിന്തിരിപ്പൻനയമാണെന്നും വ്യക്തികളുടെ സ്വാതന്ത്ര്യം ദുസ്സ്വാതന്ത്ര്യമായി തന്മൂലം മാറുകയാണെന്നും വിപ്ളവാത്മകമായ ഒരു രാഷ്ട്രത്തിനു് അത്തരം വ്യക്തിസ്വാതന്ത്ര്യങ്ങൾ അനുവദിച്ചുകൊടുക്കുക സാധ്യമല്ലെന്നുമാണു് അവരുടെ ന്യായവാദം. കുടുംബസംവിധാനത്തിൽ സോവ്യററുറഷ്യയുടെ ഈ വാദം യാഥാസ്ഥികത്വത്തിൽ നിന്നാണോ എന്നുപോലും അതിന്റെ പുറംപൂച്ചു കാണുമ്പോൾ സംശയിച്ചുപോകും. അത്രകണ്ടു് വിഷമമാണു് അവിടെ ഒരു സാധാരണക്കാരനു് വിവാഹമോചനം ലഭിക്കുന്നതിനു്.

ഗവർമ്മെൻറു് അധീനതയിലുള്ള പത്രങ്ങൾ, റേഡിയോ, സിനിമ ഇതുകൾ മുൻപറഞ്ഞ ആശയത്തെ ഉറപ്പിക്കുന്ന രീതിയിലാണു് അവയുടെ പരിപാടികൾ രൂപീകരിച്ചിരിക്കുന്നതു്. ഭദ്രമായ കുടുംബസംവിധാനം ഗവർമ്മെൻറിന്റെ പ്രധാന പരിപാടിയുമാണു്. സ്ത്രീ പുരുഷന്മാർ ഒരുമിച്ചു താമസിക്കുകയും അതേസമയം അവർ വിവാഹം രജിസ്റ്റർചെയ്യാതിരിക്കയും ചെയ്താൽ അവർക്കു് ചില അവകാശങ്ങൾപോലും നഷ്ടപ്പെടുന്നതാണു്. റഷ്യയിൽ വ്യഭിചാരം നിയമംമൂലം നിരോധിച്ചിരിക്കയാണു്. ലൈംഗികവികാരങ്ങളുളവാക്കുന്ന തരത്തിലുള്ള ഡാൻസുകളും മററും സിനിമയിൽപോലും കാണുകയില്ല.

ഒരു തിരുത്തു്


Pantalayani Weavers Co-operative P&S Society Ltd -ൻെറ പരസ്യം അരുണയുടെ ഈ ലക്കത്തിൽ പത്താമത്തെ പേജിൽ ചേർത്തിട്ടുള്ളതിൽ Calcuta എന്നുള്ളതു Calicut എന്നു തിരുത്തിവായിക്കേണ്ടതാണു്.

വിവാഹബന്ധം അഭംഗം പുലർന്നുപോകണമെന്നു് സോവ്യററധികൃതർ ആഗ്രഹിക്കുന്നതിന്റെ രഹസ്യം കുഞ്ഞുങ്ങളുടെ നന്മയാണു്. കുടുംബം ഛിദ്രിച്ചു് മാതാവും പിതാവും വേർപെട്ടു് ജീവിച്ചാൽ കുഞ്ഞുങ്ങൾ നിരാശ്രയരായി പോവുകയും— മാതാപിതാക്കളുടെ പെരുമാററം കുഞ്ഞുങ്ങൾക്കു് ഒരു ദുഷിച്ച പാരമ്പര്യം വരുത്തിവയ്ക്കുകയും ചെയ്യുമെന്നുള്ള ഭയമാണു് സന്മാർഗ്ഗികതത്വങ്ങളിൽ ഇത്ര വിശാലമായ ഒരു മാനദണ്ഡം പാലിക്കുവാൻ സോവ്യററു് മേധാവികൾ വെമ്പൽകൊള്ളുന്നതു്.

കുഞ്ഞുങ്ങൾ ഭാവിപൗരന്മാരാണല്ലോ. അവരെ മാനസികമായും ശാരീരികമായും ആരോഗ്യകരമായ പരിതസ്ഥിതികളിൽ വളർത്തേണ്ടതു് രാജ്യനന്മയ്ക്കു് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്. 1936— ലേയും—1944—ലേയും നിയമങ്ങൾമൂലമാണു് റഷ്യ കുടുംബസംവിധാനത്തിൽ ഇത്ര ഉറച്ച നിലപാടു് സ്വീകരിച്ചതും വിവാഹമോചനം സാധാരണരീത്യാ ദുഷ്കരമാക്കിത്തീർത്തതും.

1936—വരെ.

1936—വരെ റഷ്യയിൽ വിവാഹമോചനം അത്ര ശ്രമവഹമായിരുന്നില്ല. മോചനം ലഭിക്കണമെന്നു് ആഗ്രഹിക്കുന്ന വ്യക്തി അടുത്തുള്ള രജിസ്ട്രാരുടെ ആഫീസിൽചെന്നു് ആവശ്യപ്പെട്ടാൽ ഉടൻ വിവാഹമോചനസർട്ടിഫിക്കററു ലഭിക്കുന്നതാണു്. ഭർത്താവു വിവാഹമോചനം നേടിയ വാർത്ത ഭാര്യ അറിയുന്നതു് ഭർത്താവു വീട്ടിൽ വന്നു് വിവരം പറയുമ്പോൾ മാത്രമാണു്. വിവാഹമോചനാനന്തരം ഭാര്യയും ഭർത്താവും തമ്മിൽ കണ്ടുമുട്ടുന്നതിനു ഇഷ്ടപ്പെടുന്നില്ലെങ്കിൽ ഇരുകൂട്ടരും രജിസ്ട്രാരുടെ അടുക്കൽചെന്നു് വിവാഹമോചനം നേടണമെന്നും നിബന്ധനയുണ്ടായിരുന്നു. തന്മൂലം വിവാഹമോചനം കണക്കിലധികം വർദ്ധിച്ചു. അവധിയിൽ വരുന്ന പട്ടാളക്കാർ



പോലും വിവാഹമോചനം നേടിത്തുടങ്ങി. സോവിയററധികാരികളെ ഈ പ്രശ്നം കണ്ണു തുറപ്പിച്ചു. വർദ്ധിച്ചുവരുന്ന ഈ വിവാഹമോചനപ്രശ്നങ്ങൾക്കു ഒരു വിരാമമിടുന്നതിനവർ ശ്രമിച്ചു. 1944—ൽ ഒരു പുതിയ നിയമം നടപ്പിലാക്കി. അതനുസരിച്ചു വിവാഹമോചനം നേടുന്നതിനുള്ള എല്ലാ അപേക്ഷകളും മേലിൽ ജനകീയ കോടതിയിൽ കൊണ്ടുവരണമെന്നും അവിടെവെച്ച് ആദ്യനടപടിയായി ഉഭയകക്ഷികളെയും രമ്യപ്പെടുത്തുന്നതിനു ശ്രമിക്കുന്നതാണെന്നും വിവക്ഷിച്ചിരുന്നു. ജനകീയ കോടതിക്കു അവരെ രമ്യപ്പെടുത്താൻ സാധിക്കുന്നില്ലെങ്കിൽ അങ്ങനെയുള്ള അപേക്ഷകൾ മേൽക്കോടതിയിലേക്കയയ്ക്കണമെന്നും അവിടെ നിയമാനുസൃതമായ നടപടികൾക്കുശേഷം അനുവദിക്കേണ്ടതാണെന്നുമാണു ചുരുക്കം. അതിനുള്ള നടപടികൾ താഴെ വിവരിക്കുന്നവയാണ്. 'ജനകീയ' കോടതി അപേക്ഷ സ്വീകരിക്കുന്നതിനു മുൻപേതന്നെ വിവാഹമോചനത്തിനുള്ള കാരണങ്ങൾ വിശദീകരിക്കുന്ന ഒരു പരസ്യം ഒരു സോവ്യയററു പത്രത്തിൽ പ്രസിദ്ധപ്പെടുത്തണം. മോസ്കോയിൽതന്നെ രണ്ടു വർത്തമാനപത്രങ്ങൾ മാത്രമേ ഇപ്രകാരമുള്ള വാർത്തകൾ സ്വീകരിക്കുന്നുള്ളു. ആ പത്രങ്ങളിൽ പരസ്യം ചെയ്തുകിട്ടുന്നതിനു അധികനാളുകൾ കാത്തിരിക്കണമെന്നുള്ളതു സാധാരണയാണ്. ഇതിനിടയ്ക്കു വിവാദകാരണങ്ങൾ ആറിത്തണുത്തുപോകയും ഇരുവരും പ്രായേണ രമ്യപ്പെടുകയും സ്വാഭാവികമാണ്. ജനകീയകോടതിയിൽ അപേക്ഷ എടുക്കുന്ന തീയതിയും മററും പരസ്യത്തിൽനിന്നും മനസ്സിലാക്കി ആ പരസ്യഭാഗം മുറിച്ചെടുത്തുകൊണ്ടുവേണം നിശ്ചിത ദിവസം കോടതിയിൽ ഹാജരാകാൻ;

1944—ലെ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി ആദ്യത്തെ 16 മാസത്തെ വിവാഹമോചനക്കേസുകൾ മൂന്നിലൊന്നായി കുറഞ്ഞുപോയി എന്ന് സോവിയററു റിപ്പോർട്ടർ സമ്മതിച്ചിട്ടുണ്ട്. സോവിയററധികൃതരുടെ ഉദ്ദേശ്യവും അതുതന്നെയായിരുന്നുവല്ലോ.

ഇതിനൊക്കെയുള്ള ചെലവാണെങ്കിൽ അതും സാധുക്കൾക്കു താങ്ങാൻ കെല്പില്ല. സോവിയററു ജനകീയ കോടതിയിലേക്കുള്ള ആദ്യാപേക്ഷയ്ക്കു 100 റൂബിസ്. (116 രൂ.) വിവാഹമോചനത്തിനനുവദിച്ചെങ്കിൽ അതിനുള്ള ചെലവ് വ്യക്തിയുടെ സാമ്പത്തികസ്ഥിതിയനുസരിച്ചു 500 മുതൽ 2000 വരെ റൂബിസ് ആയിരിക്കും. ഇപ്രകാരം റഷ്യയിൽ വിവാഹമോചനത്തിനുള്ള കുറഞ്ഞ ചിലവു 600 റൂബീസ് അഥവാ 700 രൂപായാണെന്നു കാണാം. കൂടിയ ചിലവു 2100 റൂബീസ് അതായതു് 2700 രൂപയെന്നും കാണാം.

ഈ നിയമങ്ങൾ ധനവാന്മാർക്കനുകൂലമാണെന്ന് പ്രഥമദൃഷ്ടിയിൽതന്നെ സ്പഷ്ടമാണ്. 600 റൂബീസ് താണശമ്പളക്കാരന്റെ ഒരു മാസത്തെ വരുമാനത്തിൽ കവിഞ്ഞതാണ്. നേരെമറിച്ച് ഒരു ഒന്നാംതരം സംഗീതവിദ്വാന്റെയോ ശാസ്ത്രജ്ഞന്റെയോ ശമ്പളം 3000 റൂബിയോ അതിലധികമോ ആണ്.

മേൽക്കോടതി വിവാഹമോചനമനുവദിച്ചെങ്കിൽ ഭർത്താവിന്റെ ആദായത്തിന്റെ 25% ഇടാക്കുന്നതുമാണ്. ഈ തുക പ്രസ്തുത വ്യക്തി ജോലിചെയ്യുന്ന സ്ഥാപനം മുഖേന അയാളുടെ ശമ്പളത്തിൽനിന്നു ഈടാക്കുന്നതുമാണ്.

ക്ഷമിച്ചും സഹിച്ചും 'കണ്ണടച്ചും' വിട്ടുവീഴ്ചചെയ്തു ഭാര്യാഭർത്താക്കന്മാർ ജീവിക്കണമെന്നതാണ് പുതിയ റഷ്യൻ തത്വമീമാംസ.

വ്യക്തിസ്വാതന്ത്ര്യം രാഷ്ട്രനന്മയ്ക്കുവേണ്ടി ബലികഴിക്കണമെന്നുള്ളതിന്റെ മകുടോദാഹരണമാണ് റഷ്യയിലെ കുടുംബസംവിധാനപദ്ധതിയും വിവാഹ ജീവിതവും. (കെ. ജി. തിരുവല്ല.)

കടംകഥകൾ

(വി. പ്രഭാകരൻ, കല്ലായ് അയച്ചുതന്ന കടംകഥകളാണ് ഇവിടെ ചേർക്കുന്നതു്)

1. അങ്ങേലമ്മയ്ക്കും ഇങ്ങേലമ്മയ്ക്കുംകൂടി ഒററതലയണ
2. ജഡജഡാ കൊമ്പത്തു് ഒരു കുടം ചോര
3. കുട്ടിപലകമേൽ കുട്ടിക്കിരിക്കാൻവയ്യ
4. ഇല്ലിഗിരിഗിരി ഇല്ലിഗിരി ഗിരി ഇല്ലിമേൽ ആയിരം പല്ലിമുട്ട
5. കയ്യുണ്ടു് മെയ്യുണ്ടു് കുറുക്കനു തിന്നാൻ മാംസമില്ല.
6. ശാശീശമ്പകട
7. നിലം കീറിപ്പൊന്നെടുത്തു.

ഉത്തരങ്ങൾ

1. പാടത്തെ വരമ്പ്
2. ചെമ്പരത്തി
3. രൂപ
4. നെല്ലിക്ക
5. ഷർട്ട്
6. വറുത്തിടുക
7. മഞ്ഞൾ

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
A.S.S.
വാങ്ങുവിൻ
പാലസ്റോഡ്, ആലപ്പുഴ

കുട്ടികളുടെ കഥ

ഫയർമാന്റെ മകൾ

സി. കെ. സീതാലക്ഷ്മി, കോഴിക്കോട്
അരുണബാലമണ്ഡലം

കുറെ കുട്ടികൾ അവരുടെ ക്ലാസ്സുകളിലിരുന്നു പഠിക്കുകയായിരുന്നു. ആ ക്ലാസ്സ് ഒരു മാളികയുടെ മുകളിലാണ്. അവരുടെ ആ മുറിയിലേക്കുള്ള കോണി വളരെ ഇടുങ്ങിയതും ഉയരമുള്ളതുമായിരുന്നു.

“അയ്യോ....തീ, തീ....” ഒരു വലിയ നിലവിളി എങ്ങും കേൾക്കാറായി. ആ കോണിയുടെ വാതിൽക്കൽ അരക്ഷണത്തിനുള്ളിൽ തിക്കും തിരക്കുമായി. അവർ ആ തീയ്യിൽനിന്നു രക്ഷ പ്രാപിക്കാൻ വെമ്പുകയാണ്. എല്ലാവരുടെയും രക്ഷപ്പെടാനുള്ള ആ സമരത്തിൽ ആ ഇടുങ്ങിയ വഴിതന്നെ മുട്ടിപ്പോയി. ആ ഭയങ്കരമായ തിരക്കിൽ വളരെപ്പേർക്കു പരുക്കേറ്റു. മറ്റു ചിലർ തിങ്ങി ചതഞ്ഞു നിലംപതിച്ചു. മറ്റു ചിലർ ശ്വാസംമുട്ടി ബോധരഹിതരായി. കുറെപ്പേർ അവരെ ചവിട്ടിച്ചതച്ചു. അതൊരു അതിഭയങ്കരമായ കാഴ്ചതന്നെയായിരുന്നു. പക്ഷേ മറ്റു പലരുടെയും ശ്രമഫലമായി തീയ്യ് അല്പനേരത്തിനുള്ളിൽ, ആകെ ശമിച്ചു. എങ്കിലും കുട്ടികൾ വാതിൽക്കൽ ബഹളം കൂട്ടിക്കൊണ്ടിരുന്നു. എന്നാൽ ഒരു പെൺകുട്ടിമാത്രം അവളുടെ സ്ഥാനത്തുനിന്നു ഇളകിയില്ല. പേടിച്ചും വ്യസനിച്ചും അവൾ അനങ്ങാതെ അവളുടെ സ്ഥാനത്തു തന്നെയിരുന്നു. അങ്ങനെ ആപൽക്കരമായ ആ അവസ്ഥകളെല്ലാം കഴിഞ്ഞ ശേഷം ഗൃഹനാഥൻ ആശ്ചര്യത്തോടേ ആ പെൺകുട്ടിയെ വിളിച്ചു നീ എന്താണ് ഈ അപായഘട്ടത്തിലും ക്ലാസ്സിൽതന്നെയിരുന്നതു്?’ എന്നു ചോദിച്ചു.

അവൾ പറഞ്ഞു:—“എന്റെ അച്ഛൻ ഒരു ഫയർമാൻ ആകുന്നു. അച്ഛൻ ഒരു കാര്യം എന്നെ പ്രത്യേകം ചില സന്ദർഭങ്ങളിലൊക്കെ ഓർമ്മപ്പെടുത്താറുണ്ട്. ഇങ്ങനെ എപ്പോഴെങ്കിലും വല്ല അപകടശബ്ദവും കേട്ടിട്ടുണ്ടെങ്കിൽ ഒരിക്കലും പെട്ടെന്നു ഭ്രമിച്ചു ഓടരുതെന്ന്. ഭ്രമിച്ച്, തിക്കും തിരക്കുമുണ്ടാക്കി, ഭയന്നു ഓടുന്നതിലും എത്രയോ നല്ലതു് സമാധാനത്തോടേ ഒഴിഞ്ഞു പോവുകയാണ്; അല്ലെങ്കിൽ തിരക്കൊഴിയുന്നതുവരെ കാത്തിരിക്കുകയാണ്: ഇതാണ് അച്ഛൻ നൽകിയിട്ടുള്ള ഉപദേശം. ഞാൻ അച്ഛൻ പറഞ്ഞതു അനുസരിച്ചെന്നേയുള്ളു.”

നാം എല്ലാവരും ഈ ഫയർമാന്റെ മകളുടെ വാക്കു അറിഞ്ഞിരിക്കണം. ആ ഇടുങ്ങിയ വാതിൽക്കൽ തിക്കും തിരക്കും, ബോധക്ഷയവും ഉണ്ടായതിന്റെ കാരണമെന്താണ്? വെറും ഭ്രമം, തിരക്ക്. അതിൽനിന്നു രക്ഷനേടുന്നതിനു ഒരു മാതൃകയാണ് ഫയർമാന്റെ മകൾ.

അന്നപൂർണ്ണ

മിസ്സ് അന്നപൂർണ്ണയുടെ നൃത്തവിലാസങ്ങൾ പ്രസ്പഷ്ടമാകുന്ന ചിത്രങ്ങളാണ് “നൃത്തകലയ്ക്കു കേരളത്തിന്റെ സംഭാവന” എന്ന ലേഖനത്തോടൊപ്പം ചേർത്തിരിക്കുന്നതു്. ശ്രീ മഞ്ചേരി രാമയ്യരുടെ ദൗഹിത്രിയും ശ്രീ ഗോപാലകൃഷ്ണയ്യർ ശ്രീമതി മഞ്ചേരി കമലം എന്നിവരുടെ പുത്രിയുമാണു മിസ്സ് അന്നപൂർണ്ണ.


നമ്പിശൻസ്
ദ്രാക്ഷാമൃതം
നമ്പീശൻസ്
ദേശീയവൈദ്യശാല
ചാലപ്പുറം, കോഴിക്കോട്
(മാങ്കാവിൽ ഒരു ബ്രാഞ്ച് ആരംഭിച്ചിട്ടുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.)

A.S.S.

ഒരു ഭാര്യയുടെ കുററസമ്മതം

മോപ്പസാങ്ങ്

സുഹൃത്തേ, എന്റെ ജീവിതത്തിലെ ഏററവും സജീവമായ ഓർമ്മകൾ പറഞ്ഞുതരാനാണ് നിങ്ങൾ എന്നോടാവശ്യപ്പെടുന്നത്. എനിക്കു വളരെ വയസ്സായി ബന്ധുക്കളില്ല, കുട്ടികളുമില്ല. അതുകൊണ്ട്, എല്ലാം നിങ്ങളോടു തുറന്നുപറയാൻ എനിക്കു സ്വാതന്ത്ര്യമുണ്ട്. പക്ഷെ, ഒരു കാര്യം നിങ്ങൾ എന്നോടു വാഗ്ദാനം ചെയ്യണം—എന്റെ പേർ ആരോടും വെളിപ്പെടുത്തുകയില്ലെന്ന്.

നിങ്ങൾക്കറിയാം ഞാൻ വളരെയേറെ പ്രേമിക്കപ്പെട്ടിട്ടുള്ളവളാണ്, ഞാൻ തന്നെ പലപ്പോഴും അങ്ങോട്ടുകടന്ന് പ്രേമിച്ചിട്ടുമുണ്ട്. ഞാൻ വളരെ സുന്ദരിയായിരുന്നു. എന്റെ സൌന്ദര്യം മുഴുവൻ പോയ്ക്കഴിഞ്ഞിട്ടുള്ള ഇന്ന് എനിക്കതു പറയാം. പ്രേമം എന്നത് ആത്മാവിന്റെ ജീവനായിട്ടാണ് എനിക്കനുഭവപ്പെട്ടത്. വായു ശരീരത്തിന്റെ ജീവനായിരിക്കുന്നതുപോലെ സ്നേഹമില്ലാതെ, എപ്പോഴും എന്നെപ്പററി ശ്രദ്ധിച്ചുകൊണ്ടിരിക്കാൻ ആരെങ്കിലുമില്ലാതെ ജീവിക്കുന്നതിനേക്കാൾ മരിക്കുന്നതിനായിരുന്നു എനിക്കു കൂടുതൽ ഇഷ്ടം. സ്ത്രീകൾ ഒരിക്കൽ മാത്രമേ തങ്ങളുടെ ഹൃദയത്തിന്റെ മുഴുവൻ ശക്തിയും ഉപയോഗിച്ചു സ്നേഹിക്കുകയുള്ളു എന്നു പലപ്പോഴും ഭാവിക്കാറുണ്ട്. അങ്ങിനെയുള്ള ആ സ്നേഹം എത്രകണ്ടു ശക്തിമത്താണെന്നോ! ഒരവസരത്തിൽ എനിക്കുണ്ടായ ഒരു പ്രേമബന്ധത്തിൽ എന്റെ വികാരാവേശം ഒരിക്കലും അവസാനിക്കുകയില്ലെന്നുതന്നെ തോന്നിപ്പോയിരുന്നു. എന്നിരുന്നാലും, സ്വാഭാവികരീതിയിൽ അവ ക്രമേണ അസ്തംഗതമാവുന്നു; വിറകവസാനിച്ച തീപോലെ.

എന്റെ ഒന്നാമത്തെ സാഹസാനുഭവത്തെപ്പററി പറയാം. അതിൽ ഞാൻ നിഷ്കളങ്കയായിരുന്നു. പക്ഷെ അതാണ് മററുള്ളവയിലേയ്ക്കെന്നെ നയിച്ചതു്. പെക്കിലെ ആ ഭയങ്കരനായ രസതന്ത്രജ്ഞന്റെ കഠിനമായ പ്രതികാരത്തെപ്പററി കേട്ടപ്പോൾ, ഞാൻ നേരിട്ടുകണ്ട ആ ഞെട്ടിപ്പിക്കുന്ന നാടകീയരംഗം എനിക്കോർമ്മവരികയാണ്.

കോംടേ ഹെർവേ ഡികെർ എന്ന ഒരു ധനികനെ ഞാൻ വിവാഹം കഴിച്ചിട്ട് ഒരു കൊല്ലമേ ആയിരുന്നുള്ളു. അയാളെ ഞാൻ സ്നേഹിച്ചിരുന്നില്ലെന്ന് നിങ്ങൾക്കറിയാം. യഥാർത്ഥസ്നേഹത്തിന് എങ്ങിനെയായാലും, ഒരേസമയം സ്വാതന്ത്ര്യവും തടസ്സങ്ങളും ഉണ്ടായിരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. വെച്ചുകെട്ടിയ സ്നേഹം, നിയമം അനുവദിക്കുകയും പുരോഹിതൻ അനുഗ്രഹിക്കുകയും ചെയ്ത സ്നേഹം—അതിനെ സ്നേഹമെന്നു വിളിക്കാമോ? നിയമസമ്മതിയോടുകൂടിയ ഒരു ചുംബനം ഒരിക്കലും കട്ടെടുക്കുന്ന ഒരു ചുംബനത്തെപ്പോലെ മധുരമായിരിക്കയില്ല. എന്റെ ഭർത്താവ് കിളരംകൂടിയ ആളും സുന്ദരനും മാന്യതയുള്ള പ്രകൃതക്കാരനും ആയിരുന്നു. പക്ഷെ അയാൾക്കു ബുദ്ധിശക്തി കുറവായിരുന്നു. വെട്ടിത്തുറന്ന നിലയിലാണയാൾ സംസാരിക്കുക, അയാളുടെ അഭിപ്രായങ്ങൾ പേനക്കത്തിയുടെ അലകുപോലെ അറുത്തുമുറിച്ച സമ്പ്രദായത്തിലുള്ളതായിരുന്നു. അയാളുടെ മനസ്സുനിറയെ, അച്ഛനമ്മമാർ പകർന്നുകൊടുത്ത, "റെഡിമെയ്ഡ്" അഭിപ്രായങ്ങളുണ്ടെന്നാണ് ഒരാൾക്കു തോന്നുക. അച്ഛനമ്മമാർക്കാകട്ടെ, അതു് അവരുടെയും പുരാതനന്മാരിൽനിന്നു കിട്ടിയതുമായിരിക്കും. ഒരു മടിയുംകൂടാതെ, ഏതു വിഷയത്തെക്കുറിച്ചായാലും, തന്റെ സംകുചിതാഭിപ്രായങ്ങൾ അയാൾ പുറപ്പെടുവിക്കും. ഒരു പരിഭ്രമവുമുണ്ടാവില്ല, കാര്യങ്ങളെ തന്റേതിൽനിന്നു വിഭിന്നമായ മാർഗ്ഗത്തിലൂടെയും സമീപിക്കാം എന്നയാൾക്കു ബോധമുണ്ടാവില്ല. അയാളുടെ തല അടഞ്ഞുകിടക്കുകയാണെന്നാണ് ഒരാൾക്കു തോന്നുക. അതിനകത്തേയ്ക്കു തുറന്നുകിടക്കുന്ന ജനലിലൂടെ വീട്ടിനകത്തേക്കു ശുദ്ധവായു കടന്നുചെല്ലുന്നതുപോലെ, ഒരാശയവും, മനുഷ്യമനസ്സിനെ നവീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരാശയവും കടന്നുചെല്ലുകയില്ലെന്നാണ് തോന്നുക.

ഞങ്ങൾ താമസിക്കുന്ന കെട്ടിടം ആൾപ്പാർപ്പു കുറഞ്ഞ ഒരു നാട്ടിൻപുറത്തായിരുന്നു സ്ഥിതിചെയ്തിരുന്നത്. ചുററുപാടും കൂററൻ മരങ്ങളോടുകൂടിയ, വലിയ, വിഷാദമൂകമായ ഒരു കെട്ടിടമായിരുന്നു അതു്. കിഴവന്മാരുടെ വെളുത്ത താടിമീശകൾപോലെ അനസ്യങ്ങൾ അതിന്മേൽ മുററിനിന്നിരുന്നു. ശരിക്കൊരു കാട്ടു

The Pantalayini Weavers Co-operative P & S Society Ltd.
QUILANDY, N. MALABAR.

പന്തലായിനി നെയ്ത്തുകാരുടെ പരസ്പരസഹായസംഘം ക്ലിപ്തം.
കൊയിലാണ്ടി.

ഈടു്, ഭംഗി, മിതമായ വില ഇവയ്ക്കു ശ്രുതിപ്പെട്ട പന്തലായിനി നെയ്ത്തുകാരുടെ കൈത്തറിചരക്കുകൾ പന്തലായിനി, കൊല്ലം, ചേമഞ്ചേരി, അത്തോളി, നടക്കാവു്, കോഴിക്കോട്ടു്, പാളയം റോഡു്, കല്ലാറ, കുറ്റ്യാടി എന്നീ സ്ഥലങ്ങളിലുള്ള സംഘം ഡിപ്പോകളിൽ കിട്ടുന്നതാണു്.

കൂടാതെ ഞങ്ങളുടെ ഏജൻറന്മാർ M/s. പി. കെ ചാത്തുക്കുട്ടി, തുണിക്കച്ചവടം, ബാലുശ്ശേരി, ശ്രീനിവാസ്സ്റ്റോർസ്, തിരൂർ. കെ. കണ്ണൻ നായർ, ചെറുകുന്നു.

Malabar Wholesale Co-operative Stores-Calcuta,
Nilambur P. C. C. Society.

കെ. കെ. കൃഷ്ണൻ, സെക്രട്ടറി.

പോലെതന്നെയുള്ള തോട്ട അഴമുള്ള ഒരു കിടങ്ങിനാൽ വലയിതമായിരുന്നു. അതിന്റെ അങ്ങേ അറ്റത്തു് തനിശയായി കിടക്കുന്ന പാഴ്പ്പറമ്പുകൾക്കു സമീപത്തു്, നിറയെ പുള്ളിച്ചെടികളും പൊന്തിക്കിടക്കുന്ന പുല്ലുകളും നിറഞ്ഞ കുളങ്ങളും ഉണ്ടായിരുന്നു. ഇവയ്ക്കിടയിൽ, ഇവയെ ബന്ധിപ്പിക്കുന്ന ചെറുപുഴയുടെ വക്കിൽ എന്റെ ഭർത്താവു് കാട്ടുതാറാവുകളെ വെടിവെയ്ക്കുന്നതിനായി ഒരു കൊച്ചു കുടിലും നിർമ്മിച്ചിട്ടുണ്ടായിരുന്നു.

സാധാരണപോലെയുള്ള വീട്ടുജോലിക്കാർക്കു പുറമെ ഞങ്ങൾക്കു് ഒരു കാവൽക്കാരനും, ഒരു വേലക്കാരിപ്പെൺകിടാവും ഉണ്ടായിരുന്നു. കാവൽക്കാരൻ, എന്റെ ഭർത്താവിനെ ഉപചരിക്കാൻ സ്വയം ഉഴിഞ്ഞിട്ട ഒരു മൃഗമായിരുന്നു. വേലക്കാരിപ്പെൺകുട്ടിയാകട്ടെ ഒരു സ്നേഹിതയെപ്പോലെ എന്നോടു് അധികം ഒട്ടിച്ചേർന്നു. അഞ്ചുകൊല്ലം മുമ്പു് ഞാൻ സ്റ്റെയ്റ്റിൽനിന്നുകൂടെ കൊണ്ടുവന്നവളായിരുന്നു അവൾ. അവൾ ഒരനാഥക്കുട്ടിയായിരുന്നു. കറുത്ത തൊലിയും, ഇരുണ്ട കണ്ണുകളും' എപ്പോഴും നെറ്റിയിൽ തൂങ്ങികിടക്കുന്ന കാട്ടുപിടിച്ച മുടിയും ഉള്ള അവൾ ഒരു ജിപ്സിപ്പെൺകുട്ടിയായി കണക്കാക്കപ്പെട്ടുമായിരുന്നു. പ്രകൃതസന്ദർഭത്തിൽ അവൾക്കു പതിനാറുവയസ്സു പ്രായമുണ്ടു്, പക്ഷെ കണ്ടാൽ ഇരുപതു് മതിയ്ക്കും.

ശരൽക്കാലം ആരംഭിക്കുന്നേയുള്ളൂ. ഞങ്ങൾ വളരെയധികം വേട്ടയാടി, ചിലപ്പോൾ അയൽപ്രദേശത്തുള്ള കാടുകളിൽ, ചിലപ്പോൾ ഞങ്ങളുടെ സ്വന്തംസ്ഥലത്തും. ഈ അവസരത്തിൽ ഒരു ചെറുപ്പക്കാരൻ സി—യിലെ ബാറൻ ഞങ്ങളുടെ ഗൃഹത്തിൽ കൂടെക്കൂടെ വന്നുകൊണ്ടിരുന്നു. പിന്നീട്ടു് അയാൾ വരാതെയായി, ഞാൻ അതിനെപ്പറ്റി കൂടുതൽ ആലോചിച്ചതുമില്ല. പക്ഷെ, എന്റെ ഭർത്താവിന്റെ എന്നോടുള്ള പെരുമാറ്റത്തിൽ വലിയ വ്യത്യാസം വന്നതായികണ്ടു.

അദ്ദേഹം നിശ്ശബ്ദനായും ജോലിത്തിരക്കുള്ള നിലയിലും കാണപ്പെട്ടു. അദ്ദേഹം എന്നെ ചുംബിച്ചില്ല. എന്റെ മുറിയിലേക്കു് അദ്ദേഹം വന്നതുമില്ല. ഒട്ടുനേരം തനിയെ കഴിച്ചുകൂട്ടുവാൻ സാധിക്കുന്നതിനുവേണ്ടി എനിക്കു വേറെ മുറിവേണമെന്നു ഞാൻ നിർബന്ധം വച്ചിരുന്നു. അദ്ദേഹം വരാതിരുന്നിട്ടുള്ള രാത്രി പലപ്പോഴും പതുങ്ങിക്കൊണ്ടുള്ള ഒരു കാലൊച്ച എന്റെ വാതിൽക്കലേയ്ക്കു വരുന്നതും ഏതാനും നിമിഷങ്ങൾക്കുശേഷം അകന്നുപോകുന്നതും ഞാൻ കേൾക്കാ

വുണ്ട്.

എന്റെ ജന്നൽവാതിൽ താഴത്തെ നിലയിലായിരുന്നതിനാൽ, വീട്ടിന്നു പുറവും ആരോ ശബ്ദമുണ്ടാക്കാതെ നടക്കുന്നതായും ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. ഇതിനെപ്പറ്റി ഞാൻ ഭർത്താവിനോടു പറഞ്ഞു. കാച്ചു നിമിഷങ്ങളോളം എന്റെ നേരെ സൂക്ഷിച്ചു നോക്കിയിട്ട് അദ്ദേഹം പറഞ്ഞു.

വട്ടാമ്പോയിൽ ചാത്തുക്കുട്ടി വൈദ്യരുടെ
ഉഷ്ണരോഗവിനാശനതൈലം
(ഏ. വി. ഓയൽ)
എല്ലാവിധ ഉഷ്ണരോഗങ്ങൾക്കും ഒരു സിദ്ധൌഷധം
വില 8 ഔൺസ് കുപ്പി ഒന്നക്ക് 3 ക. 4 ണ.
4 ഔൺസ് കുപ്പി ഒന്നക്ക് 1 ക. 12 ണ.
ചാത്തുക്കുട്ടി വൈദ്യരുടെ ധർമ്മാസ്പത്രി
ബ്രാഞ്ച് നമ്പർ 1. കോഴിക്കോട്ട്.

“അതു മറ്റൊന്നുമല്ല—കാവൽക്കാരനാണ്.”

ഒരു ദിവസം അത്താഴം കഴിഞ്ഞ ഉടനെ, അസാധാരണമാംവണ്ണം ആഹ്ലാദശാലിയായി കാണപ്പെട്ട ഹെർവേ എന്നോടു പറഞ്ഞു:

“നിനക്കിഷ്ടമാണോ, ഒരു മൂന്നു മണിക്കൂർനേരത്തേക്ക് തോക്കുമായി പുറത്തു പോരാൻ? എല്ലാ രാത്രിയും എന്റെ പിടക്കോഴികളെ പിടിച്ചുതിന്നാൻ വരാറുള്ള ഒരു കുറുക്കനെ വെടിവെയ്ക്കാനാണ്.”

ഞാൻ അത്ഭുതപ്പെട്ടു. ഞാൻ മടികാണിച്ചു. പക്ഷേ അദ്ദേഹം അപൂർവ്വമായ നിർബന്ധസ്വഭാവത്തോടെ തുറിച്ചുനോക്കുന്നതു കണ്ടപ്പോൾ ഞാൻ ഇങ്ങിനെ മറുപടി പറഞ്ഞു.

“തീർച്ചയായും, സ്നേഹിതാ.” ചെന്നായ്ക്കളേയും കാട്ടുപന്നികളേയും വെടിവെയ്ക്കാൻ പുരുഷന്മാരെപ്പോലെതന്നെയുള്ള സാമർത്ഥ്യം എനിക്കുണ്ടായിരുന്നു എന്ന് ഇവിടെ പറയേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഈ മൃഗയാവിനോദത്തിന് അദ്ദേഹം എന്നെ ക്ഷണിച്ചതു് കേവലം സ്വാഭാവികമായിരുന്നു.

എന്നാൽ, എന്റെ ഭർത്താവിന്, വൈകുന്നേരം മുഴുവൻ അത്ഭുതകരമാംവണ്ണം ഒരു ഞരമ്പുരോഗം പിടിപെട്ടതുപോലെ തോന്നിയിരുന്നു; സന്ധ്യാസമയം മുഴുവൻ അദ്ദേഹം അസ്വസ്ഥനായതുപോലെ കാണപ്പെട്ടു. ജ്വരബാധിതനെന്നപോലെ അദ്ദേഹം കൂടെക്കൂടെ എഴുന്നേറ്റു നടക്കുകയും കൂടെക്കൂടെ ഇരിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഏതാണ്ട് 10 മണിയായപ്പോൾ പെട്ടെന്നദ്ദേഹം എന്നോടു ചോദിച്ചു.

“നീ തയ്യാറായോ?”

ഞാൻ എഴുന്നേറ്റു; എന്റെ തോക്ക് അദ്ദേഹംതന്നെ എടുത്തുകൊണ്ടുവന്നപ്പോൾ ഞാൻ ചോദിച്ചു.

“നമ്മൾ ഇതിൽ ബുള്ളറ്റ് നിറയ്ക്കേണമോ, അല്ലാ, തിര നിറച്ചാൽ മതിയോ?”

അദ്ദേഹം അല്പം അത്ഭുതം പ്രകടിപ്പിച്ചു; എന്നിട്ടു പറഞ്ഞു:

“ഓ, തിര നിറച്ചാൽ മതി. മനസ്സ് സ്വസ്ഥമാക്കി വെച്ചോളൂ. അതു മതി”

കാച്ചു നിമിഷങ്ങൾക്കുശേഷം, ഒരു പ്രത്യേക സ്വരവിശേഷത്തോടെ അദ്ദേഹം തുടർന്നു:

“നിനക്കു തികച്ചും അക്ഷോഭ്യതയുണ്ടെന്നു വേണമെങ്കിൽ നടിച്ചുകൊള്ളൂ.”

ഞാൻ പൊട്ടിച്ചിരിച്ചു.

“എനിക്കോ? എന്തുകൊണ്ട്? ഒരു ക്രോഷ്ടാവിനെ കൊല്ലാൻ പോകുന്നു എന്നു വിചാരിച്ചുള്ള അക്ഷോഭ്യതയോ! നിങ്ങളെന്താണ് വിചാരിക്കുന്നതു് സ്നേഹിതാ?”

ഞങ്ങൾ ശാന്തമായി തോട്ടത്തിലൂടെ പോയി. വീട്ടിൽ എല്ലാവരും ഉറങ്ങിക്കഴിഞ്ഞിരുന്നു. ആ പഴയ, ഇരുൾ ബാധിച്ച കെട്ടിടത്തിന്മേൽ പൂർണ്ണചന്ദ്രൻ ഒരു മഞ്ഞനിറം പതിപ്പിച്ചിരുന്നു. അതിന്റെ സ്ലെയിറ്റ്നിറത്തിലുള്ള മേൽപ്പുര ശോഭയോടെ തിളങ്ങി. അതിന്റെ രണ്ടു ഭാഗത്തുമുള്ള രണ്ടു താഴികക്കുടങ്ങളിൽ വെളിച്ചത്തിന്റെ രണ്ടു പിണ്ഡങ്ങൾ കാണപ്പെട്ടു. തെളിഞ്ഞതും വിഷാദകരവുമായ, മധുരവും നിശ്ചലവുമായ, ഒരു മരണക്കെണിയിൽ പെട്ടതെന്നതുപോലെ തോന്നിക്കുന്ന ആ രാത്രിയുടെ നിശ്ശബ്ദത ഒരു ശബ്ദംകൊണ്ടു ഭഞ്ജിക്കപ്പെട്ടിരുന്നില്ല. കാറ്റു വീശുന്നില്ല; ഒരു തവളക്കുഞ്ഞുപോലും ‘പേക്രാം’ പാടുന്നില്ല; ഒരു കൂമന്റെ മൂളലുംകൂടിയില്ല. ദുഃഖാവൃതമായ ഒരു മൂകത എല്ലാറ്റിന്മേലും അമർന്നിരുന്നു. തോട്ടത്തിൽ മരങ്ങളുടെ ചുവട്ടിൽ നിന്നപ്പോൾ എനിക്ക് അല്പ

THE AARON SPINNING & WEAVING MILLS LTD.

PAPPINISERI, N. MALABAR.

MANUFACTURERS OF:-

SUPERIOR MULLS (Bleached & unbleached)
LONGCLOTHS, SHIRTINGS Etc.
Suitable for Export Markets.

Enquiries for export trades solicited.

മൊരു പുതുമ തോന്നി. വീണ ഇലകളുടെ ഗന്ധവും അവിടെ ഉണ്ടായിരുന്നു. എന്റെ ഭർത്താവ് ഒന്നും സംസാരിച്ചില്ല; അദ്ദേഹം ശ്രദ്ധിക്കുകയായിരുന്നു, അദ്ദേഹം സൂക്ഷിച്ചു നോക്കുകയായിരുന്നു. അട മുതൽ മുടിവരെ, വേട്ടയാടലിന്റെ വികാരാവേശം കയറിയിരുന്ന അദ്ദേഹം നിഴലുകളെ മണത്തറിയുകയാണോ എന്നുകൂടി തോന്നി.

ഞങ്ങൾ അധികം താമസിക്കാതെ, കുളങ്ങളുടെ സമീപത്തെത്തി. അവയ്ക്കു പറ്റി പൊന്തിക്കിടന്ന ചണ്ടികൾക്ക് അനക്കമുണ്ടായിരുന്നില്ല. അനിലനിശ്വാസം അവയെ താലോലിച്ചില്ല. എന്നാൽ അദൃശ്യമായ ചില അനക്കങ്ങൾ ചെളിത്തട്ടിന്നടിയിൽ ഉണ്ടായിരുന്നു. ചിലപ്പോൾ ഉപരിതലത്തിൽ എന്തോ ചലനമുണ്ടാകും. അതിനു ചുറ്റും പ്രകാശമുള്ള മടക്കുകളെപ്പോലെ നേർത്ത വൃത്തങ്ങൾ രൂപമെടുക്കുകയും അവ വലുതായി വലുതായി വരികയും ചെയ്യും.

ഞങ്ങൾക്കു ഒളിച്ചു കാത്തിരിക്കേണ്ടതായ കുടിലന്നടുത്തെത്തിയപ്പോൾ, എന്റെ ഭർത്താവ് എന്നെ ആദ്യം അകത്തേക്കയച്ചു. അതിനുശേഷം അദ്ദേഹം സാവധാനത്തിൽ തന്റെ തോക്കു നിറച്ചു. വെടിമരുന്നിന്റെ ഉരഞ്ഞുപൊട്ടൽ എന്നിൽ അസാധാരണമായ ഒരനുഭവമാണുണ്ടാക്കിയത്. ഞാൻ വിറയ്ക്കുന്നതു കണ്ട് അദ്ദേഹം ചോദിച്ചു.

"ഈ പരീക്ഷണംകൊണ്ടുതന്നെ മതിയായെന്നു നിനക്കു തോന്നുന്നുണ്ടോ? എന്നാൽ നിനക്കു പോകാം."

ഞാൻ വളരെ അത്ഭുതപ്പെട്ടു, ഇങ്ങിനെ മറുപടി പറഞ്ഞു:

"ഒട്ടുമില്ല. ഒന്നും ചെയ്യാതെ മടങ്ങിപ്പോകാനല്ല ഞാൻ വന്നത്. നിങ്ങൾ ഇന്നു രാത്രി വളരെ അസാധാരണനായി കാണുന്നുവല്ലോ."

അദ്ദേഹം പിറുപിറുത്തു

"നിന്റെ ഇഷ്ടംപോലെ."

അതിനുശേഷം ഞങ്ങൾ അവിടെ അനങ്ങാതെ ഇരുന്നു.

അരമണിക്കൂർ കഴിഞ്ഞിട്ടും, പ്രകാശമാനമായ ആ ശരൽക്കാലരാത്രിയുടെ നിശ്ചലതയെ ഭഞ്ജിക്കാൻ ഒന്നും വരുന്നില്ലെന്നു കണ്ട് ഞാൻ പതുക്കെ ചോദിച്ചു:

"അവൻ ഈ വഴിക്കുതന്നെയാണ് പോവുക എന്നു നിങ്ങൾക്കു

പ്പുണ്ടോ?"

ഞാൻ അയാളെ കടിച്ചു വേദനിപ്പിച്ചുവെന്നു തോന്നുംപോലെ ഹെർവേ ഒന്നു പിന്നോക്കം വാങ്ങി. എന്റെ കാതിന്നടുത്തു ചുണ്ടടുപ്പിച്ചു് അദ്ദേഹം പറഞ്ഞു:

"തെററിപ്പോകേണ്ട. എനിക്കു നല്ല തീർച്ചയുണ്ടു്."

വീണ്ടും നിശ്ശബ്ദത വാഴ്ച തുടങ്ങി.

ഞാൻ ഉറക്കം തൂങ്ങിത്തുടങ്ങുമ്പോഴാണെന്നു തോന്നുന്നു, എന്റെ ഭർത്താവു്, എന്റെ കൈപിടിച്ചമർത്തിക്കൊണ്ടു്, ഒരു ശൂളംവിളിപോലെ മാറിപ്പോയ സ്വരത്തിൽ ഇങ്ങിനെ പറഞ്ഞു.

"അതാ ആ മരങ്ങളുടെ ചുവട്ടിൽ അവനെ കാണുന്നുണ്ടോ?"

ഞാൻ വെറുതെ നോക്കി. എനിക്കൊന്നും തിരിച്ചറിയാൻ കഴിഞ്ഞില്ല. ഹെർവേ മെല്ലെ തന്റെ തോക്കു ശരിപ്പെടുത്തിവെച്ചു. അപ്പോഴൊക്കെ അദ്ദേഹം എന്റെ മുഖത്തു സൂക്ഷിച്ചു നോക്കുകയായിരുന്നു.

ഞാനും എന്റെ തോക്കു് വെടിവെയ്ക്കാൻ പാകപ്പെടുത്തുകയായിരുന്നു. ഉടനെ, ഞങ്ങളിൽനിന്നു് ഏകദേശം മുപ്പതടി അകലത്തു്, ഒരു മനുഷ്യൻ, തിരക്കിട്ടു മുന്നോട്ടു പോകുന്നതായി ചന്ദ്രപ്രകാശത്തിൽ തെളിഞ്ഞുകണ്ടു. ആരും കാണാതെ പോകാൻ ശ്രമിക്കുന്നതുപോലെ അയാളുടെ ശരീരം കുനിഞ്ഞു വളഞ്ഞിരുന്നു.

എന്തു ചെയ്യണമെന്നറിയാത്ത ഞാൻ ഉറക്കെ നിലവിളിച്ചുപോയി. പക്ഷെ, ഞാൻ തിരിഞ്ഞു നോക്കുന്നതിനു മുമ്പെ, എന്റെ കൺമുമ്പാകെതന്നെ ഒരു മിന്നലും, ചെകിടടപ്പിക്കുന്ന ഒരു പൊട്ടലുമുണ്ടായി. വെടികൊണ്ട ഒരു ചെന്നായയെപ്പോലെ ആ മനുഷ്യൻ നിലത്തുകിടന്നുരുളുന്നതായി ഞാൻ കണ്ടു.

"PUSHPA"
Dental Powder
and
Dental Drops
PUSHPA MODEL
STORES,
KOZHIKKODE.

ഞാൻ ഭയപ്പെട്ടു നിലവിളിച്ചു. മിക്കവാറും ഭ്രാന്തു പിടിച്ചതുപോലെ. ഉടനെ കരുത്തേറിയ ഒരു കൈ—അതു ഹെർവേയുടേതായിരുന്നു—എന്റെ ചങ്കിൽ പിടിച്ചു. എന്നെ നിലത്തു വലിച്ചെറിഞ്ഞു. പിന്നെ ആ ശക്തിയേറിയ കൈകൾ എന്നെ എടുത്തുകൊണ്ടുപോയി. ആ ശരീരം പുല്ലിൽകിടന്നുരുളുന്നേടത്തേക്കു് എന്നെയും വഹിച്ചുകൊണ്ടയാൾ ഓടി. എന്നെ ഊക്കോടെ ആ ശരീരത്തിന്മേൽ എറിഞ്ഞു; എന്റെ തല പിളർക്കാൻ അയാൾ കരുതുന്നതുപോലെ തോന്നി.

എന്റെ കഥ കഴിഞ്ഞു എന്നെനിക്കു തോന്നി. അയാൾ എന്നെ കൊല്ലാൻ പോവുകയായിരുന്നു. എന്റെ നെററിക്കു ചവിട്ടാൻ അയാൾ കാൽ പൊന്തിച്ചപ്പോഴേയ്ക്കും, ആരോ അയാളെ പിടിച്ചു മറിച്ചിട്ടു. എന്താണു് സംഭവിക്കുന്നതു് എന്നറിയാൻപോലും എനിക്കവസരം ലഭിച്ചിരുന്നില്ല.

ഞാൻ പെട്ടെന്നെഴുന്നേററു. എന്റെ വേലക്കാരിപ്പെൺകുട്ടി പോർകപിട്ടോ, നൈരാശ്യജന്യമായ കഠിനശക്തിയോടേ, എന്റെ ഭർത്താവിന്റെമേൽ മുട്ടുകുത്തിനിന്നു് ഒരു കാടൻപൂച്ചയെപ്പോലെ അയാളെ മാന്തിക്കീറുകയും അയാളുടെ താടിമീശകൾ പിടിച്ചു പറിക്കുകയും അയാളുടെ മുഖത്തെ തൊലി മുഴുവൻ പൊളിച്ചുചീന്തുകയും ചെയ്യുന്നതാണു് ഞാൻ കണ്ടതു്.

പിന്നെ, പെട്ടെന്നു മറെറാരാശയം മനസ്സിൽ പ്രവേശിച്ചപോലെ അവൾ എഴുന്നേററു്, ആ ശവശരീരത്തിന്മേൽ ചെന്നു വീണു. മരിച്ചുകിടക്കുന്ന ആ മനുഷ്യനെ അവൾ കെട്ടിപ്പിടിച്ചു. അയാളുടെ കണ്ണിലും വായിലും അവൾ ചുംബിച്ചു. അയാളുടെ ജീവസ്സുററ ചുണ്ടുകളെ, അതിൽ ശ്വാസച്ചൂടു് കണ്ടെത്തുവാൻ പരിശ്രമിക്കുന്നതുപോലെ, അവൾ സ്വന്തം അധരങ്ങൾകൊണ്ടു വിടർത്തി, കാമിനീകാമുകന്മാർ അന്യോന്യം നൽകാറുള്ള ദീർഘദീർഘ ചുംബനങ്ങൾ അതിൽ അർപ്പിച്ചു.

എന്റെ ഭർത്താവു് എഴുന്നേററു് എന്റെനേരെ നോക്കി. അദ്ദേഹത്തിനു മനസ്സിലായി. എന്റെ കാൽക്കൽ വീണുകൊണ്ടു് അയാൾ പറഞ്ഞു:

"എന്നോടു ക്ഷമിക്കൂ, ഓമനേ, ഞാൻ നിന്നെ സംശയിച്ചു. ഈ പെൺകുട്ടിയുടെ കാമുകനെ ഞാൻ കൊന്നുകളഞ്ഞു. എന്റെ കാവൽക്കാരനാണു് എന്നെ പററിച്ചതു്."

എന്നാൽ ഞാൻ, ആ മരിച്ച മനുഷ്യന്റേയും ജീവിക്കുന്ന പെൺകുട്ടിയുടേയും അസാധാരണ ചുംബനങ്ങളേയും, അവളുടെ തേങ്ങിക്കരച്ചിലിനേയും, പ്രേമതീവ്രമായ അവളുടെ ദുഃഖയാതനയേയും സൂക്ഷിച്ചുനോക്കുകയായിരുന്നു. ആ നിമിഷത്തിൽ എനിക്കു മനസ്സിലായി, ഞാൻ എന്റെ ഭർത്താവിനോടു അവിശ്വസ്തത കാണിച്ചിരിക്കാം എന്നു്.

ഇൻഡ്യയിലെ ക്ഷയരോഗനിവാരണം


ഡോ. പി. വി. ബഞ്ചമിൻ

വിശ്വപ്രസിദ്ധനായ ഡോ. ബഞ്ചമിൻ ക്ഷയരോഗനിവാരണത്തെപ്പററി പറയുന്നതു ശ്രദ്ധിച്ചു വായിക്കുക.

ബി. സി. ജി. കുത്തിവയ്പ്പും എക്സറെ പരിശോധനയും രാജ്യത്തിന്റെ നാനാ ഭാഗങ്ങളിൽ നടത്തിയതിന്റെ ഫലമായി അടുത്തകാലത്തു ഇൻഡ്യയുടെ ക്ഷയരോഗബാധയുടെ വ്യാപ്തിയെ സംബന്ധിച്ച ശരിയായ ഒരു രൂപം ലഭിക്കുന്നതിനിടയായിട്ടുണ്ട്. രോഗബാധിതരില്ലാത്ത ഒരു സ്ഥലവും ഈ രാജ്യത്തില്ലെന്നുള്ളതാണ ഈ പരിശോധനയുടെ റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നതു്. പട്ടണപ്രദേശങ്ങളിലാണു് ക്ഷയരോഗപരിശോധന അധികമായി നടത്തിയിട്ടുള്ളതു്. എന്നാൽ പരിശോധിക്കപ്പെട്ട ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യനിലവാരം അത്ര മെച്ചമാണെന്നു പറയാനില്ല. രോഗം ബാധിച്ചവരുടെ എണ്ണം പട്ടണങ്ങളിലേക്കാൾ അല്പം കുറവായിരിക്കും ഗ്രാമപ്രദേശങ്ങളിൽ.

ഇൻഡ്യയിൽ ക്ഷയരോഗികളുടെ സംഖ്യയേക്കാൾ വളരെയധികമാണു് രോഗാണുക്കളുടെ പ്രവേശനത്തിനു വിധേയരായിട്ടുള്ളവരുടെ എണ്ണം. ക്ഷയരോഗം കണ്ടുപിടിക്കുന്നതിനുള്ള ഏർപ്പാടുകളും സൌകര്യങ്ങളും ഇവിടെ വളരെ തുച്ഛമാണു്. രാജ്യത്തെ മൊത്തമായി എടുത്തു പറയുന്ന പക്ഷം മിക്ക ക്ഷയരോഗികളുടെയും രോഗം കണ്ടുപിടിക്കപ്പെടാതെയും ചികിത്സിക്കാതെയും മിക്കവർക്കും വിദഗ്ദ്ധനായ ഒരു ഡോക്ടറെ കാണാൻപോലും സാധിക്കാതെയുമാണിരിക്കുന്നതു്.

മദ്രാസിൽ റെയ്ദാപ്പെട്ട് എന്ന സ്ഥലത്തു 1938—39—ൽ കേവലം നാമമാത്രമായ എക്സറേ സജ്ജീകരണങ്ങളുടെ സഹായത്തോടുകൂടെ 33 000 പേരെ പരിശോധിച്ചതിൽ 3309 പേർ ക്ഷയരോഗബാധിതരാണെന്നു കാണപ്പെട്ടു. 1939—43—നിടയ്ക്കു സെറാമ്പൂർ പട്ടണത്തിൽ നടത്തിയ പരിശോധനയിൽ 7 ശതമാനം ക്ഷയരോഗികളുണ്ടെന്നു മനസ്സിലായി.



മെഡിക്കൽപ്പരിശോധന നടത്തി റിക്രൂട്ടു ചെയ്ത 6000 ഭടന്മാരെ 1945—ൽ എക്സറേ പരിശോധന നടത്തിയതിൽ അവരിൽ 4·4 ശതമാനം ക്ഷയരോഗബാധിച്ചവരാണെന്നു കാണുന്നതിനിടയായി.

തിരുവനന്തപുരത്തു 1·16 ശതമാനവും, ഡൽഹിയിൽ ഇൻഡ്യാ ഗവണ്മെന്റിന്റെ പ്രസ്സ് തൊഴിലാളികളിലും അവരുടെ കുടുംബാംഗങ്ങളിലും, നേഴ്സിങ്ങ് കോളേജിലേയും ഇർവിൻ ഹോസ്പിറ്റലിലേയും സ്റ്റാഫിലും വിദ്യാർത്ഥികളിലും 1·8 ശതമാനവും, ഒരു ചെറിയ പട്ടണമായ മദനപ്പള്ളിയിലെ നിവാസികളിൽ 1·16 ശതമാനവും ക്ഷയരോഗബാധിതരാണെന്നു പരിശോധനകൾ കൊണ്ടു തെളിഞ്ഞിരിക്കുന്നു.

മരണനിരക്ക്

ഇൻഡ്യയിൽ ക്ഷയരോഗം മൂലം മരിക്കുന്നവരുടെ ശരിയായ ഒരു കണക്ക് എടുത്തിട്ടില്ല. മദ്രാസിൽ ലക്ഷം ആളുകളിൽ 462 പേരും, മദനപ്പള്ളി പട്ടണത്തിൽ 253 പേരും വീതം ക്ഷയരോഗംമൂലം മരിക്കുന്നുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ഏതാണ്ട് 5 ലക്ഷം ആളുകൾ ഇൻഡ്യയിൽ ക്ഷയരോഗംമൂലം മരിക്കുന്നുണ്ടെന്നും, 250 ലക്ഷം രോഗികളുണ്ടെന്നും മുമ്പൊരിക്കൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു കണക്കിൽ കാണുന്നു. ഇതു് ഏകദേശമായ ഒരു കണക്കു മാത്രമാണു്. ഈ കണക്കിന്റെ അടിസ്ഥാനത്തിൽ പട്ടണങ്ങളിൽ ലക്ഷം പേരിൽ 200 പേരും, ഗ്രാമപ്രദേശങ്ങളിൽ 100 പേരും വീതം മരിക്കുന്നുണ്ടെന്നും, രോഗികളുടെ സംഖ്യ അതിന്റെ അഞ്ചിര

അന്തരിച്ചുപോയ വൈദ്യരത്നം പി. എസ്. വാര്യരുടെ

ആര്യവൈദ്യശാല

ഹെഡ്ആഫീസ്.— കോട്ടയ്ക്കൽ, തെക്കേമലബാർ.

ബ്രാഞ്ചുകൾ—കോഴിക്കോട്, പാലക്കാട്, തിരൂർ & ഈറോട്.

ഇവിടെ ചിരപരിചയം സിദ്ധിച്ച വിദഗ്ദ്ധന്മാരുടെ മേൽനോട്ടത്തിൽ ആയുർവേദ വിധിപ്രകാരമുള്ള മരുന്നുകൾ നിർമ്മിച്ചുവരുന്നു.

ധാര, പിഴിച്ചൽ, ഞവരക്കിഴി മുതലായ പ്രത്യേക ചികിൽസകൾ പ്രധാന വൈദ്യൻ ശ്രീ. പി. എം. വാര്യരുടെ മേൽനോട്ടത്തിൽ കോട്ടയ്ക്കൽ വെച്ച് നടത്തുന്നതാണ്.

സർപ്പവിഷം മുതലായ വിഷങ്ങൾക്കുള്ള ചികിൽസയും ഇവിടെ ഏർപ്പാടുണ്ട്.

അധിക വിവരങ്ങൾക്ക് ഹെഡാഫീസിലേക്ക് എഴുതിച്ചോദിക്കുക, ഔഷധപ്പട്ടിക സൗജന്യം.

മാനേജർ.

ട്ടിയോളം വരുമെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു.

ഇൻഡ്യയിലെ ക്ഷയരോഗപ്രശ്നം സംബന്ധിച്ച ചില വസ്തുതകൾ.

ഇൻഡ്യയിലെ ജനസംഖ്യ ഏതാണ്ട 36 കോടിയോളം വരും. അതിൽ 20 ശതമാനം പട്ടണങ്ങളിലും 80 ശതമാനം ഗ്രാമങ്ങളിലുമാണു നിവസിക്കുന്നത്.

ഇൻഡ്യയിൽ പൊതുവെയുള്ള ജീവിതതോതു വളരെ താണതാണ്. ഒരാൾക്ക് ആണ്ടിൽ 274 രൂപായാണ് ശരാശരി ആദായം ലഭിക്കുന്നത്. വാസസൌകര്യങ്ങളുടെ തോതും വളരെ താണതാണെന്നു പറയേണ്ടിയിരിക്കുന്നു. പട്ടണങ്ങളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. ഇൻഡ്യാക്കാരിൽ ഒരു നല്ല പങ്ക് ആളുകളുടെ ആഹാരം ആരോഗ്യം നിലനിറുത്തുന്നതിനു പര്യാപ്തമായ പോഷകസാധനങ്ങൾ അടങ്ങിയിട്ടുള്ളതല്ല. പൊതുവെ ആരോഗ്യനിലവാരം അശേഷം തൃപ്തികരമല്ല. വിദ്യാഭ്യാസത്തിന്റെ കുറവുമൂലം ആരോഗ്യരക്ഷയുടെ പ്രാഥമികതത്വം പോലും സാമാന്യജനങ്ങൾക്കു അറിഞ്ഞുകൂടാ.

രോഗികളെ പരിശോധിച്ചു രോഗം നിർണ്ണയിക്കുന്നതിനും ചികിൽസിക്കുന്നതിനും ക്ഷയരോഗികളെ തനിച്ചു മാറ്റിത്താമസിപ്പിക്കുന്നതിനുമുള്ള സ്ഥാപനങ്ങളും സൌകര്യങ്ങളും വളരെ വിരളമാണ്. ഇൻഡ്യയിൽ ആകപ്പാടെ 118 ക്ലിനിക്കുകളും 11294 കിടക്കകളും മാത്രമേയുള്ളു. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നാലായിരത്തോളം കിടക്കകൾ കൂടെ ഉണ്ടായിട്ടുണ്ട്. ഇത്രയും കിടക്കകൾ ഉണ്ടെങ്കിലും ക്ഷയരോഗം മൂലം മരിക്കുന്ന 50 രോഗികൾക്ക് ഒരു കിടക്ക മാത്രമേ ഇപ്പോൾ ഉള്ളു എന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

ഇൻഡ്യയിലെ ക്ഷയരോഗപ്രശ്നപരിഹാരാർത്ഥം വിനിയോഗിക്കുന്ന പണം തികച്ചും അപര്യാപ്തമാണ്.

ക്ഷയരോഗനിവാരണ പദ്ധതികൾ

ക്ഷയരോഗനിവാരണാർത്ഥം പാശ്ചാത്യരാജ്യങ്ങളിൽ ചെയ്തുവരുന്നതുപോലെ ഒരു പരിശ്രമം ചെയ്യുവാൻ ഇൻഡ്യയുടെ പരിമിതമായ സാമ്പത്തികശക്തി അനുവദിക്കുകയില്ല. ക്ഷയരോഗനിവാരണപദ്ധതികൾക്കായി ബ്രിട്ടനിൽ ഒരാൾക്കു 16 ഷില്ലിങ്ങും, കാനഡായിൽ 3 ഡോളറും വീതം ചെലവാക്കുന്നുണ്ട്. പണം ആവശ്യത്തിനു ലഭിച്ചാൽത്തന്നെയും മേൽ വിവരിച്ചതുപോലെയുള്ള സാമൂഹ്യ സാമ്പത്തിക പരിതസ്ഥിതി

കളിൽ പാശ്ചാത്യരാജ്യങ്ങളിൽ ചെയ്യുന്നതുപോലെയുള്ള ക്ഷയരോഗനിവാരണപരിശ്രമങ്ങൾ ഇവിടെ അസാദ്ധ്യമാണു്.

ഏതാനും വർഷങ്ങൾക്കകം നടപ്പാക്കാവുന്ന ഒരു പദ്ധതി പ്ലാനിങ്ങ് കമ്മീഷൻ നിയോഗിച്ച ഒരു സ്പെഷ്യൽ കമ്മിററി ആവിഷ്ക്കരിച്ചിട്ടുണ്ടു്. ക്ഷയരോഗത്തെ പ്രതിരോധിക്കുക എന്നതിനാണു് ഈ പദ്ധതിയിൽ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നതു്.



ബി. സി. ജി. കുത്തിവയ്പ്പ്.

രോഗികളെ ചികിൽസിച്ചു സുഖപ്പെടുത്തുന്നതിനേക്കാൾ കാലാന്തരത്തിൽ ഫലപ്രദമായിട്ടുള്ളതു രോഗം വരാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാകയാലും, അതു ചുരുങ്ങിയ ചെലവിലും,ു വേഗത്തിലും സാധിക്കാവുന്നതാകയാലും ബി. സി. ജി. കുത്തിവയ്പിനു പ്രസ്തുത പദ്ധതിയിൽ പ്രാമുഖ്യം നൽകപ്പെട്ടിരിക്കുന്നു.

1948—ലാണു ഇൻഡ്യയിൽ ബി. സി. ജി കുത്തിവയ്പ്പ് ആരംഭിച്ചതു്. ഇതിനകം 7833000 ആളുകളെ പരിശോധിക്കുകയും, 2488000 പേർക്കു കുത്തിവയ്പ്പ് നടത്തുകയും ചെയ്തിട്ടുണ്ടു്. ഇൻഡ്യയുടെ വിവിധഭാഗങ്ങളിലായി 80 സംഘങ്ങൾ (91 ഡോക്ടറന്മാരും 246 ടെക്നീഷ്യൻസും) ബി. സി. ജി. കുത്തിവയ്പ്പ് നടത്തിക്കൊണ്ടിരിക്കുന്നു. ലോകാരോഗ്യസംഘടനയും ഐക്യരാഷ്ട്രസംഘടനയും ഈ പരിശ്രമത്തിനു ആളും അർത്ഥവുംകൊണ്ടു സഹായം ചെയ്തുകൊണ്ടിരിക്കുന്നു. 760000 ഡോളർ ഇതിനകം പ്രസ്തുത സംഘടനകൾ ഈ പ്രസ്ഥാനത്തിനു നൽകിയിട്ടുണ്ടു്. 19200000 രൂപാ ഇൻഡ്യയിലെ സംസ്ഥാന ഗവൺമെൻറുകൾ ബി. സി. ജി. കുത്തിവയ്പിനായി ചെലവാക്കിക്കൊണ്ടിരിക്കുന്നു.

ക്ഷയരോഗ ക്ളിനിക്കുകൾ

ക്ഷയരോഗികളെ ചികിൽസിക്കുവാനുള്ള സ്ഥാപനങ്ങൾ ഇൻഡ്യയിൽ ദുർലഭമാണു്. രോഗികളെ പരിശോധിച്ചു രോഗം നിർണ്ണയിച്ചു്, ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനു മാത്രമല്ല, വളരെ പരിമിതമായ തോതിലുള്ള ചികിൽസകൾ നിർവ്വഹിക്കുന്നതിലുള്ള ക്ളിനിക്കുകൾക്കു് ഇൻഡ്യയെപ്പോലുള്ള ഒരു രാജ്യത്തു വലിയ സ്ഥാനമുണ്ടു്. അനേകം ക്ഷയരോഗികളേയും വീട്ടിൽ താമസിപ്പിച്ചുകൊണ്ടു ചികിൽസിക്കുന്നതിനേ സാധിക്കുകയുള്ളു. പക്ഷേ അതു് അത്ര തൃപ്തികരമല്ലായിരിക്കും. അടുത്ത 5 വർഷത്തിനകം പത്തോ ഇരുപതോ ലക്ഷം നിവാസികളുള്ള ഓരോ ഡിസ്ട്രിക്ടിലും ഓരോ ക്ഷയരോഗ ക്ളിനിക്ക് ഉണ്ടായിരിക്കുന്നതാണു്.


രോഗികൾക്കുള്ള കിടക്കകളും പാർപ്പിടങ്ങളും

ആധുനികരീതിയിൽ ക്ഷയരോഗചികിൽസയ്ക്കുള്ള സജ്ജീകരണങ്ങളും ഓപ്പറേഷനുള്ള ഏർപ്പാടുകളുമുള്ള ഏതാനും ആശുപത്രികളും ആരോഗ്യകേന്ദ്രങ്ങളും ഇപ്പോൾ ഉണ്ടെങ്കിലും അവ ആവശ്യത്തിനു മതിയാകയില്ല. ആളുകൾ തിങ്ങിപാർക്കുന്ന പട്ടണങ്ങളിൽ ക്ഷയരോഗികളെ തനിച്ചു പാർപ്പിക്കുക അസാദ്ധ്യമാകയാൽ അങ്ങിനെയുള്ളവരെ താമസിപ്പിക്കുന്നതിനു ലളിതമായ പ്ലാനനുസരിച്ചു ചുരുങ്ങിയ ചെലവിൽ നിർമ്മിക്കപ്പെടുന്ന അനേക സ്ഥാപനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അങ്ങിനെയുള്ള ഹോസ്പിറ്റലുകൾ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ഈ രാജ്യത്തുള്ള എല്ലാ മുനിസിപ്പൽ പട്ടണങ്ങളിലും സ്ഥാപിക്കാമെന്നാണു പ്രത്യാശിക്കുന്നതു്.

പരിശീലനകേന്ദ്രങ്ങൾ

ക്ഷയരോഗസംബന്ധമായ ഉപരിപരിശീലനം നൽകുന്നതിനുള്ള 6 കേന്ദ്രങ്ങൾ ഇപ്പോൾ പ്ര

ഉറപ്പ്, ഭംഗി, വിലസഹായം ഇത്യാദി ഗുണങ്ങളാൽ



ഏവരെയും തൃപ്തിപ്പെടുത്തുന്ന

"പവൻമാർക്കു്"

കുടകൾ വാങ്ങി ഉപയോഗിപ്പിൻ.

THE KERALA UMBRELLA MART,

Mfrs. Mohur Brand Umbrellas

MOHD: ABDURAHIMAN ROAD,
KOZHIKODE.

Tel: Add: "AMBRELLAS."

വർത്തനം നടത്തുന്നുണ്ടു്. പുതിയ പദ്ധതിയനുസരിച്ച് ഏതാനും പരിശീലന കേന്ദ്രങ്ങൾകൂടെ ഉടനെ ആരംഭിക്കാനുദ്ദേശിക്കുന്നു. ഈ കേന്ദ്രങ്ങൾക്കു മുൻഗണനനൽകാതിരിക്കുന്നതു് ക്ഷയരോഗശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനു പ്രാപ്തിയുള്ള ആളുകളുടെ കുറവു പരിഹരിക്കുന്നതിലേക്കാണു്. ഈ കേന്ദ്രങ്ങളിൽ മെഡിക്കൽ വിദ്യാർത്ഥികൾക്കു പ്രത്യേക പരിശീലനവും മെഡിക്കൽ പ്രാക്ടീഷണർമാർക്കു റിഫ്രഷർ കോഴ്സും നൽകപ്പെടുന്നു.

ക്ഷയരോഗം പിടിപെട്ടവരെ ചികിത്സാനന്തരം താമസിപ്പിക്കുന്നതിനുള്ള കോളണികൾ ഉണ്ടാക്കേണ്ടതിൻെറ ആവശ്യകത നല്ലവണ്ണം ബോദ്ധ്യമായിട്ടുണ്ടു്. എന്നാൽസമ്പൽസമൃദ്ധമായ രാജ്യങ്ങളിൽപോലും അതു വേണ്ടവണ്ണം പ്രാവൃത്തികമായിട്ടില്ല. ട്യൂബർക്കുലോസിസ് അസോസിയേഷൻെറ സഹകരണത്തോടും ഗവൺമെൻറിൻെറ പിന്തുണയോടുംകൂടെ അങ്ങനെയുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു സന്നദ്ധസംഘടനകൾക്കു പ്രോത്സാഹനം നൽകണമെന്നുള്ള ഒരഭിപ്രായം ഉണ്ടായിട്ടുണ്ടു്.

ഇൻഡ്യയിലെ ക്ഷയരോഗം സംബന്ധിച്ചുള്ള പ്രത്യേക പ്രശ്നങ്ങളെ സംബന്ധിച്ച വിപുലമായ അന്വേഷണം നടത്തേണ്ടതായിട്ടുണ്ടു്. ബി. സി. ജി. കുത്തിവയ്പു സംബന്ധിച്ച ചില വശങ്ങളെക്കുറിച്ചു ഇനിയും ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

1939—ലാണു ട്യൂബർക്കുലോസിസ് അസോസിയേഷൻ ഇൻഡ്യയിൽപ്രവർത്തനമാരംഭിച്ചതു്. ഇൻഡ്യയിലെ ക്ഷയരോഗ പ്രശ്നത്തിൻെറ ഗൗരവത്തെപ്പറ്റിയുള്ള ഒരു മതിപ്പ് ജനങ്ങൾക്കുണ്ടാകുന്നതിനു ഇതിനകം പ്രസ്തുത സംഘടനയ്ക്കു സാധിച്ചിട്ടുണ്ടു്. ക്ഷയരോഗസ്റ്റാമ്പു വിറ്റും പതാകദിനമാചരിച്ചും അസോസിയേഷൻ ഫണ്ടുകൾ ശേഖരിക്കുന്നു. 1950 51—ലെ സ്റ്റാമ്പുവില്പനയുടെ ഫലമായി 10,63000 രൂപാ പിരിഞ്ഞുകിട്ടി. ക്ഷയരോഗനിവാരണപ്രവർത്തകർക്കായി വാർഷിക കോൺഫറൻസുകൾ നടത്തിയും സാധാരണ വൈദ്യസേവനം നടത്തുന്ന ഡോക്ടർമാർക്കു ക്ഷയരോഗസംബന്ധമായ പ്രത്യേക പരിശീലനം നൽകുന്നതിനുള്ള റിഫ്രഷർ കോഴ്സു നടത്തിയും ക്ഷയരോഗചികിത്സയുടെ നിലവാരം ഉയർത്തുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുന്നു.

കടും ക്രൂരമായ കൊലപാതകം

പാക്കിസ്ഥാൻ പ്രധാനമന്ത്രി ലിയാക്കത്ത് ആലിഖാൻെറ വധത്തിൻെറ പിന്നിലുള്ള അജ്ഞാതരഹസ്യങ്ങൾ

> ലിയാക്കത്തിൻെറ വധം ചിന്തോദ്ദീപകമായ ഒരു സംഭവമായിരുന്നു. മുരടിച്ച സാമുദായികതത്തിൻെറ നിഷ്ഠൂരമായ ഒരു പ്രഹരമായിരുന്നു അത്. ദാരുണമായ വെടിയുണ്ടകൾ പാക്കിസ്ഥാൻെറ ജനയിതാക്കളിൽ ഒരാളായ ലിയാക്കത്ത് ആലിഖാൻെറ ഹൃദയത്തിലേക്കു പാഞ്ഞുകയറി. പാക്കിസ്ഥാൻെറ സാരഥി നിലംപതിച്ചു താൻ സൃഷ്ടിച്ച രാജ്യത്തോട് എന്നെന്നേക്കുമായി യാത്രപറഞ്ഞു. ഈ വധം നടന്നത് ഒരു പൊതുയോഗത്തിൽവച്ചായിരുന്നു. ഏകദേശം ഒരു വർഷം മുമ്പു 1951 ഒക്ടോബർ 16—ാംനു. സമ്മേളനസ്ഥലം റാവൽപിണ്ടിയായിരുന്നു. കോഹട്ടുകാരനും ബറബ്ബാക്കിൻെറ മകനുമായ സെയ്ത്തക്ബർ എന്നയാളാണു ഘാതകൻ.

ഈ ഭയങ്കര വധത്തെപ്പററി തെളിവെടുക്കാനുള്ള ശ്രമത്തിൽ ലഭിച്ച ചില സൂചനകളെ അടിസ്ഥാനമാക്കി പാക്കിസ്ഥാനിലെ അന്വേഷണക്കമ്മീഷൻ ചില നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. അതിൽ പ്രധാന ഭാഗങ്ങൾ ഇവിടെ ചേർത്തുകൊള്ളുന്നു.

പോലീസിൻെറ അന്വേഷണത്തിൽ മൂന്നു ശ്രദ്ധാലോചനകളെക്കുറിച്ചു സൂചനകൾ ലഭിക്കയുണ്ടായി. ഇവയിൽ രണ്ടെണ്ണത്തിനെ പരസ്പരം ബന്ധിക്കാവുന്നതാണു്. എന്നാൽ ഈ ശ്രദ്ധാലോചനകളുമായി സെയ്ത്തക്ബറിനെ ബന്ധിക്കുന്ന ഒരു കണ്ണി ഇതുവരെ കണ്ടിട്ടില്ല.

കൗശലക്കാരായ മൂന്നാമതൊരു കൂട്ടരുടെ അറിഞ്ഞോ അറിയാതെയോ ഉള്ള ഉപകരണമായിട്ടാണു് ഘാതകൻ പ്രവർത്തിച്ചിട്ടുള്ളതെന്നും അവൻ ശ്രദ്ധമായി പല സമ്പർക്കങ്ങളും സ്ഥാപിച്ചിരുന്നുവെന്നും തെളിവുകളിൽ നിന്നും



രേഖകളിൽനിന്നും മനസ്സിലാവുന്നു.

ശ്രദ്ധാലോചന

കമ്മീഷൻ ഇങ്ങനെ പറയുന്നു: "ഈ ശ്രദ്ധാലോചനയെപ്പററിയുള്ള വിശദവിവരങ്ങൾ ഞങ്ങൾ കൽപ്പിച്ചുകൂട്ടി നൽകാതിരിക്കുകയാണു്. അവ പ്രസിദ്ധീകരിക്കുന്നതു പൊതുതാൽപ്പര്യത്തിനു ഗുണകരമാണെന്നു ഞങ്ങൾ കരുതുന്നില്ല. ഈ കാര്യത്തെക്കുറിച്ചു ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നുണ്ടു്. ഈ ശ്രദ്ധാലോചനകളുമായോ അവയിൽ ചിലതുമായോ സെയ്ത്തക്ബറിനെ ബന്ധിക്കുന്ന എന്തെങ്കിലും സൂചന ഇനിയും ലഭിച്ചെന്നുവരാം. സെയ്ത്തക്ബറിനെ ജീവനോടെ പിടികിട്ടിയിരുന്നെങ്കിൽ ഈ ക്രൂരമായ കൊടുംകൊല ചെയ്യാൻ അയാളെ പ്രേരിപ്പിച്ച ശക്തിയെന്തായിരുന്നുവെന്നു് അയാൾ പറയുമായിരുന്നുവെന്നു് ഞങ്ങൾക്കു വിശ്വാസമുണ്ടു്".

സൂചനകൾ

1951-മെയ്, ഫെബ്രുവരി എന്നീമാസങ്ങളിൽ സംസ്ഥാന അധികൃതന്മാരിൽ നിന്നു പാക്കിസ്ഥാൻ ഗവർമ്മെൻറിനു കിട്ടിയ രഹസ്യസന്ദേശങ്ങളിൽ ചില പ

LOTUS INDUSTRIALS

TIRUVANNUR ROAD-KOZHIKODE 3.

Manufacturers of:-

BEST QUALITY Envelopes, Furnishing Fabrics,

Linen Dhothis & Shirtings.

Agent : **For Malabar and Travancore-Cochin,**

Sri V. M. NAIR.

ട്ടാളച്ചിട്ടയുള്ള സംഘടനകൾ ലിയാക്കത്തു് അലിഖാനെയും മററു മുഖ്യമന്ത്രിമാരെയും വധിക്കാൻ പ്ലാൻ തയ്യാറാക്കിയിരുന്നുവെന്നു വ്യക്തമായിരുന്നു. അപരിചിതരായ ആളുകളെ പ്രത്യേകം ശ്രദ്ധിക്കാനും പ്രധാനമന്ത്രിയെയും മററു പ്രമുഖന്മാരെയും മുൻകരുതലുകളെടുത്തു് സംരക്ഷിക്കുവാനും ഈ രഹസ്യസന്ദേശങ്ങളിൽ ഊന്നിപ്പറഞ്ഞിരുന്നു. ഇങ്ങനെ സംരക്ഷിക്കണമെന്നു പറയപ്പെട്ട നേതാക്കന്മാരുടെ നാല്പതും അമ്പതും വാര അടുത്തു് അജ്ഞാതരായ ആളുകളെ വരാനനുവദിക്കരുതെന്നു പ്രത്യേകം പ്രസ്താവിച്ചിരുന്നു.

സംശയങ്ങൾ

കമ്മീഷന്റെ മുമ്പാകെയുള്ള രേഖകളുടെ ബലത്തിന്മേൽ മൂന്നു കാരണങ്ങളാണവർ സംശയിക്കുന്നതു്. 1. സെയ്ദക്ബർ ബുദ്ധിഭ്രമത്തിൽ പ്രധാനമന്ത്രിയെ വധിച്ചു. 2. പ്രധാനമന്ത്രിയുടെ കാഷ്മീർ നയത്തിലുള്ള രോഷം ഹേതുവായി അവൻ അതു ചെയ്തു. 3. സെയ്ദക്ബറിന്റെ ആത്യന്തിക മതഭ്രാന്തു് അവനു പ്രേരണ നൽകി. അവയെപ്പററി കമ്മീഷന്റെ നിഗമനങ്ങൾ ഇവിടെ ചേർക്കുന്നു.

ഭ്രാന്തനല്ല

അവനു ബുദ്ധിഭ്രമം പിടിപെട്ടില്ലെന്നു മാത്രമല്ല, വളരെ സമർത്ഥമായ രീതിയിലാണു് അവൻ കൊലപാതകം നടത്തിയതു്. ഈ വധം മുൻകൂട്ടി ആസൂത്രണം ചെയ്തതും നല്ലവണ്ണം ചിന്തിച്ചു നടത്തിയതും കൗശലത്തോടുകൂടി കയ്യാളിയതുമാണു്. അവനു പണ്ടു ബുദ്ധിവികല്പമുണ്ടായിരുന്നില്ല. അവൻ "എയർഗൺ" കൊണ്ടു കുരുവികളെ വെടിവയ്ക്കുകയും അവയെ ഇസ്ലാമികമായ രീതിയിൽ അറുത്തു കുട്ടികളുടെ കയ്യിൽ പാകം ചെയ്തു തിന്നാനായി കൊടുക്കുകയും ചെയ്തിരുന്നു. പക്ഷെ അതു് ഭ്രാന്തന്റെ ലക്ഷണമല്ല. റാവൽപിണ്ടിയിലെ ഹോട്ടൽ മാനേജരെയും പോലീസിനെയും അവൻ വിജയപൂർവ്വം വഞ്ചിച്ചു. പൊതുയോഗത്തിൽ പ്രധാനമന്ത്രിയുടെ ഹൃദയത്തിനുനേരേ വെടിവെക്കാവുന്നത്ര ദൂരത്തു് ഇടതുവശത്തുള്ള സീററിൽ പ്രവേശന ഫീസ് പോലും കൊടുത്തു് ഇരിക്കുവാൻ സന്നദ്ധനായി. എല്ലാ കണ്ണുകളും ലിയാക്കത്തു് അലിഖാനിൽ പതിക്കുന്ന മനഃശ്ശാസ്ത്രപരമായ ഒരു സമയമാണു് അവൻ തിരഞ്ഞെടുത്തതു്. ഒരു കണ്ണിമയ്ക്കിടയിലുതിർത്ത രണ്ടു ബുള്ളററുകളും മർമ്മസ്ഥാനത്തുതന്നെ

കൊണ്ടു പെട്ടെന്നുള്ള മരണത്തിനു കാരണമാകും. അതും അവന്റെ മനസ്സിനു ഭ്രമമില്ലായിരുന്നുവെന്നതിന്റെ തെളിവാണ്. സെയ്തക്ബർ തന്റെ മൂത്ത പുത്രനെക്കൂടെ കൊണ്ടുവന്നിരുന്നു. പാകിസ്ഥാനിൽ നിന്നു കടന്നുകളയാനോ ഗണ്യമായ കാലത്തേക്ക് അവിടെ ഒളിവിൽ കഴിയാനോ ആവശ്യമായ പണവും അവൻ കൊണ്ടുവന്നിരുന്നു. ഇതൊന്നും ഭ്രാന്തിന്റെ ലക്ഷണമല്ല. വല്ല രാഷ്ട്രീയ പാർട്ടികളുമായി അവനു ബന്ധമുണ്ടായിരുന്നോ എന്നുള്ളതിനെപ്പറ്റി അവന്റെ ഭാര്യയായ മൽമൽ ബീബിയുടെ തെളിവല്ലാതെ മറ്റൊരു തെളിവും കിട്ടിയിട്ടില്ല.

ജിഹാദ്

ഇന്ത്യൻ പട്ടാളത്തെ അതിർത്തിപ്രദേശത്തു നിർത്തിയപ്പോൾ പാകിസ്ഥാനു ജിഹാദ് പ്രഖ്യാപിക്കുവാനും ഇന്ത്യയെ ആക്രമിക്കുവാനും സമയമായി എന്ന് അക്ബർ ഭാര്യയോടു പറഞ്ഞു. അവൻ മൗലവിമാർക്കു പണം കൊടുത്തു ജിഹാദ് പ്രസംഗിക്കാൻ അവരോടു ആവശ്യപ്പെട്ടു. കൂടാതെ, തനിക്ക് ജിഹാദിൽ പങ്കെടുക്കേണ്ടിവന്നാൽ ധരിക്കുന്നതിനു സെയ്തക്ബർ ഒരു മഞ്ഞ വസ്ത്രം സൂക്ഷിച്ചുവച്ചിരുന്നു. ഒക്ടോബർ 14-ാംതീയതി അബോട്ടബാദിൽ നിന്നു റാവൽപിണ്ടിയിലേക്കു പുറപ്പെട്ടപ്പോൾ അവൻ ഈ വസ്ത്രം തന്നെയാണ് ധരിച്ചിരുന്നതു്. കൊല നടത്തിയപ്പോഴും ഈ വസ്ത്രം തന്നെയാണ് ധരിച്ചിരുന്നതു്. അവൻ ഒരു അഫ്ഗാൻ പൗരനായിരുന്നത്രെ.

ലിയാക്കത്തലിഖാന്റെ മതം

വസ്ത്രങ്ങൾക്കു ശുഭ്രതയും ഉറപ്പും നിലനിർത്തുന്നതിനു

315 (Regd)

സ്പെഷ്യൽ സോപ്പ് ഉപയോഗിക്കുക.

അനുകരണനമ്പറുകൾ സൂക്ഷിക്കുക.

പുതിയറ സോപ്പ് വർക്ക്സ്, പുതിയറ

ലിയാക്കത്ത് അലിഖാൻ സെയ്തക്ബർ പ്രതീക്ഷിച്ചതുപോലെയുള്ള ഒരു മുസൽമാനായിത്തീർന്നില്ല എന്നതാണ് വധത്തിന്റെ കാരണമെന്നു പറയപ്പെടുന്നു. സംഭ്രമജനകമായ ഒരു നിഗമനമാണിതു്. ഇതു ശരിയാണെങ്കിൽ നാമൊന്നവഗാഢമായി തലപുകഞ്ഞു ചിന്തിക്കുകയും ഹൃദയപരിശോധന നടത്തുകയും വേണം. ഈ കാരണം ശരിയാണെങ്കിൽ നിത്യേന ഖുർആൻ പാരായണം ചെയ്യുകയും നമസ്കരിക്കുകയും സക്കാത്തു കൊടുക്കുകയും ജിഹാദിൽ വിശ്വസിക്കുകയും ഇഖ്ബാലിനെയും റൂമിയെയും കുറിച്ച് പഠിക്കുകയും ചെയ്യുന്ന ഒരു മുസൽമാൻ ദേഹത്തിൽ ഖുർആനും ചുണ്ടിൽ കലാമത്തുത്തൗഹീദുമായി തന്റെ രാഷ്ട്രത്തിന്റെ അഭിവൃദ്ധിക്കായുള്ള അന്ത്യപ്രാർത്ഥനയോടെ അന്ത്യശ്വാസം വലിച്ച മറ്റൊരു മുസൽമാനെ വധിക്കുന്നതിനു് ന്യായത കണ്ടതു് ഒരു വിധിവൈപരീത്യമാണ്.

യഹൂദന്മാരും ക്രിസ്ത്യാനികളുമായി ഒരു വിധ സുഹൃൽബന്ധവും ഇല്ലാതിരിക്കുന്നതു് തന്റെ വിശ്വാസപ്രമാണമാണെന്നു ധരിച്ച ഈ മനുഷ്യനു്, തനിക്കു തോന്നിയപ്പോൾ ബ്രിട്ടീഷുകാരുടെ നീതിയെയും പ്രജായത്തത്തെയും വാനോളം പുകഴ്ത്തുവാൻ ലജ്ജയുടെ കണികപോലും ഉണ്ടായില്ല എന്നതും കുറച്ചു കാശു കിട്ടുന്നതിനു വേണ്ടി നെറികെട്ട നിവേദനങ്ങൾ സമർപ്പിക്കുന്നതിനു അയാളുടെ മനസ്സാക്ഷി അനുവദിച്ചുവെന്നതും അയാളുടെ തന്നെ വേലക്കാരിയെ കാമസംതൃപ്തിക്കുവേണ്ടി വശീകരിച്ചുവെന്നതും തനിക്കു ഭക്ഷണം തന്ന കൈ താൻ തന്നെ മുറിച്ചുകളഞ്ഞുവെന്നതും തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു.

പ്രധാനമന്ത്രിയെയും അദ്ദേഹത്തിന്റെ ഭാര്യയെയും സംബന്ധിച്ചു പത്രങ്ങളിലൂടെ നീചനീചമായ അപവാദങ്ങൾ പടച്ചുവിടുകവഴി അവരെ സ്ഥാനത്തുനിന്നു് നീക്കുന്നതു ഗുണകരമായ ഒരു മാർഗ്ഗമാണെന്നു് സെയ്തക്ബറിനെപ്പോലെയുള്ളവർ കരുതിത്തുടങ്ങിയിരുന്നു. ഈ നിഗമനത്തിനു ഉപോൽബലകമായി അനേകം പ്രസംഗങ്ങളുടെയും പ്രസ്താവനകളുടെയും പകർപ്പുകൾ ഞങ്ങൾക്കു കിട്ടിയിട്ടുണ്ടു്. വ്യാജമായി ഗവർമ്മെന്റിനെതിരായി വെറുപ്പുണ്ടാക്കുകയെന്നതു മാത്രം തൊഴിലായി സ്വീകരിച്ചവരായ ചിലരാണ് ഇതിന്റെയെല്ലാം കർത്താക്കൾ. ഇത്തരം ക്ഷുദ്രജീവികളെ അങ്ങനെതന്നെ വിടുകയാണെങ്കിൽ അതു പാകിസ്ഥാന്റെ അഭിവൃദ്ധി

CHEAP & DURABLE COTTON HOSIERY

K. K. C.

SOLE AGENT FOR CALICUT TO PALGHAT:—

V. Madhavan Nair.
Tiruvannur Road
Kozhikkode 3.

KHADAR KNITTING Co.

Post Box No. 33.

TIRUPUR.

യെ എന്നെന്നേക്കുമായി തടയുമെന്നും നാമിപ്പോൾ അന്വേഷണം നടത്തുന്നപോലെയുള്ള സംഭവങ്ങൾക്കു വഴിതെളിക്കുമെന്നും പാകിസ്ഥാൻ ഗവർമ്മെൻറിനെ ഉണർത്തുന്നതു് ഞങ്ങളുടെ കർത്തവ്യമാണെന്നു കരുതുന്നു.

ഗൗരവാവഹമായ കൃത്യവിലോപം

അബോട്ടബാദിൽ സെയ്തക്ബറെ ബന്തോവസ്സിൽ വെച്ചതു് ശരിയായ വിധത്തിലല്ലായിരുന്നു. 1818-ലെ 111-ാം റഗുലേഷൻ അനുസരിച്ചു് 1947 മെയ് മാസം പുറപ്പെടുവിച്ച വാറണ്ടനുസരിച്ച സെയ്തക്ബറിനു് കേന്ദ്രഗവർമ്മെൻറിൻെറ അനുവാദം കൂടാതെ പുറത്തുപോകാൻ പാടില്ലായിരുന്നു. അന്നു് ഹസാരയിലെ ഡെപ്യൂട്ടികമ്മീഷണറായിരുന്ന മി. ഒ. സി. ബി. സെൻറു് ജോണിനു് പ്രസ്തുത വാറണ്ടിൻെറ ഉദ്ദേശം മനസ്സിലാകാഞ്ഞതു നിമിത്തം ആ വാറണ്ടു ശരിയായി പ്രയോഗിക്കുവാൻ സാധിച്ചില്ല. മുൻകൂട്ടിയുള്ള അനുവാദം കൂടാതെ സെയ്തക്ബർ വീട്ടിൽ നിന്നു് പുറത്തുപോകാതിരിക്കാൻ കരുതലോടെയിരിക്കേണ്ടതു ഡെ. കമ്മീഷണറുടെ ചുമതലയായിരുന്നു. അതദ്ദേഹം ചെയ്തില്ല.

ഖാൻ നജാഫ്ഖാൻ

മുസ്ലീം ലീഗിനു് ഔദ്യോഗികമായ ഇടപെടൽ ഇഷ്ടമില്ലാതിരുന്നതുകൊണ്ടു്, താൻ പൊതുയോഗത്തിലെ ഏർപ്പാടുകളിൽ കഴിട്ടില്ലെന്നു് റാവൽപിണ്ടിയിലെ പോലീസ് സൂപ്രണ്ടു് ഖാൻ നജാഫ്ഖാൻ പറഞ്ഞതു് കമ്മീഷനു് സ്വീകാര്യമായി തോന്നിയില്ല. സംസ്ഥാന സി. ഐ. ഡി. കളിൽ നിന്നു കിട്ടിയ റിപ്പോർട്ടും രഹസ്യവിവരങ്ങളുമനുസരിച്ചു പ്രവർത്തിക്കുകയോ പ്ളാററുഫാറത്തിൻെറ അടുത്തു നിന്നു അപരിചിതരെ അകററുകയോ ചെയ്യാതിരിക്കുകവഴി ഖാൻനജാഫ്ഖാൻ കുററകരമായ കൃത്യവിലോപം വരുത്തിയിരിക്കുന്നു.

ഘാതകൻ വധിക്കപ്പെട്ട രംഗം


സബ്ഇൻസ്പെക്ടർ മുഹമ്മദ്ഷാ അഞ്ചു പ്രാവശ്യം വെടിവച്ചു ഘാതകനെ കൊന്നു. ഇതു

നൃത്തകലയ്ക്കു കേരളഭൂമിയുടെ സംഭാവന

(ഒരു നർത്തകനും നൃത്താദ്ധ്യാപകനുമായ ശ്രീ കെ. കെ. ബാലകൃഷ്ണൻ നായർ (കോഴിക്കോട്ട്) അവർകളുമായി 'അരുണ'യുടെ സ്വന്തം പ്രതിനിധി നടത്തിയ അഭിമുഖസംഭാഷണത്തിലെ വിവരങ്ങളാണ് ഈ ലേഖനത്തിൽ അടങ്ങിയിരിക്കുന്നതു്.)

ചോദ്യം—കേരളത്തിന്റെ തനതുവകയായ നൃത്തസമ്പ്രദായം ഏതാണ്?

ഉത്തരം—വിപുലമായ അർത്ഥത്തിൽ പറഞ്ഞാൽ—നാട്ടിന്റെ നാനാഭാഗത്തുമുള്ള നാനാമതക്കാരും സമുദായക്കാരുമായ ആളുകളുടെ ദൈനംദിനജീവിതത്തോടും ആചാരങ്ങളോടും ഒട്ടിപ്പിടിച്ചിരിക്കുന്ന നൃത്തസമ്പ്രദായങ്ങൾ പലതുണ്ടെന്നു പറയേണ്ടിവരും—പക്ഷേ അത്ര സൂക്ഷ്മമായി പോകേണ്ട ആവശ്യമില്ല. കലാപരമായ മൂല്യംകൊണ്ടു് ഇതരരാജ്യക്കാരുടെക്കൂടെ ആദരവിന്നു് പാത്രമാകത്തക്കവണ്ണം വളർന്നുപോന്നിട്ടുള്ള ഒരു മികച്ച നൃത്തകല കേരളത്തിനുണ്ടായിട്ടുണ്ട്—കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ സവിശേഷമായി എടുത്തുപറയേണ്ട ഒന്നാണതു്—കഥകളി. അടുത്ത കാലത്ത് യൂറോപ്പ് മുതലായ പാശ്ചാത്യരാജ്യങ്ങളിൽപ്പോലും വമ്പിച്ച പ്രശംസയ്ക്കു പാത്രീഭൂതമായ ഈ കല കേരളത്തിന്റെ സ്വന്തമാണ്.



ശ്രീ കെ. കെ. ബാലകൃഷ്ണൻ നായർ

ചോദ്യം—എന്താണ് കഥകളിയുടെ സവിശേഷതകൾ?

ഉത്തരം—കഥകളി ഒരു നൃത്യനാടകമാണ്— താളാനുസൃതമായ ചവിട്ടുകളെ മാത്രം ആസ്പദിച്ചുള്ള ഒരു നൃത്തകലയല്ല അതു്. കഥ അതായതു് സാഹിത്യം—സംഗീതം—വാദ്യം—അഭിനയം—മുതലായ മററു പല കലാവിഭാഗങ്ങളും ഇതിൽ ആവശ്യം വേണ്ടിയിരിക്കുന്നു—നർത്തകൻതന്നെ ഒരേ സമയം താളം ചവിട്ടുകയും മുദ്രകൾ മുഖേന കഥ പറയുകയും അതോടൊപ്പം അതു ഭാവങ്ങളെക്കൊണ്ടു് അഭിനയിച്ചു കാണിക്കുകയും ചെയ്യേണ്ടതുണ്ട്—അതായതു് ചവിട്ടു്, മുദ്രകൾ, ഭാവം എന്നീ മൂന്നുപാധികൾക്കും തുല്യപ്രാധാന്യമാണ് കഥകളിയിൽ കല്പിച്ചിട്ടുള്ളതു്.

ചോദ്യം—ഇവയേ ഓരോന്നായി എടുത്തു വിശദീകരിക്കാമോ?

ഉത്തരം—പറയാം. നൃത്താംശമായ ചവിട്ടുകൾതന്നെ ആദ്യം എടുക്കുക. മുദ്രകളെക്കൊണ്ടു് കഥ പറയുന്നതായ സന്ദർഭത്തിൽ അധികവും താളത്തിനനുസരിച്ചു സാധാരണമട്ടിൽ ചവിട്ടിനിൽക്കുകയേ ചെയ്യുന്നുള്ളു—അക്കൂട്ടത്തിൽ മുന്നോട്ടും പിന്നോട്ടും ഇടത്തോട്ടും വലത്തോട്ടും എല്ലാം നീങ്ങി ചവിട്ടുകയും ചെയ്യും—

എന്നാൽ ചവിട്ടിൽ പ്രധാനമായതു് കലാശങ്ങളാണ്—പല്ലവി, അനുപല്ലവി, ചരണങ്ങൾ എന്നിവ ഓരോ തവണയും പാടി അവ

ബുദ്ധിശൂന്യമായ ഒരു പ്രവൃത്തിയായിട്ടാണ് കമ്മീഷൻ കരുതുന്നതു്. കാരണം ഘാതകനെ ജീവനോടെ പിടിക്കുന്നതിനു പകരം അവനെ വെടിവച്ചുകൊല്ലുകയാണുണ്ടായതു്. അതോടുകൂടി ഒരു ശ്രദ്ധാലോചനയുടെ എല്ലാതെളിവുകളും ഈ ഹീനകൃത്യത്തിന്റെ പിന്നിലുള്ളതെല്ലാം ഒന്നോടെ അപ്രത്യക്ഷമായിത്തീർന്നു. ഘാതകൻ മരിക്കുന്നതിനു മുമ്പ് അവനെ ആക്രമിച്ചു കൊന്ന മുസ്ലിം ലീഗ് വോളണ്ടിയർമാരെ കഠിനമായി ആക്ഷേപിക്കേണ്ടിയിരിക്കുന്നു.

[1951 ഒക്ടോബർ 24-ാം തീയതി അന്വേഷണക്കമ്മീഷൻ രൂപവൽക്കരിച്ചു. ഫെഡറൽ കോടതിജഡ്ജ് മി. മുഹമ്മദുമുനീറാണ് കമ്മീഷന്റെ പ്രസിഡണ്ടു് [1951 നവമ്പർ 26-ാംനു തെളിവു ശേഖരണം തുടങ്ങുകയും 1952 ജനുവരി 21—ാംനു അവസാനിപ്പിക്കുകയും ചെയ്തു ജനുവരി 21 മുതൽ 25 വരെ അവർ ചർച്ച നടത്തി.]



അന്നപൂർണ്ണ



അന്നപൂർണ്ണ

സാനിക്കുമ്പോഴാണ് ഈ കലാശങ്ങൾ സാധാരണ പ്രയോഗിക്കാറുള്ളതു്.

കലാശങ്ങൾ പലതരത്തിലുണ്ടു്—വട്ടംവെച്ചു് കലാശം, ഇടക്കലാശം, തോങ്കാരം, അഷ്ടകലാശം—മുതലായി പലതാണവ. ഓരോ താളത്തിനും വെവ്വേറെ കലാശങ്ങളുപയോഗിക്കാറുണ്ടു്.

കഥകളി അടിസ്ഥാനത്തിലുള്ള നൃത്തങ്ങളിലെ ഭംഗിയുള്ള ചവിട്ടുകൾ ഈ കലാശങ്ങളാണു്.

ചോദ്യം—കഥകളി ഊമക്കളിയാണെന്ന ആക്ഷേപത്തിനു് എന്താണു് സമാധാനം?

ഉത്തരം—ആ ആക്ഷേപം അറിവില്ലായ്മയുടെ ഫലമാണെന്നേ പറയാവൂ—പദാർത്ഥം മാത്രം എടുത്തുപറഞ്ഞാൽ ശരിയായിരിക്കും—അതായതു് കഥകളി നടൻ സംസാരിക്കുന്നില്ലല്ലൊ. എന്നാൽ ഏതു ഭാഷയ്ക്കും അതീതമായ രീതിയിൽ അയാൾ സംസാരിക്കുകയാണെന്നു് അതിന്റെ ഭാഷ അറിഞ്ഞുകൂടാത്തവർക്കു മനസ്സിലാവുകയില്ല. കഥകളിയുടെ ഭാഷ അതിലെ കൈമുദ്രകളാണു്. ആ ഭാഷ അറിയാത്തവർക്കു് അകഥാകഥനം മനസ്സിലാവുകയില്ല. അതിനെക്കുറിച്ചു ആക്ഷേപിച്ചിട്ടു പ്രയോജനമില്ല. ഫ്റെഞ്ചുഭാഷ അറിയാത്ത ഒരാളോടു് ഫ്റെഞ്ചിൽ സംസാരിച്ചാൽ അയാൾക്കെന്തെങ്കിലും മനസ്സിലാകുമോ? അതുപോലെതന്നെ അടിസ്ഥാനപരമായ മുദ്രകൾ ഇരുപത്തിനാലെണ്ണമാണു്. മുദ്രാഖ്യം, കടകം, മുഷ്ടി, പതാകം, കത്തരീമുഖം, ശുകതുണ്ഡം, കപിത്ഥകം, ശിഖരം, ഹംസപക്ഷം—മുകുരം, അഞ്ജലി, ഹംസാസ്യം അർദ്ധചന്ദ്രം, പല്ലവം, അരാളം, ത്രിപതാകം, ഭ്രമരം, സൂചികാമുഖം, മൃഗശീർഷകം, മുകുളം, വർദ്ധമാനകം, ഊർണ്ണനാഭം, സർപ്പശിരസ്സ്, കടകാമുഖം എന്നിവയാണവ. ഈ മുദ്രകൾ ഒറ്റയായും ഈരണ്ടെണ്ണം ചേർന്നും ഓരോ അർത്ഥങ്ങളെ ഉണ്ടാക്കുന്നു. ഒരേ മുദ്രയ്ക്കു തന്നെ സ്ഥാനവ്യത്യാസംകൊണ്ടു് അർത്ഥം മാറിവരും. ഇങ്ങിനെ ഭാഷയിലെ ഏതു വാക്കിനും തുല്യമായി കൈമുദ്ര കാണിക്കാൻ സാധിക്കുന്നതാണു്. വാക്കിനേക്കാൾ വാചാലമായ നിലയിൽ കൈമുദ്രകളെക്കൊണ്ടു് ആശയവിനിമയം ചെയ്യാനും സാധിക്കുന്നതാണു്.

ചോദ്യം—ശരി. ഭാവങ്ങളോ?

ഉത്തരം—നവരസങ്ങളെയും മുഖത്തു പ്രകാശിപ്പിക്കുവാൻ സാധിക്കും. വിസ്തരിക്കുന്ന കഥാഭാഗം ഏതു വികാരത്തെ ജനിപ്പിക്കുന്നതാണോ ആ വികാരം നടന്റെ മുഖത്തു സ്ഫുരിച്ചു കാ



അന്നപൂർണ്ണ

ണ്ണനം. ചവിട്ടിനോട്ടം മുദ്രകളോടുമൊപ്പം ഭാവപ്രകടനവും സാധിക്കുമ്പോൾ മാത്രമാണ് നാട്യം പൂർണ്ണമാകുന്നതു്. വിഷമകരങ്ങളായ പല സങ്കീർണ്ണഭാവങ്ങളും ചിലപ്പോൾ നടന്നു് പ്രയോഗിക്കേണ്ടിവരും— ഉദാഹരണത്തിനു് ഉത്തരാസ്വയംവരത്തിൽ "ഏകലോചനംകൊണ്ടു് കോപത്തോടു നിന്നെയും, ശോകത്തോടപരേണ നോക്കുന്ന പതിയേയും—" എന്നു പറയുന്ന ഒരു ഭാഗമുണ്ടു്—ഇതു് അഭിനയിച്ചൊപ്പിക്കാൻ പ്രയാസമുള്ള കാര്യമാണ്. ക്രോധ ശോക ഭാവങ്ങൾ ഒരേ സമയം മുഖത്തുദ്യോതിപ്പിക്കണമെന്നാണ് വരുന്നതു്. വിദഗ്ദ്ധന്മാർക്കു മാത്രമേ ഇത്തരം ഭാഗങ്ങൾ കോട്ടംകൂടാതെ അഭിനയിച്ചൊപ്പിക്കുവാൻ കഴിയൂ.

ചോദ്യം—കഥകളിയിലെ വേഷങ്ങൾ എന്തെല്ലാമാണ്?

ഉത്തരം—കത്തി, കരി, പച്ച, ചുവന്ന താടി, വെള്ളത്താടി, മിനുക്കിയ വേഷം, എന്നീ ചേരുകളാണ് കഥകളിവേഷങ്ങൾ അറിയപ്പെടുന്നതു്. മിനുക്കിയ വേഷങ്ങൾ ഒഴികെ ഇതിനുള്ള ഒരു പ്രത്യേകത അരങ്ങു കീഴെ എല്ലാവരുടെയും വേഷം ഒരുപോലെതന്നെയാണെന്നുള്ളതാണ്. കഥയിലെ സാത്വികപ്രകൃതിക്കാരായ ആദർശകഥാപാത്രങ്ങളാണ് സാധാരണ പച്ചവേഷത്തിൽ വരുന്നതു്. വീരരസം മുന്തിനിൽക്കുന്ന കഥാപാത്രങ്ങൾക്കു് കത്തിവേഷം. ദുഷ്ടകഥാപാത്രങ്ങളാണ് ചുവന്ന താടിക്കാർ—വെള്ളത്താടി ഹനുമാൻ, അംഗദൻ, ജാംബവാൻ തുടങ്ങിയ വാനരന്മാരുടെ വേഷം കെട്ടുമ്പോൾ എടുക്കുന്നതാണ്—ബ്രാഹ്മണൻ, മഹർഷി മുതലായവർക്കുള്ളതത്രെ മിനുക്കിയ വേഷം—



അന്നപൂർണ്ണ



ചോദ്യം—തോടയം-പുറപ്പാടു് മുതലായതെല്ലാം എന്താണ്?

ഉത്തരം—കഥകളി ആർഭാടപൂർണ്ണമായ ഒരു വമ്പിച്ച ഏർപ്പാടാണ്. അതിന്റെ ആരംഭവും അതിനൊത്തവണ്ണംതന്നെയാണ്—തുടക്കത്തിൽ ഒരു പ്രാർത്ഥനയുണ്ടു്. അതും നൃത്തരൂപത്തിൽ തന്നെയാണ്. പക്ഷേ ആ നൃത്തം തിരശ്ശീലക്കു പിന്നിൽവെച്ചു നടത്തുന്നതല്ലാതെ കാണികളുടെ മുമ്പാകെവച്ചു ചെയ്യുന്നതല്ല. അതിന്റെ പേരാണ് തോടയം. പുറപ്പാടു് എന്നു പറയുന്നതു് മറ്റൊന്നാണ്. ഏതു കഥ രംഗത്തു പ്രയോഗിക്കാൻ പോകുന്നുവോ ആ കഥയിലെ നായികാനായകന്മാരെ ആദ്യമായി രംഗത്തു കൊണ്ടുവരി

കയാണ് ഇതുമുഖാന്തിരം ചെയ്യുന്നത്. പക്ഷെ പുറപ്പാടിനുള്ള വേഷക്കാരും കഥയിൽ ആദ്യവസാനം അഭിനയിക്കുന്നവരായ വേഷക്കാരും വെവ്വേറെ ആളുകളായിരിക്കും. പഴയ സംസ്കൃതനാടകങ്ങളിൽ സൂത്രധാരനും നടിയും നിർവ്വഹിക്കുവാൻ ഉദ്ദേശിച്ചതായ ആവശ്യമുണ്ടല്ലോ അതാണ് പുറപ്പാടുകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളത്. അതായതു് കഥയെക്കുറിച്ചുള്ള ഒരു മുൻസൂചനനൽകൽ.

ചോദ്യം—ഇന്ന് കഥകളിക്ക് വേണ്ടത്ര പ്രചാരമില്ലാതിരിക്കുന്നതിന്റെ കാരണമെന്താണ്?



മണിശ്രീകുമാരിയും ബേബി ശ്രീദേവിയും

(ലോട്ടസ് സർക്കിൾ നടത്തിയ നൃത്തകലാമത്സരത്തിൽ ബേബി ശ്രീദേവി ജൂനിയർ വിഭാഗത്തിലെ ഒന്നാം സമ്മാനം നേടി. ഈ പിഞ്ചു പൈതങ്ങൾ ഈയിടെ ഗുരുവായൂർ ക്ഷേത്രസന്നിധിയിൽവെച്ചും നൃത്തകലാപ്രകടനം നടത്തുകയുണ്ടായി.)

ഉത്തരം—കാരണങ്ങൾ പലതുണ്ട്. ഒന്നാമതു് ആ കലാസമ്പ്രദായത്തിനു് വളർച്ചമുട്ടിയിട്ടുണ്ടെന്ന് പറയാതിരിക്കുവാൻ നിർവ്വാഹമില്ല. ആധുനികജീവിതത്തെ ചിത്രീകരിക്കുന്ന പുതിയ കഥകൾ ഉണ്ടാവുന്നില്ല. കഥകളിയുടെ സ്വഭാവംവെച്ചു നോക്കുമ്പോൾ അത്തരം കഥകൾ ഉണ്ടാകുകയും വയ്യ. പുരാണ കഥാപാത്രങ്ങൾക്കല്ലാതെ കഥകളിയിൽ പതിവുള്ള മട്ടിലുള്ള അതിശയോക്തിപരങ്ങളായ വേഷവിധാനങ്ങളും ഇംഗിതപ്രകാശനരീതിയും കല്പിച്ചുകൊടുക്കുക ഉചിതമാവില്ല— ആധുനികജീവിതത്തെ ചിത്രപ്പെടുത്തുന്ന കഥ ആവിഷ്കരിക്കുന്നുമെങ്കിൽ അതിനനുസരിച്ചുള്ള പല മാററങ്ങളും കഥാംശമൊഴികെയുള്ള മററു ഭാഗങ്ങളിലും വരുത്തേണ്ടതായി വരും. അതിന്റെ അർത്ഥം, അതു കഥകളിയല്ലാതെ മററെന്തോ ആയിത്തീരുക എന്നായിരിക്കും. അതിലും ഭേദം ഉണ്ടായേടത്തോളം വളർച്ച അങ്ങിനെ നിന്നുകൊള്ളട്ടെ എന്നു കരുതുകയായിരിക്കും. രണ്ടാമത്തെ കാരണം, കഥകളിയിലെ ഉയർന്ന കലാരൂപത്തിനു് ആസ്വാദകന്മാർ കുറവാണെന്നുള്ളതാണ്. അതുകൊണ്ടു് അതി



അന്നപൂർണ്ണ

ന്റെ തുടരെയുള്ള പ്രദർശനം ആദായകരമാവില്ല—നടന്മാർക്കെന്നപോലെ കാണികൾക്കും അമിതമായ കായികക്ലേശം ആവശ്യമായിരിക്കകൊണ്ടു് ഇതെപ്പോഴും പ്രദർശിപ്പിച്ചു കൊണ്ടിരിക്കുക എളുപ്പവുമല്ല—രാത്രി മുഴുവൻ ഉറക്കമൊഴിക്കൽ. പകൽസമയം ജോലി ചെയ്യേണ്ടവർക്കു അധികമൊന്നും സാദ്ധ്യമല്ലല്ലൊ.

ചോദ്യം—ഇപ്പോൾ പ്രചാരത്തിലുള്ള ലഘുനൃത്തങ്ങൾ ഏതടിസ്ഥാനത്തിലുള്ളവയാണ്?

ഉത്തരം-അധികവും കഥകളിയടിസ്ഥാനത്തിലുള്ളവയാണ്. ഭരതനാട്യം, മണിപുരി മുതലായ ഇതരസമ്പ്രദായങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പ്രാമുഖ്യമുള്ളതു് കഥകളിഅടിസ്ഥാനത്തിലുള്ള നൃത്തങ്ങൾക്കു തന്നെയാണ്, കഥകളി

യിലെ കലാംശങ്ങളായ ചവിട്ട്, മുദ്രകൾ, ഭാവങ്ങൾ എന്നിവയെ അതിന്റെ ആർഭാടപൂർവ്വവും അതിഗൗരവാവഹവുമായ അന്തരീക്ഷത്തിൽനിന്നും സാഹചര്യങ്ങളിൽനിന്നും മാററി ലഘുരീതിയിൽ പ്രദർശിപ്പിക്കയാണ് ഈ നൃത്തങ്ങളിൽ ചെയ്തിട്ടുള്ളതു്.

ചോദ്യം—ഇതുകൊണ്ടു് കഥകളി തരംതാഴ്ത്തപ്പെടുകയില്ലേ?

ഉത്തരം—തീർച്ചയായും കഥകളിയുടെ മഹത്വം ഈ നൃത്തങ്ങൾക്കുണ്ടെന്നു പറയാനാവില്ല. പക്ഷെ, കഥകളിയിലെ കലാംശങ്ങളെ സാധാരണസഹൃദയരെക്കൊണ്ടാസ്വദിപ്പിക്കുവാൻ ഉതകുന്നവണ്ണം, കാലാനുസൃതമായി ഉണ്ടായിവന്നിട്ടുള്ള ഒരു പുതിയ കലാരൂപമാണിതെന്നു പറയണം. ഈ നൃത്തങ്ങളിൽ പൂർണ്ണരൂപത്തിലുള്ള കഥ ആവശ്യമില്ല. ചെറിയ കഥാഭാഗങ്ങളേയോ, ഒരു കഥാപാത്രത്തിന്റെ സ്വഭാവമഹത്വത്തെയോ പ്രകാശിപ്പിക്കുന്നവിധത്തിലുള്ള പ്രവേശനത്തേയോ, ഏതെങ്കിലുംഒരാശയത്തെ ഉദാഹരിക്കുന്ന വിധത്തിലുള്ള കൽപ്പിതരംഗങ്ങളേയൊ കുറച്ചുമിനുട്ടുകൾക്കുള്ളിൽ ആടി അവസാനിപ്പിക്കുന്നവയായിരിക്കും ഈ നൃത്തങ്ങൾ. വേഷവിധാനങ്ങളിലും ഇന്നത്തെ രുചിക്കിണങ്ങുന്നവിധത്തിലുള്ള മാററങ്ങൾ വരുത്തിട്ടുണ്ടു്—സാഹിത്യവുമായി ഇടതട്ടിച്ചു പറയുകയാണെങ്കിൽ, വലിയ മഹാകാവ്യങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്തിനുശേഷം ചെറുകവിതകൾ രചിക്കുന്ന ഒരു പതനം ഉണ്ടായിതീർന്നില്ലെ? അതുപോലെയുള്ള ഒരു സ്ഥിതിവിശേഷമാണിതു്. കഥകളി ഗുണസമ്പൂർണ്ണമായ ഒരു മഹാകാവ്യമാണെങ്കിൽ ഇപ്പറഞ്ഞ ലഘുനൃത്തങ്ങൾ കൊച്ചു കൊച്ചു കവിതകളാണു്.

മെൻസാണ

ആർത്തവകാലങ്ങളിലുണ്ടാകുന്ന അതിവേദനയെ മാററി ആർത്തവത്തെ ക്രമപ്പെടുത്തുന്നതിനും ഗർഭാശയസംബന്ധമായ എല്ലാ രോഗങ്ങളെയും ശമിപ്പിച്ചു ആകർഷകമായ യൗവനത്തെ വീണ്ടെടുക്കുന്നതിനും അത്യുത്തമം

എസ്. കെ. വി. ഫാർമസി, പാലസ് റോഡ്, ആലപ്പുഴ.

ചോദ്യം—ഈ നൃത്തങ്ങൾക്കും ഇതരനൃത്ത സമ്പ്രദായങ്ങൾക്കും തമ്മിലുള്ള വ്യത്യാസം എന്താണ്?

ഉത്തരം—ആദ്യം പറഞ്ഞവണ്ണം ചവിട്ടിനും മുദ്രകൾക്കും ഭാവങ്ങൾക്കും സമാനപ്രാധാന്യമുള്ളവയാണ് ഈ നൃത്തങ്ങൾ മററു നൃത്തസംപ്രദായങ്ങളിൽ ഇവയിലേതെങ്കിലുമൊന്നിനു കൂടുതൽ പ്രാധാന്യം കൽപ്പിക്കുന്നതായിക്കാണാം. ഉദാഹരണത്തിനു് ഭരതനാട്യത്തിൽ ചവിട്ടുകൾക്കു് കുറച്ചധികം, പ്രാധാന്യമുണ്ടു്. മണിപുരിയിൽ അംഗചലനങ്ങൾ മററു സംഗതികളെ അപേക്ഷിച്ചു് മുന്തിനിൽക്കുന്നു. കഥകളി അടിസ്ഥാനത്തിലുള്ള നൃത്തങ്ങൾക്കാകട്ടെ, മുൻപറഞ്ഞ മൂന്നുപാധികളും മുന്തിയനിലയിൽതന്നെ ഉണ്ടാകണം. ആദ്യം പറഞ്ഞ കലാശച്ചവിട്ടുകൾക്കു് ഈ ലഘുനൃത്തങ്ങളിൽ കൂടുതൽ സ്ഥാനമുണ്ടു്—ചവിട്ടിനെ സംബന്ധിച്ചേടത്തോളമുള്ള ഭംഗി—അതിലാണല്ലൊ ഇരിക്കുന്നതു്—ഇതു കൂടാതെ കർണ്ണാടകസംഗീതത്തിന്റെ വർണ്ണമട്ടുകൾക്കനുസരിച്ചുള്ള ചവിട്ടുകളും ചിട്ടപ്പെടുത്തി തയ്യാറാക്കിട്ടുണ്ടു്. ഈ നൃത്തങ്ങളിലും മുദ്രകൾമുഖേന കഥാകഥനവും വർണ്ണനകളും സാധിക്കുന്നു. രസദ്യോതകമായ മുഖഭാവങ്ങളെക്കൊണ്ടുള്ള അഭിനയവും അതുപോലെതന്നെ പ്രധാനമാണ്. ഒരു സംഗതികൂടി. കഥകളി പുരുഷന്മാർ മാത്രമെ ആടാറുള്ളു. പക്ഷെ, ഈ ലഘുനൃത്തങ്ങൾ പുരുഷന്മാരും സ്ത്രീകളും ഒരുപോലെ പഠിച്ചും നിർവ്വഹിച്ചും വരുന്നു.

ചോദ്യം—ഈ നൃത്തസംപ്രദായത്തിനു് ഇപ്പോൾ വേണ്ടപോലും അഭിവൃദ്ധിയും പ്രചാരവുമുണ്ടോ?

ഉത്തരം—വേണ്ടേടത്തോളം ഉണ്ടെന്നു പറഞ്ഞുകൂടാ. ഇനിയും കുറെ അധികം പ്രോത്സാഹനങ്ങൾ കലാവേദികളായ ബഹുജനങ്ങളിൽനിന്നും അധികൃതന്മാരിൽനിന്നും ലഭിച്ചെങ്കിലേ ഈ നൃത്തസമ്പ്രദായത്തിനു് അതിന്റെ സാദ്ധ്യതകളെ മുഴുവൻ പ്രകാശിപ്പിക്കത്തക്കവണ്ണം വളരുവാൻ കഴിയൂ.

കഥകളി അതേരൂപത്തിൽ എടുത്തു പറയുകയാണെങ്കിൽ, വളർച്ച മുട്ടിയ ഒന്നാണെന്നു പറയണം. എന്നാൽ കഥകളിയുടെ സത്തടങ്ങിയ ഈ ലഘുനൃത്തങ്ങൾക്കു് ഇനിയും വളരെ അധികം വളരുവാൻ കഴിയും. പുതിയ പുതിയ ആശയങ്ങളേയും ഇതിവൃത്തങ്ങളേയും സ്വീകരിക്കുവാനും ആവിഷ്ക്കരണരീതിയിൽതന്നെ പുതിയ പുതിയ പകിട്ടുകൾ വരുത്തുവാനും സാദ്ധ്യതയുണ്ടു്.

പക്ഷെ, അതു് കാലത്തെയും സഹൃദയജനങ്ങൾ നൽകുന്ന പ്രോത്സാഹനത്തെയും ആശ്രയിച്ചിരിക്കും.

നാലു റാത്തൽ മത്സ്യവും, നാലു റാത്തൽ മാംസവും ആറു കുപ്പി വൈനും, പുറമെ കുഞ്ചു പൊരിച്ച കോഴിക്കുഞ്ഞുങ്ങളും തിന്നുന്ന

ചില ആധുനിക 'ബക'ൻമാർ

രസകരങ്ങളായ ചില തീററിമത്സരങ്ങൾ

കൊല്ക്കത്തെ കോളേജ് വിദ്യാർത്ഥികൾ ഏതാനും ദിവസങ്ങൾക്കുമുമ്പു നടത്തിയ ഒരു "തീററിമൽസര"ത്തിൽ 14 ചപ്പാത്തി തിന്ന ഒരു വിദ്യാർത്ഥി ഒന്നാം സമ്മാനവും 13 ചാപ്പാത്തി തിന്ന മറെറാരു വിദ്യാർത്ഥി രണ്ടാം സമ്മാനവും നേടിയതായി പത്രറിപ്പോർട്ടുകൾ കാണുകയുണ്ടായി. "തീററിമൽസരം" വളരെ രസകരമായ ഒന്നുതന്നെയാണ്. എന്തുകൊണ്ടെന്നാൽ ജയിക്കുന്നവനും തോൽക്കുന്നവനും ഒരുപോലെ രസിക്കാവുന്ന ഒന്നാണിതു്. ഈ തീററിമത്സരം പ്രോൽസാഹനാർഹമായ ഒന്നാണ്. കാരണം, നമ്മുടെ ഇന്നത്തെ യുവാക്കന്മാരിൽ അധികപക്ഷം ഒരു രണ്ടു ചപ്പാത്തിയോ ദോശയോ അകത്താക്കുന്നതിനു മുമ്പു "ഏമ്പക്കം" വിട്ടുതുടങ്ങുന്നവരാണ്. ബകന്റെയും ഭീമസേനന്റെയും നാട്ടിൽ കാലാന്തരത്തിൽ വന്നുചേർന്ന അധഃപതനം!

ഈ തീററിമൽസരങ്ങൾ മററു രാജ്യങ്ങളിലും സർവ്വസാധാരണമാണ്. ഏതാനും ദിവസങ്ങൾക്കു മുമ്പു ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിൽ ഇതുപോലുള്ള ചില "തീററിമൽസര"ങ്ങളുടെ വിവരങ്ങൾ കൊടുത്തിരുന്നു. 1938—ൽ ടെന്നസി (അമേരിക്ക)യിൽവെച്ചു നടന്ന ഒരു മുട്ട തീററിമൽസരത്തിൽ റോബർട്ട് സോൾസു എന്നയാൾ 30 മിനിററുകൊണ്ടു 60 മുട്ട തിന്നു ഒന്നാം സമ്മാനം നേടിയത്രേ. പക്ഷെ, വിദ്വാനു ഉടനെതന്നെ ആശുപത്രിയെ അഭയം പ്രാപിക്കേണ്ടതായി വന്നു. ഇംഗ്ലണ്ടിൽ മിഡിൽ ബറോയിലെ ഒരു വ്യാപാരി മൽസരിച്ചു ഒരു റാത്തൽ മാംസവും, 13 പൊരിച്ച മുട്ടയും, 48 പുഴുങ്ങിയ മുട്ടയും തിന്നു 50 പവൻ കരസ്ഥമാക്കി. മറെറാരവസരത്തിൽ ഇയാൾതന്നെ 50 കഷണം പൊരിച്ച പോർക്കിറച്ചി ഒരിരുപ്പിനു തിന്നുകയുണ്ടായി.

കെ. പി. കൃഷ്ണപിള്ള

ഒരു ലണ്ടൻ ഡോക്കു തൊഴിലാളിയായ ഹെൻറിബ്യുള്ളിയൻ ഒരിക്കൽ 10 റാത്തൽ മാട്ടിറച്ചിയും, 50 റാത്തൽ കിഡ്നിയും, 18 റാത്തൽ ഉരുളക്കിഴങ്ങും ഭക്ഷിച്ചുവത്രേ. 1934-ൽ ഒരു സംഘം തീററിമൽസരക്കാർ ഫ്രാൻസിൽ സമ്മേളിച്ചു നടത്തിയ മൽസരത്തിൽ വിജയിയായ ആൾ എന്തെല്ലാമാണെന്നോ അകത്താക്കിയതു്? ഉരുളക്കിഴങ്ങും മററുംകൂടി പാകപ്പെടുത്തിയ 4 റാത്തൽ തൂക്കമുള്ള മൽസ്യം 1. ആവശ്യമായ ചോറും ചേർത്തു പാകപ്പെടുത്തിയ 4 റാത്തൽ തൂക്കമുള്ള കോഴി 1 പാൽക്കട്ടി 30, പുളിക്കുന്ന ആപ്പിൾ 2, വൈൻ കുപ്പി 6, ജംബുമദ്യം കുപ്പി 2. ഈ മൽസരം കഴിഞ്ഞു ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ അയാൾ ഒരു റെസ്റ്റോറൻറിൽ ഇരുന്നു പൊരിച്ച കോഴിക്കുഞ്ഞുങ്ങളെ തിന്നുന്നു!

ഒരു അമേരിക്കനായ ഡോ. എച്ച്. എൽ. ബോണർ ഭക്ഷണകാര്യത്തിൽ ലോകറിക്കാർഡ് സമ്പാദിച്ചവനാണെന്നു പറയാം. യുദ്ധത്തിനു മുമ്പു ഡോക്ടറുടെ ഉച്ചഭക്ഷണത്തിന്റെ വിഭവങ്ങളാണു ചുവടെ ചേർക്കുന്നതു്. ഉള്ളി ചേർത്തു പാകപ്പെടുത്തിയ വറുത്ത മാംസം 5 റാത്തൽ, പുഴുങ്ങിയ മുട്ട 48, ഉരുളക്കിഴങ്ങു 18, ടൊമാറേറാ റാത്തൽ 4, പഴക്കഷണം 3, വലിയ ഗ്ലാസ്സിനു 9 ഗ്ലാസ്സ് പാൽ, അത്താഴത്തിനു വറുത്ത മാംസം 4 റാത്തൽ, മുട്ടയും, പാൽ 2 ഗാലൻ ഇത്രയുമേ വേണ്ടിയിരുന്നുള്ളു!

1939—ൽ ഒരു അമേരിക്കൻ ഫാക്ടറിത്തൊഴിലാളി ഒരൊററയിരുപ്പിനു പൊരിച്ച മാംസം 16 റാത്തൽ; 3 റൊട്ടി, ഒരു ഗാലൻ ചായ, 2 ഇറച്ചിക്കഷണങ്ങൾ, ഒരു റാത്തൽ വെണ്ണ, 7 റാത്തൽ ഉരുളക്കിഴങ്ങു, ഒരു ഇടങ്ങഴി ഐസ്ക്രീം, പുഴുങ്ങിയ മുട്ട 132 എന്നിത്രയും ഭക്ഷിച്ചുവത്രേ. 1935-ൽ നടത്തപ്പെട്ട ഒരു ഡഫ്നട്ട് (ഒരു പലഹാരം) തീററിമൽസരത്തിൽ ആൽബർട്ടുകാർമാനിക്കോയെന്നയാൾ 68 മിനിററിനുള്ളിൽ ഡഫ്നട്ട് തിന്നു. എന്നിട്ടു അതിനു പുറമെ ഒരു ഗാലൻ ലെമൺ സോഡയും!

തിരുവനന്തപുരം മെഡിക്കൽ കോളജ്

(ഡാക്ടർ സി. ഒ. കരുണാകരൻ എം. ബി. ബി. എസ്, ഡി. ററി., എം. ആൻഡ് എച്ച്., ഡി. പി. എച്ച്. ഡി. ബി, പ്രിൻസിപ്പാൾ, മെഡിക്കൽകോളജ്)



മിസ്റ്റർ ഹോയർ

(പുതിയ മെഡിക്കൽ കോളജ് പ്രിൻസിപ്പൽ)

ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ആധുനികവൈദ്യശാസ്ത്രചരിത്രത്തിലെ ഏററവും പ്രധാനപ്പെട്ട ഒരു സംഭവമാണ് മെഡിക്കൽ കോളജിൻെറ ആരംഭം. ആധുനികവൈദ്യത്തെ സ്വാഗതം ചെയ്യുന്നതിലും, പ്രചരിപ്പിക്കുന്നതിലും, ഈ സംസ്ഥാനം എപ്പോഴും മുന്നിട്ടു നിന്നിട്ടുണ്ട്. പക്ഷെ ഒരു കോടിയോളം ജനസംഖ്യയുള്ള നമുക്കു 1951 ആഗസ്റ്റ് വരെ ഒരു മെഡിക്കൽ കോളജ് ഇല്ലായിരുന്നതു് ഏററവും വലിയ ഒരു കുറവായിരുന്നു. ഇതിനെക്കാൾ കുറഞ്ഞ ജനസംഖ്യയുള്ള സംസ്ഥാനങ്ങളിൽപോലും ഒന്നോ അതിലധികമോ കോളജുകൾ സ്ഥാപിച്ചു കഴിഞ്ഞിരുന്നു. അതുകൊണ്ടത്രെ, വിദ്യാഭ്യാസത്തിൽ ഏററവും മുന്നിട്ടു നിൽക്കുന്ന നമുക്കു മെഡിക്കൽ കോളജ് ഇല്ലാതിരുന്നതിനെപ്പററി ഈ കോളജ് ഉൽഘാടനം ചെയ്ത ശ്രീ. ജവഹർലാൽ നെഹറുവും, പിന്നീടു കോളജ് സന്ദർശിച്ച ശ്രീമതി അമൃതകൌറും ആശ്ചര്യം പ്രദർശിപ്പിച്ചതു്.



മിസ്സിസ്സ് ഹോയർ

ഇൻഡ്യൻ ജനതയുടെ ഏററവും മൌലികമായ ആവശ്യങ്ങൾ നിറവേറുന്നതിനു അമ്പതിനായിരംപേർക്കു—ആയിരം കുടുംബങ്ങൾക്കു—ഒരു ഡോക്ടർ വേണമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇതു സാധ്യമാകണമെങ്കിൽ ഒരു ലക്ഷംപേർക്കു ആണ്ടുതോറും ഒരാൾ എന്ന തോതിൽ വൈദ്യവിദ്യാഭ്യാസത്തിനു സൗകര്യമുണ്ടായിരിക്കണം. അതായതു 100 പേരെ ആണ്ടുതോറും പ്രവേശിപ്പിക്കാവുന്ന ഒരു കോളജ് നമുക്കു വേണം. ഇതാണു ഈ കോളജിൻെറ ലക്ഷ്യം. സംഘടനാപരമായ ജോലികൾ പൂർത്തിയാകുന്നതുവരെ പ്രവേശനം പരിമിതപ്പെടുത്തിയിരിക്കുകയാണെങ്കിലും, ഇപ്പോഴത്തെ അറുപതു, അടുത്ത വർഷം മുതൽ വർദ്ധിപ്പിച്ചു് അഞ്ചുകൊല്ലംകൊണ്ടു ആണ്ടുതോറും നൂറു വിദ്യാർത്ഥികൾക്കു പ്രവേശനം നൽകാൻ സാധിക്കും.



ഡോ. സി. ഒ. കരുണാകരൻ

(കഴിഞ്ഞ വർഷംവരെ മെഡിക്കൽ കോളജ് പ്രിൻസിപ്പായിരുന്ന ദേഹം)

ഈ സംസ്ഥാനത്തിനാവശ്യമുള്ളിടത്തോളം ഡോക്ടർമാരെ കിട്ടുക എന്നുള്ളതു് മാത്രമല്ല കോളജ് കൊണ്ടു സാധിക്കുന്നതു്. നിർദ്ധനരും സമർത്ഥരുമായ യുവാക്കൾക്കു് വൈദ്യവിദ്യാഭ്യാസത്തിനുള്ള വഴിയും അതു

തുറന്നിരിക്കുന്നു. ഇതുവരെ ഈ കോളജിലേക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരിൽ ഒട്ടുമുക്കാലും വിദ്യാർത്ഥികൾ, അന്യസംസ്ഥാനങ്ങളിലെ കോളജുകളിൽ അവർക്കു പ്രവേശനം കിട്ടുമായിരുന്നെങ്കിൽത്തന്നെയും—ഇതു സാദ്ധ്യമല്ല—അതു പ്രയോജനപ്പെടുത്തുവാൻ വേണ്ടി ധനശേഷിയില്ലാത്തവരാണ്. സുഖലോലുപന്മാരായി വളർന്നിട്ടുള്ള പണക്കാരുടെ സന്താനങ്ങളിൽനിന്നു പ്രതീക്ഷിക്കാവുന്നതിൽ കൂടുതൽ ആത്മാർത്ഥമായ സേവനം ഈ വിദ്യാർത്ഥികളിൽനിന്നായിരിക്കാം.

ചികിത്സയും രോഗനിവാരണവും ഏററവും ആധുനികമായ രീതിയിൽ നടത്തുന്നതിനുള്ള ശക്തിയേറിയ പ്രചോദനം നൽകുന്നതു മെഡിക്കൽ കോളജുകളാണ്. പ്രാദേശികമായി പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനുള്ള കേന്ദ്രങ്ങളും മെഡിക്കൽ കോളജുകളാണ്. ഇങ്ങിനെ നാനാ പ്രകാരത്തിലും വൈദ്യവും പൊതുജനാരോഗ്യവും സംബന്ധിച്ച ഇവിടത്തെ സകല പ്രവർത്തനങ്ങൾക്കും ഒരു സമൂല പരിവർത്തനം ആസന്നഭാവിയിൽ വരുത്താൻ ഈ കോളജ് സഹായകമാകുമെന്നുള്ളതിനു സംശയമില്ല.

പലവിധത്തിലും ഈ കോളജ് മററു കോളജുകളിൽനിന്നു വ്യത്യസ്തമാണ്. കോളജ് വിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള ആശുപത്രികളും, താമസത്തിനുള്ള ഹോസ്റ്റലുകളുമെല്ലാം അതികമനീയമായ ഒരു സ്ഥലത്തു കേന്ദ്രീകരിച്ചിരിക്കയാണ്. ഈ സ്ഥാപനങ്ങളും അവയുടെ കൂട്ടിയിണക്കും ഇൻഡ്യാക്കാരും വിദേശീയരുമായ അനേകം സന്ദർശകരുടെ മുക്തകണ്ഠമായ പ്രശംസ സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. ഈ സംസ്ഥാനത്തിനുമാത്രമല്ല, ഭാരതത്തിനു പൊതുവെ, പൂർണ്ണമായും അഭിമാനിക്കാവുന്നതും യഥാർത്ഥദേശഭക്തരായ വൈദ്യശാസ്ത്രനിപുണരെ ആണ്ടുതോറും മാതൃഭൂമിക്കു കാഴ്ചവയ്ക്കുന്നതുമായ ഒരു മഹൽസ്ഥാപനമായി ഈ കോളജും വികസിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ബാലമണ്ഡലം

ഉപന്യാസമത്സരപരീക്ഷ

അരുണവായനക്കാരായ ബാലസുഹൃത്തുക്കളേ,

പത്രമാസികകളും പുസ്തകങ്ങളും വായിക്കുന്ന പതിവുള്ള നിങ്ങളിൽ പലർക്കും സാഹിത്യനിർമ്മാണത്തിനുള്ള വാസനയും കഴിവും ഉണ്ടായിരിക്കുമെന്നറിയാം. ഉപന്യാസങ്ങൾ, ചെറുകഥകൾ, കവിതകൾ, വിനോദലേഖനങ്ങൾ മുതലായവ എഴുതുവാനുള്ള കഴിവു പല ബാലസ്നേഹിതന്മാരും ആരംഭസഹജമായ ലജ്ജകൊണ്ടോ പ്രസിദ്ധീകരണസൗകര്യം ലഭിക്കായ്കകൊണ്ടോ മൂടിവയ്ക്കുന്നുണ്ടെന്നും അറിയാം. നിങ്ങളുടെ ഈ കഴിവുകൾ ഭാവിയിൽ മലയാളസാഹിത്യത്തിനു മുതൽക്കൂട്ടുണ്ടാകുവാൻ ഉപകരിക്കത്തക്കവണ്ണം വളർന്നു കാണുന്നതിനു അരുണ പ്രവർത്തകന്മാർക്കു അത്യന്തം ആഗ്രഹമുണ്ട്. അതിനുവേണ്ടി അരുണയിലൂടെ സാദ്ധ്യമായ എല്ലാ പ്രോത്സാഹനങ്ങളും ഇതാ വാഗ്ദാനം ചെയ്തുകൊള്ളുന്നു.

ശരി, നിങ്ങളുടെ ഈ കഴിവുകൾ എത്രത്തോളമുണ്ടെന്നു ഒന്നു പരിശോധിക്കുവാൻ ഉദ്ദേശിക്കുന്നു. ഓരോ ലക്കത്തിലും ഒരു മത്സരപ്പരീക്ഷ നടത്തിനോക്കുന്നതു നന്നായിരിക്കയില്ലേ? ആദ്യം ഉപന്യാസം തന്നെയാകട്ടെ. ആറാം ഫോറം വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളേ ഇതിൽ പങ്കെടുക്കേണ്ടൂ. ഉപന്യാസം ഫുൾസ്കാപ്പ് 3 പേജിൽ കവിയരുത്. ഓരോരുത്തരുടേയും പേരും മേൽവിലാസവും പഠിക്കുന്ന ക്ലാസ്സും വ്യക്തമായി എഴുതിയിരിക്കണം. ഏററവും നല്ല രണ്ടു ഉപന്യാസങ്ങൾക്കു സമ്മാനങ്ങൾ നൽകുന്നതും അവ അടുത്ത ലക്കം അരുണയിൽ പ്രസിദ്ധീകരിക്കുന്നതുമായിരിക്കും.

ഉപന്യാസത്തിനു വിഷയം വേണ്ടേ? ഇതാകട്ടെ വിഷയം: "ഞാൻ ആരായിത്തീരുവാൻ ആഗ്രഹിക്കുന്നു." നിങ്ങൾക്കു ഓരോരുത്തർക്കും ഭാവിയിൽ ഇന്ന ജീവിതമാർഗ്ഗം കൈക്കൊള്ളണമെന്നും അതിനുവേണ്ടി ഇന്നിന്നതെല്ലാം ചെയ്യണമെന്നും ഉള്ള ആഗ്രഹങ്ങളും പ്രതീക്ഷകളും ഉണ്ടായിരിക്കുമല്ലോ. എന്തുകൊണ്ടാണു അങ്ങിനെ കാംക്ഷിക്കുന്നതെന്നും നിങ്ങൾക്കു പറയാനുണ്ടാവും. ഈ സംഗതികളാണു ലേഖനത്തിൽ ഉൾക്കൊള്ളിക്കേണ്ടതു്. ഉപന്യാസം നിശ്ചിത വ

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
A.S.S.
പാണ്ടുവിൻ
പാലസ്റോഡ്, ആലപ്പുഴ

ഒരു രാത്രി-ഒരു സ്വപ്നം-ഒരൽഭുതം

(നമ്മുടെ നാനാക്കൽ കുറെ നാളായി മൗനമായിരുന്നു. ഇപ്പോഠം ഇതാ അദ്ദേഹം വീണ്ടും അരുണയിലേക്കു കഥകഠം എഴുതിത്തുടങ്ങിയിരിക്കുന്നു. അരുണയുടെ ആദ്യത്തെ രണ്ടു വർഷത്തിനുള്ളിൽ അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ച കഥകഠം ഈ വർഷം പുസ്തകരൂപത്തിൽ പുറത്തു വന്നു. അതിനു വായനക്കാർ ഹൃദയപൂർവ്വമായ സ്വാഗതം നൽകിക്കൊണ്ടിരിക്കുന്നു. നാനാക്കലിന്റെ ഏററവും പുതിയ കഥയാണു് ഇവിടെ ചേർക്കുന്നതു്.)

സംഭവം നടന്നതു ഒരു രാത്രിയിലാണു്. നിലാവുണ്ടായിരുന്നു. ഓർമ്മിച്ചുനോക്കുമ്പോൾ വേനൽക്കാലത്തിലെ ഒരു പൗർണ്ണമിയാണു്. നല്ല ചൂടുള്ള ഒരു രാത്രി. എനിക്കു ഉറക്കം വന്നില്ല. ഞാൻ വസ്ത്രങ്ങളെല്ലാം അഴിച്ചുമാററി. ഒരു ജട്ടി മാത്രം ധരിച്ചു. ഹോ ....എന്തൊരു ചൂടായിരുന്നുവെന്നോ!

കൂട്ടത്തിൽ ഒന്നുകൂടി പറയാനുണ്ടു്. ഞാനാ വീട്ടിൽ ഏകനായിട്ടാണു താമസിച്ചിരുന്നതു്. മിക്ക സ്ഥലങ്ങളിലും ഞാനിങ്ങനെയാണു താമസിച്ചിട്ടുള്ളതു്. പ്രത്യേകിച്ചു കാരണമൊന്നുമുണ്ടായിട്ടല്ല. ഞാൻ ഏകാന്തത ഇഷ്ടപ്പെടുന്നു.

ഓ.. കഥ മറന്നു പോയി. അപ്പോൾ സമയമെന്തായിരുന്നുവെന്നോ? ഏകദേശം പാതിരാ കഴിഞ്ഞിട്ടുണ്ടാവും. വിളക്കു കൊളുത്തിയിരുന്നില്ല. പുറത്തു നിലാവെളിച്ചം ആവശ്യത്തിലേറെയുണ്ടു്.

ഞാൻ പൂമുഖത്തു ചാരുകസേരയിൽ മലർന്നു കിടന്നു. പരിസരം പൂനിലാവിൽ കുളിച്ചിരിക്കയാണു്. സുഗന്ധവാഹിയായ കൊച്ചിളംകാററു പല തവണ എന്നെ തഴുകിക്കൊണ്ടു കടന്നുപോയി. മൂകമായ ആ നിശ്ചലതയിൽ ഹൃദയം വികാരനിർഭരമായി. അങ്ങകലെ ഒളിഞ്ഞിരിക്കുന്ന സങ്കൽപകാമുകി വീണ്ടും ഹൃദയത്തിനുള്ളിൽ നൃത്തം വെച്ചു. പ്രേമോദ്ദീപകമായ ആ അന്തരീക്ഷത്തിൽ സുരഭിലസ്വപ്നങ്ങളിൽ മുഴുകിയ ഞാൻ എത്രനേരം അങ്ങനെ കിടന്നുവെന്നു എനിക്കോർമ്മയില്ല.

നാനാക്കൽ

പിന്നീടു കിനാവുകളിൽ നിന്നുണർന്നതു ഒരത്ഭുതസംഭവം കണ്ടുകൊണ്ടാണു്.

ഞാൻ തെക്കോട്ടു നോക്കി. നോട്ടം അപ്രതീക്ഷിതമാണു്. എന്റെ ജീവൻ പിടഞ്ഞുപോയി. ഊടുവഴിയിൽ കൂടി ഒരു നിഴൽ നീങ്ങിവരുന്നു.

അതൊരു നിഴൽ മാത്രമാണോ? ഇമ വെട്ടാതെ ഞാൻ കുറെ നേരം നോക്കിനിന്നു. നിഴൽ നീങ്ങുകയാണു്. എന്നെ ലക്ഷ്യമാക്കി അതു കൂടുതൽ കൂടുതൽ അടുത്തുവരുന്നു.

എന്റെ ശ്രദ്ധ നിഴലിൽ കേന്ദ്രീകരിക്കപ്പെട്ടു. നട്ടപ്പാതിരായാണു്. പുള്ളും മനുഷ്യനും പുറത്തിറങ്ങാത്ത സമയം. കരിയില കൂടി പേടിച്ചിട്ടനങ്ങുന്നില്ല. ആ നേരത്താണു ജീവനുള്ള ഒരു സത്വം അതും ഒറെറയ്ക്കു് എന്റെ വീടിനെ ലക്ഷ്യമാക്കിവരുന്നതു്.

നിറഞ്ഞ നിശബ്ദത! നിമിഷങ്ങൾ നീങ്ങുംതോറും ഹൃദയം മരവിച്ചുതുടങ്ങി. ജീവൻ കുറേശെ കുറേശെ ഊരിപ്പോകുകയാണു്. രോമകൂപങ്ങളിൽകൂടി തണുപ്പു നുഴഞ്ഞുകയറുന്നു. അസ്ഥികൾ പേടികൊണ്ടു കോറുകയാണു്. ഞാൻ പൂമുഖത്തുനിന്നു കുറച്ചുകൂടി ഉള്ളിലോട്ടു നീങ്ങി. ആത്മരക്ഷയും കൂടി നോക്കേണമല്ലോ!

ലിപ്പത്തിൽ കവിയരുതെന്നു പ്രത്യേകം ഓർമ്മിക്കുമല്ലോ.

ഒക്ടോബർ 20-ാംനു-യ്ക്കു മുമ്പായി ലേഖനങ്ങൾ താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അയച്ചുതരേണ്ടതാണു്. മൽസരപ്പരീക്ഷയിൽ പങ്കെടുക്കുവാൻ എല്ലാ ബാലസുഹൃത്തുക്കളേയും ക്ഷണിച്ചുകൊള്ളുന്നു.

കൊച്ചുട്ടൻ,
"അരുണ"
കോട്ടയം.
(തിരുവിതാംകൂർ—കൊച്ചി)

അശോക ബാലകല്പ

ശിശുക്കളുടെ ഒരു ഉത്തമ ടോണിക്ക്

ആരോഗ്യം നശിച്ച്, കൈകാൽ മെലിഞ്ഞു വയറുന്തി, നെഞ്ച്കുരച്ച്, രക്തപ്രസാദമില്ലാതെ, കരപ്പനും ചൊറിയും നിറഞ്ഞുശോഷിച്ച ശിശുക്കളുടെ ആരോഗ്യം വീണ്ടെടുക്കാമെന്നു ബാലകല്പ ഉറപ്പു തരുന്നു.

അശോക ആയുർവേദിക്ക് ഫാർമസി

പന്നിയങ്കര, കോഴിക്കോട് —3.

ആ നിഴൽ മുന്നും കൂടിയ വഴിയിൽനിന്നു. ഞാൻ സൂക്ഷിച്ചു നോക്കി. എന്താണതു്? പ്രതീക്ഷിച്ചതുപോലെ ഭയങ്കരമായ ഒരു ജന്തുവല്ല. മനോഹരമായ ഒരു വസ്തുവാണ്. എന്റെ പേടി പോയി. എനിക്കൽഭുതമുണ്ടായി. ഇനി വന്നാൽ എന്തും വരട്ടെ.

ഞാൻ പൂമുഖത്തുനിന്നു പുറത്തേക്കിറങ്ങി. ഗയിററിന്റെ അഴികളിൽ കൂടി ഒളിഞ്ഞുനോക്കി. ഞാൻ കണ്ടു. എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്താണു ഞാൻ പറയേണ്ടതു്? വാക്കുകൾക്കതീതമായിരുന്നു എന്റെ അപ്പോഴത്തെ വികാരങ്ങൾ.

ഞാൻ മെല്ലെ ഗെയിററു തുറന്നു. എനിക്കു ധൈര്യം കൂടി. ഞാൻ മെല്ലെ മുന്നോട്ടു നീങ്ങി. ഓരോ അടി വെച്ചുകൊണ്ടാണ്. പേടി കൊണ്ടല്ല. എന്റെ തുടകളിൽ ഭാരിച്ച ഘനം കെട്ടിത്തൂക്കിയതുപോലെ എനിക്കു തോന്നി.

ആ അൽഭുതമോഹനമായ വസ്തു എന്താണെന്നു പറയാൻ വിട്ടുപോയി, ഇല്ലേ? അതു ഒരു യുവതിയായിരുന്നു. പതിനഞ്ച് പതിനാറു് വയസ്സ് പ്രായം. അവൾ വെള്ളസാരിയായിരുന്നു ധരിച്ചിരുന്നതു്. ഇട്ടതു കറുത്ത ബ്ലൗസും. മുടിയിൽ പൂ ചൂടിയിരുന്നു. പക്ഷെ, പിൻഭാഗത്തല്ല. മുൻഭാഗത്തു്. അതും രണ്ടെണ്ണം. ഒന്നു ചുകപ്പ്. മറെറാന്നു മഞ്ഞ. കൊളാമ്പിപ്പൂക്കളാണ്. രണ്ടു കൊമ്പുകൾ പോലെ, ആ സുന്ദരിയുടെ തലയിൽ.

എന്താണു ഞാൻ പറയേണ്ടതു്? എനിക്കെന്തെല്ലാമോ തോന്നി. പേടിയോടുകൂടിയ ഒരൽഭുതം. അർദ്ധരാത്രിയിൽ ഒരു സുന്ദരിയെ തനിയെ കാണുക. അതു് എന്റെ തോട്ടത്തു്. ഞാൻ ഈ ഭൂലോകത്തിലാണോ അതോ വല്ല മായാലോകത്തിലോ....?

എന്റെ ചുററുപാടുമുള്ള പ്രപഞ്ചം ഒരേ സമയത്തു് ഇളിച്ചുകാട്ടുകയും പുഞ്ചിരിക്കുകയുമാണ്. എന്റെ ഉള്ളിൽ തീകത്തി. എന്റെ ശരീരം വിറച്ചു. അൽഭുതപ്പൂക്കൾ....! ഹോ........ആരാണിവൾ? ഒരു സ്ത്രീ മാത്രമോ .. അതോ വെറും നിഴലാണോ ..? ഞാൻ പേടിച്ചു. ഞാൻ കണ്ണുകൾ ചിമ്മി.

ഞാൻ വീണ്ടും കണ്ണുകൾതുറന്നപ്പോൾ അവൾ അവിടെത്തന്നെയുണ്ട്. എന്നെ സൂക്ഷിച്ചുനോക്കുകയാണ്. ചിരിക്കുന്നുമുണ്ട്. ഞാൻ അവളുടെ നേരേ മുന്നിലാണ്. മാർവിടത്തിനു നേരെ. അതൊരു പുതിയ അനുഭവമാണ്. ഒരു യുവതിയുടെ മുന്നിൽ ഹൃദയത്തിന്നടുത്തു നിൽക്കുക!

എനിക്കപ്പോൾ തോന്നിയ ഹൃദയവികാരങ്ങളെ കുത്തിക്കുറിക്കാൻ വാക്കുകൾ കിട്ടുന്നില്ല. എങ്കിലും ഞാനൊന്നു പറയട്ടെ. എന്റെ ഹൃദയത്തിൽ ചൂടുള്ളൊരു ദ്രാവകം തിളയ്ക്കുന്ന പോലെയും, മുഖത്തുനിന്നു ചൂടുകളുടെ അടുക്കുകൾ ഉരിഞ്ഞുരിഞ്ഞു പോകുന്നപോലെയും എനിക്കു തോന്നി. വ്യക്തമായി എനിക്കനുഭവപ്പെട്ട മറെറാരു സംഗതി വിറയ്ക്കുന്ന തുടകളായിരുന്നു. പിന്നെ വററിയ തൊണ്ടയും.

ഹോ... എന്റെ ചുണ്ടുകൾ എങ്ങിനെയായിരുന്നുവെന്നോ....?

ഞാൻ അവളുടെ കണ്ണുകളിലേക്കു സൂക്ഷിച്ചുനോക്കി. എന്താണതു്? ജ്വലിക്കുന്ന തീക്കട്ടകളോ? അവൾ എന്നെ നോക്കി മന്ദഹസിക്കുകയാണ്. ഹൌ, അതിന്റെ വശീകരണശക്തി.

എനിക്കെന്തെങ്കിലും അവളോടു സംസാരിക്കണമെന്നു തോന്നി. അതാണു രക്ഷ! ഞാൻ സംസാരിക്കാൻ ശ്രമിച്ചു. പക്ഷെ, വലിയ കുഴപ്പം. സംസാരിക്കാൻ കഴിയുന്നില്ല. ചുണ്ടുകൾ വരണ്ടുണങ്ങിയിരിക്കുന്നു. നാവനങ്ങുന്നില്ല. എന്തെങ്കിലും ഒരു ശബ്ദം പുറത്തു പന്നെങ്കിൽ എന്നു ഞാൻ കൊതിച്ചു. പക്ഷെ, തൊണ്ട വരണ്ടിരിക്കുകയാണ്.

ഒടുവിൽ ഞാൻ എന്റെ മുഴുവൻ ശക്തിയും കേന്ദ്രീകരിച്ചുകൊണ്ടു ഭയങ്കരമായ ഒരു ശബ്ദത്തോടെ അട്ടഹസിച്ചു.

ആരാത്?

അതൊരു ശബ്ദമായിരുന്നില്ല. ഒരു മർമ്മരം മാത്രം. അതും വിറയ്ക്കുന്ന മുറിഞ്ഞ വാക്കുകൾ.

മന്ദഹസിച്ചുകൊണ്ടവൾ സൗമ്യമായി പറഞ്ഞു:—

ഒരു വഴിയാത്രക്കാരി.

അവൾ സംസാരിച്ചു. എനിക്കത്ഭുതമുണ്ടായി, ധൈര്യവും. പേടിക്കേണ്ടതില്ല. എന്തായാലും സംസാരിക്കുന്ന വസ്തുവാണ്. ഞാൻ ധൈര്യസമേതം വീണ്ടും ചോദിച്ചു.

പേര്?

എനിക്കു പേരില്ല.

നാട്?

എനിക്കു നാടില്ല.

എവിടെ പോകുന്നു?

അതാ....അവിടേക്ക്....

എന്തിന്.

അവിടെയാണ് എന്റെ വീട്.

അവൾ ചൂണ്ടിക്കാണിച്ച സ്ഥലത്തേക്കു ഞാൻ നോക്കി. എനിക്കു വീണ്ടുകിട്ടിയ ധൈര്യം പമ്പകടന്നു. എന്റെ ഹൃദയത്തിൽ ഭയാശങ്കകൾ വീണ്ടും ക്രമപ്പെട്ടു. അവൾ ചൂണ്ടിക്കാണിച്ച സ്ഥലം ശ്മശാനമാണ്... ശ്മശാനം.

അവൾ എന്നെ നോക്കി. വല്ലാത്ത മൂർച്ചയുള്ള നോട്ടമായിരുന്നു അത്. ഞാൻ ആ കണ്ണുകളിലേക്കു നോക്കി. അതു ചിരിക്കുകയാണ്. അപ്പോൾ ചുണ്ടുകളോ? അതും! ചിരിക്കുന്ന കണ്ണുകളും ചിരിക്കുന്ന ചുണ്ടുകളും. ഞാൻ ബോധം കെട്ടു വീണുപോയോ....?

നിങ്ങൾക്കു വിറയ്ക്കുന്നു.

ഒന്നും സംഭവിച്ചിട്ടില്ലെന്ന മട്ടിൽ അവൾ മധുരമായി പറഞ്ഞു. എന്നിട്ട് വളരെ അലസമായി തുടർന്നു.

ഓ സാരമില്ല. ഞാൻ തമാശ പറഞ്ഞതാണ്. എന്റെ മാതാപിതാക്കളുടെ ശ്മശാനമുണ്ടവിടെ. എല്ലാ മാസവും പൌർണ്ണമിയിൽ ഞാനവിടെ പോകാറുണ്ട്. എന്റെ വീടു രണ്ടുനാഴിക അപ്പുറത്താണ്. കഴിഞ്ഞ മാസം ഞാൻ നിങ്ങളെ കണ്ടു. സത്യമായിട്ടും എനിക്കു നിങ്ങളോടിഷ്ടം തോന്നുന്നു....

ഒരു സാധാരണ യുവതിയെപ്പോലെ വിക്കി വിക്കി ലജ്ജയോടെയല്ല അവൾ സംസാരിച്ചത്. എന്നാലും അവൾ ഒരു മനുഷ്യസ്ത്രീയാണെന്നു ഞാൻ വിശ്വസിച്ചു കഴിഞ്ഞിരുന്നു. ഇരകോർത്ത ഒരു ചൂണ്ടൽ ഒടുവിൽ അവൾ എന്റെ മുന്നിലേക്കിട്ടു.

നിങ്ങൾ എവിടെയായിരുന്നു ഇതിനു മുമ്പ്?

ഞാൻ പറഞ്ഞു. പുഴക്കുഴലുകളും കടൽ വെള്ളവുമുള്ള സ്ഥലത്ത്.

അവൾ ഊറി ഒന്നു ചിരിച്ചു.

ഞാൻ പറഞ്ഞു.

എനിക്കു പേടി തോന്നുന്നു.

ഏ?

ആ പൂക്കൾ കണ്ടിട്ട്.

അതുവോ?

ഉവ്വ്. അതെന്തിനാ, നെറ്റിയിൽ ചൂടിയിരിക്കുന്നത്.

ഞങ്ങളങ്ങിനെയാ.

ഞങ്ങൾ*, ആരാണീ ഞങ്ങൾ? അവൾ വീണ്ടും എന്നെ പേടിയുടെ കൊടുമുടിയിലേക്കു വലിച്ചിഴക്കുകയാണ്. ഞാൻ പറഞ്ഞു:—

അതു ഭംഗിയല്ല.

തിളങ്ങുന്ന കണ്ണുകളോടെ അവൾ പ്രതിവചിച്ചു.

സൌന്ദര്യം പോലെ.

സൌന്ദര്യം ഭംഗിയല്ലെന്ന്.

ഞാൻ കുഴപ്പത്തിലായി. ഞാൻ ചോദിച്ചു.

എന്തുകൊണ്ട്?

അതു സത്യമല്ല.

ഏത്?

പൂക്കൾ.

പൂക്കളോ?

ഉം. ഒന്നും കാണുന്നപോലെയല്ല....

അവൾ നന്നായി ചിരിച്ചു. 'പുരുഷനെ മയക്കുന്ന മാസ്മരികശക്തിയുള്ള ചിരി.

......നോക്കൂ. ഞാൻ കഴിഞ്ഞ മാസം നിങ്ങളുടെ വീട്ടിലേക്കു കടന്നുവരാൻ ആഗ്രഹിച്ചതാണ്. നിങ്ങളെന്തൊരു മുഷിപ്പൻ. ഒറ്റയ്ക്കൊരു വലിയ വീട്ടിൽ കഴിച്ചുകൂട്ടുന്നു. വല്ലാത്തൊരരസികൻ........

അവളെന്റെ ഹൃദയത്തിനുള്ളിലേക്ക് ഒളിച്ചു കടക്കാൻ ശ്രമിക്കുകയാണ്.

ഓ ...കഥ നീണ്ടുപോകുന്നോ ക്ഷമിക്കണം. ഉണ്ടായതെല്ലാം പറഞ്ഞാൽ നിങ്ങൾ മുഷിയും. ഒരു നിഴൽ ചിത്രം മാത്രമാണ് ഞാൻ വരയ്ക്കാൻ ഉദ്ദേശിച്ചത്. അതുകൊണ്ടു ഞാൻ കൂടുതൽ വിസ്തരിക്കുന്നില്ല.

അപ്പോൾ കഥ എവിടെ എത്തി? എവിടെയെങ്കിലുമാകട്ടെ. ഉണ്ടായതിത്രയുമാണ്. പണ്ടൊരു കാലത്ത് ഒരു രാത്രിയിൽ ഞാനൊരു യുവതിയുമായി കണ്ടുമുട്ടി. അതൊരു മുക്കൂട്ടു പെരുവഴിയിൽ വച്ചാണ്. പെട്ടെന്നുണ്ടായ അത്ഭുതവും പേടിയും എല്ലാം നീങ്ങിയപ്പോൾ ഞങ്ങൾ ചിരകാല പരിചിതരെപ്പോലെ സംസാരിച്ചു. കൂടുതൽ പരിചയപ്പെട്ടു. പിന്നെ അറിയാതെ പ്രേമത്തിന്റെ വിത്തു പാകി.

ഞങ്ങൾ അങ്ങിനെ എത്രനേരം സംസാരിച്ചു എന്നു കൃത്യമായി പറയാൻ ഓർമ്മയില്ല. ഏതായാലും പ്രഭാതത്തോടടുത്തിരിക്കും. ഇത്രയും ഞാൻ പറയാൻ കാരണമുണ്ട്. ഈ സമയമെല്ലാം ഞങ്ങൾ നിൽക്കുകയായിരുന്നു. എന്നാലെന്താ? എനിക്കു കാലിനു വേദനയോ തരിപ്പോ അനുഭവപ്പെട്ടില്ല. സത്യം.

മഞ്ഞു വീണപ്പോൾ ഞാൻ പറഞ്ഞു.

വല്ലാത്ത തണുപ്പ്. നമുക്കകത്തു പോകാം.

കുണുങ്ങിക്കൊണ്ടവൾ പറഞ്ഞു.

ഓ....വേണ്ടാ. നമുക്കിവിടെ ഇരിക്കാം.

പറഞ്ഞുതീരുന്നതിനു മുമ്പത

MOHANDAS TEXTILES

ERANHIPALAM P. O. CALICUT.

Manufacturers of:-

LINEN DHOTHIES, FURNISHING FABRICS, SHIRTINGS AND DRESS MATERIALS, OF GUARENTEED FAST COLOURS ON HAND-LOOMS. WANTED AGENTS.

ന്നെ അവൾ ആ മുക്കൂട്ടു പെരുവഴിയിൽ ചമ്രം പടിഞ്ഞിരുന്നു. എന്നിട്ടു് എന്റെ കൈപിടിച്ചു വലിച്ചു. അവളുടെ അരികിൽ ഞാനും ഇരുന്നു ദേഹത്തിൽ ഉരുമ്മിക്കൊണ്ടു്. അവളുടെ ദേഹത്തിന്നു ചെമ്പകത്തിന്റെ മണമുണ്ടായിരുന്നു. ഞാൻ പറഞ്ഞു.

നല്ലമണം.

അവൾ ചിരിച്ചു.

ഞാൻ ചെമ്പകക്കുളത്തിൽ നിന്നാ കുളിച്ചുവരുന്നതു്.

ചെമ്പകക്കുളത്തിലോ?

നേര്.

അതെവിടെയാ?

ആയിരം കാതം അപ്പുറത്തു്.

അവൾ എന്നെ പരിഹസിക്കുകയാണു്. പക്ഷെ, സത്യമായിട്ടു് അവളുടെ ദേഹത്തിന്നു ചെമ്പകത്തിന്റെ പരിമളമുണ്ടു്. ഞാൻ അവളുടെ നയനങ്ങളിൽ ചുംബിച്ചു. എന്റെ ഹൃദയം വികാരനിർഭരമായി. സിരാതന്ത്രുക്കൾ ചൂടുപിടിച്ചു. ഞാൻ ആവേശത്തോടെ പറഞ്ഞു.

എന്റെ....എന്റെ....

അവൾ എന്റെ കണ്ണുകളിലേക്കു നോക്കി. വിക്കി, വിക്കി, ഞാൻ പറഞ്ഞു.

ഞാൻ ...ഞാൻ....നിന്നെ.

അവൾ എന്റെ മാറിലേക്കു ചാഞ്ഞു. ഞാൻ അവളെ എന്റെ ഇരുകരങ്ങളിലൊതുക്കി....

നിൽക്കട്ടെ, ഇത്രയും ഞാൻ എന്റെ ഓർമ്മകളിൽനിന്നാണു പറഞ്ഞതു്. ഇവിടെ നിന്നു് അങ്ങോട്ടുള്ള സംഭവങ്ങൾ ഒന്നും എനിക്കോർമ്മയില്ല. പിന്നെ എന്താണു നടന്നതു്? വളരെ, വളരെ ഞാൻ ഓർമ്മിച്ചുനോക്കി. ഒരെത്തും പിടിയും കിട്ടുന്നില്ല. കഥയുടെ മർമ്മം ഇവിടെയാണെന്നു് എനിക്കറിയാം. പക്ഷെ, എന്തു ചെയ്യും....?

വ്യക്തമായി ഞാനൊന്നും ഓർക്കുന്നില്ലെന്നു പറഞ്ഞില്ലെ. പിന്നീടുള്ള മുഴുവൻ സംഭവങ്ങളും പറഞ്ഞുകേട്ടതാണു്. പലരും പല മാതിരി പറഞ്ഞു. വളച്ചുകെട്ടിയും ഏച്ചുകെട്ടിയും. ദൃക്സാക്ഷികൾ ആരും ഉണ്ടായിരുന്നില്ല.

എന്റെ ഓർമ്മ എവിടെയാണു ചെന്നു നിൽക്കുന്നതു്? അവസാനമായി ഞാൻ അവളോടു പറഞ്ഞ വാക്കു്, ഞാൻ അവളെ സ്നേഹിക്കുന്നുവെന്നാണു്. അതിന്നുശേഷം ഞാൻ കൈകൾ ഉയർത്തിയതു് എനിക്കോർമ്മയുണ്ടു്. എന്റെ കൈവലയത്തിനുള്ളിൽ അവളുണ്ടായിരുന്നു. പിന്നെ, 'എന്തുണ്ടായി? ഞാൻ അവളെ ചുംബിച്ചുവോ?

എന്തോ, പിന്നീടു് എനിക്കു തോന്നിയതു് ഈ ഭൂലോകം വട്ടത്തിൽ കറങ്ങുന്നതായിട്ടാണു്. അതിനോടൊപ്പം ഞാനും. വളരെ വേഗം. അതിവേഗത്തിൽ ഞാൻ അങ്ങനെ വട്ടത്തിൽ തിരിഞ്ഞു. അവളെന്റെ ചങ്കിൽ ബലമായി പിടിച്ചിട്ടുണ്ടായിരുന്നു.

എനിക്കു ശ്വാസം മുട്ടി. കണ്ണുകളിൽ ഇരുട്ടുകയറി. ഒന്നും കാണുന്നില്ല. ആകെ ഒരിരമ്പം. ഭൂമി ഭയങ്കരമായ ശക്തിയോടെ തിരിയുകയാണു്. അതിനോടൊപ്പം ആകാശവും ആകാശത്തിലെ നക്ഷത്രങ്ങളും ബ്രഹ്മാണ്ഡമാകെ, അങ്ങിനെ ഭയങ്കരമായ ഒരു മുഴക്കത്തോടുകൂടി തിരിയുകയാണു്....

ഊം, ഊം... ഊംം....ഊംംം.

ഭൂമിയിൽ ഒരു ദ്വാരം ഉണ്ടായി വരുന്നു. അവളെന്നെ ബലമായി പിടിച്ചു. തലകീഴാക്കി ദ്വാരത്തിലേക്കു തിരുകുന്നു....അയ്യോ, ഭൂമിയുടെ കറക്കത്തോടൊപ്പം ഞാൻ ഒരു പിരിയാണി പോലെ താഴുന്നു, താഴുന്നു പോകുന്നു....അറ്റമില്ലാതെ....

പിന്നീടൊന്നും എനിക്കോർമ്മയില്ല. ഓർമ്മ തിരിച്ചു കിട്ടിയപ്പോൾ ഞാൻ നാലഞ്ചാളുകളുടെ നടുക്കാണു്. ഒരത്ഭുത വസ്തുവേപ്പോലെ. അവളുണ്ടായിരുന്നില്ല.

അതിന്നിടയിൽ എന്തെല്ലാമുണ്ടായി? പറഞ്ഞുകേട്ട സംഭവങ്ങളെപ്പററി പറയുകയാണെങ്കിൽ വലിയ തമാശയുണ്ടു്.

പക്ഷെ, അറുപത്തേഴു വയസ്സായ പെൻഷൻ പോലീസുകാരൻ പറഞ്ഞ സംഗതികളോടു കുറച്ചാളുകൾ യോജിക്കുന്നുണ്ടു്. എന്തുകൊണ്ടെന്നുവെച്ചാൽ സംഭവസ്ഥലത്തു് ആദ്യമെത്തിയ ജീവനുള്ള മനുഷ്യൻ അദ്ദേഹമായിരുന്നു.

അയാൾ പറഞ്ഞതിങ്ങനെയാണു്:—

പതിവുപോലെ അയാൾ അന്നും വെളിക്കിറങ്ങാൻ പാതയിലേക്കിറങ്ങി. നിലാവെളിച്ചം മങ്ങിക്കഴിഞ്ഞിരുന്നു. മുക്കൂട്ടു പെരുവഴി

യിൽ അയാൾ ഒരു കറുത്ത സാധനം കണ്ടു. അതു് അസാധാരണമാണു്. അയാൾ ഞെട്ടിപ്പോയെങ്കിലും പേടിച്ചില്ല. അയാൾ ആ സാധനത്തിന്റെ അടുത്തുപോയി സൂക്ഷിച്ചുനോക്കി.

അയാൾ കണ്ടതെന്താണു്?

നഗ്നമായ ഒരു മനുഷ്യരൂപം കമിഴ്ന്നു കിടക്കുന്നു. ശരിക്കു പെരുവിരലും മൂക്കും മാത്രമേ നിലത്തു തൊട്ടിട്ടുള്ളു. ബാക്കിഭാഗങ്ങൾ ഭൂമിയെ സ്പർശിക്കാതെ ഒരു വില്ലുപോലെ!

പേടി എന്തെന്നറിയാത്ത ആ മനുഷ്യനുംകൂടി ഞെട്ടിപ്പോയി. പക്ഷേ, അയാൾ പേടിച്ചതു് അപ്പോഴല്ല. ലോകത്തിലുള്ള മുഴുവൻ ധൈര്യവും കടംവാങ്ങി, അടിവെച്ചടിവെച്ചു്, വീണുകിടക്കുന്ന ആ മനുഷ്യരൂപത്തെ സ്പന്ദിക്കുന്ന ഹൃദയവുമായി വിറയ്ക്കുന്ന കൈകളോടെ, തൊട്ടുതൊട്ടില്ല, എന്ന സ്ഥിതിയിലെത്തിയപ്പോഴാണു്.

അപ്പോൾ എന്തുണ്ടായി എന്നല്ലേ? അണ്ഡകടാഹം പൊട്ടിത്തകരുമാറു ഭയാനകമായ ഒരു ചങ്ങലകിലുക്കമുണ്ടായത്രേ! അതോടെ പെൻഷൻ പററിയ പോലീസുകാരൻ ഒരട്ടഹാസത്തോടെ നിലംപതിച്ചു.

ഇത്രയും ഞാൻ പറഞ്ഞുകേട്ട കഥകളാണു്. ഇവിടുന്നങ്ങോട്ടുള്ള സംഭവങ്ങൾ എനിക്കു പറയുവാൻ കഴിയും. ബോധം തെളിയുന്നതിനു മുൻപു് എന്റെ മനസ്സിൽ തങ്ങിനിൽക്കുന്ന ഓർമ്മ ഇങ്ങനെയാണു്:—

ഞാൻ ഏതോ ഒരഗാധതയിൽ, വളരെ വളരെ താഴെ ശ്വാസംമുട്ടി മരിക്കാൻ തുടങ്ങുമ്പോൾ ഏതോ ഒരജ്ഞാതഹസ്തം എന്നെ പിടിച്ചു മേല്പോട്ടെറിഞ്ഞു. കൈകൾ ചുഴററി, കണ്ണും, മൂക്കും, വായും തുറന്നുകൊണ്ടു ഞാൻ ആ അഗാധതയുടെ ഉപരിതലത്തിലേക്കു് ഒരു ശരം കണക്കെ ഉയർന്നു വന്നു.

ഞാൻ കണ്ണു തുറന്നപ്പോൾ മുക്കൂട്ടുവഴിയിൽ കമിഴ്ന്നു കിടക്കുകയാണു്. എനിക്കു ഭയങ്കരമായ ദാഹം തോന്നി. സമുദ്രങ്ങൾ ഒന്നായി കുടിച്ചുതീർക്കാനുള്ള ദാഹം!

ഞാൻ എഴുന്നേററു ചുററുപാടും നോക്കി. അവിടെ കൂടിയിരുന്നവർ എന്നെ മിഴിച്ചുനോക്കുകയാണു്. പെൻഷൻ പോലീസുകാരനുമുണ്ടു്. അദ്ദേഹം സ്വന്തം ദേഹത്തിൽനിന്നും മണ്ണു തട്ടുന്നു. എല്ലാവരുംകൂടി എന്നെ വീട്ടിലേക്കു കൊണ്ടുപോയി.

എനിക്കു നന്നേ ക്ഷീണമുണ്ടായിരുന്നു. ഭയങ്കരമായ വിശപ്പും. ആരോ ചൂടുള്ള പ്രാതൽ കൊണ്ടുവന്നു തന്നു. ഞാനതു് ഒരൊററ ശ്വാസത്തിന്നു് അകത്താക്കി.

എന്നെ സംബന്ധിച്ചേടത്തോളം പിന്നീടുള്ള അനുഭവങ്ങൾ ഭയങ്കരങ്ങളായിരുന്നു. ഞാൻ കിടപ്പിലായി. ദേഹംമുഴുവനും വേദന. എല്ലുകളെല്ലാം ഒടിഞ്ഞപോലെ. രണ്ടാഴ്ചയോളം ഞാൻ കിടപ്പിലായി.

അതിന്നിടയിൽ ഞാൻ പല കഥകളും കേട്ടു. അതുവരെ ഞാൻ കേൾക്കാത്തതു്. 'എല്ലാം മുക്കൂട്ടു പെരുവഴിയെപ്പററിയാണു്. പിന്നെ ശ്മശാനങ്ങളെപ്പററിയും. അമ്പലങ്ങളും പള്ളികളും ആ പട്ടികയിൽ നിന്നു് ഒഴിവായിരുന്നില്ല. എല്ലാം പിശാചുക്കളുടെ ആവാസസ്ഥലമാണു്. അവർക്കു പ്രത്യേകമായി ജോലിയൊന്നുമില്ല. കാരണം ഉണ്ടെങ്കിലും ഇല്ലെങ്കിലും മനുഷ്യനെ ഉപദ്രവിക്കുകയാണു് അശരീരികളായ ഈ അജ്ഞാത ജന്തുക്കളുടെ സ്വഭാവം.

ഇടയ്ക്കൊന്നു പറഞ്ഞോട്ടെ: മുക്കൂട്ടു പെരുവഴി പിശാചുക്കളുടെ കോട്ടയാണെന്നാണു പറയുന്നതു്. അവിടെവെച്ചു പിശാചുക്കളെ മനുഷ്യർക്കൊന്നും ചെയ്യാൻ സാദ്ധ്യമല്ലത്രേ! അതുകൊണ്ടു് അവരെ പ്രീണിപ്പിക്കുവാൻ വേണ്ടി 'കുരുതി' കഴിക്കുകയും, അവർക്കു തിന്നാൻവേണ്ടി പൂജസാധനങ്ങൾ പെരുവഴിയിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. പക്ഷേ, ഇതിൽ ഒരു ചെറിയ തമാശയുണ്ടു്: മുക്കൂട്ടു പെരുവഴിയുടെ ചുററുപാടുകളിൽ പെട്ട ആരെങ്കിലും ഒരാൾ ഇതു ചെയ്താൽ പോര. എല്ലാവരും ചെയ്യണം. നിർബന്ധമില്ല. ചെയ്യാത്തപക്ഷം പിശാചു ഉപദ്രവിക്കുമെന്നു മാത്രം.

പെൻഷൻ പോലീസുകാരൻ എന്നെപ്പററി പറഞ്ഞ കഥകൾ കേട്ടപ്പോൾ എനിക്കു വല്ലാതെ പേടി തോന്നി. പിശാചു് എന്നെ കൊല്ലാൻ ശ്രമിച്ചതാണെന്നാണു് അയാൾ പറഞ്ഞതു്. നട്ടപ്പാതിരയ്ക്കു് ആ പെരുവഴിയിൽ അട്ടഹാസങ്ങളും, പൊട്ടിച്ചിരികളും, ചങ്ങലകിലുക്കവും കേൾക്കാൻ തുടങ്ങിയിട്ടു കുറേ നാളായത്രേ! പിശാചിന്നു് എന്നോടു ദേഷ്യമാണു്. 'കുരുതി' കഴിക്കാൻ ഞാൻ മാത്രമേ ബാക്കിയുള്ളു.

ഒരു ദിവസം ആ പോലീസുകാരൻ വീട്ടിൽ വന്നു. ഞാൻ തനിയെ കിടക്കുകയായിരുന്നു. അയാൾ എന്റെ കിടക്കയിൽ ഇരുന്നുകൊണ്ടു്, അന്നത്തെ സംഭവങ്ങൾ വിവരിച്ചു. എല്ലാം ഭയങ്കരങ്ങളായ വാർത്തകളാണു്. എനിക്കു പേടി തോന്നി. ഞാനതു തുറന്നു പറഞ്ഞു. എന്നിട്ടും അയാൾ കണ്മിഴിച്ചു, ചിറി കോട്ടി, ഭയാനകമായ മുഖഭാവത്തോടെ പറഞ്ഞു:

'കുട്ടീ! മേലാൽ രാത്രിയിൽ മുക്കൂട്ടുപെരുവഴിയിലേക്കു നോക്കരുതു്. പിശാചുക്കൾ കൊന്നുകളയും!"

ഞാൻ ചിരിച്ചു

അയാൾ തുടർന്നു:

"......ഏതായാലും അടുത്ത ദി

വസം നമുക്കു് ഒരു കുരുതി കഴിക്കണം. അതാണു വീട്ടിന്നു രക്ഷ!

ഞാൻ ഉച്ചത്തിൽ പൊട്ടിച്ചിരിച്ചു.

എനിക്കതിലൊന്നും വിശ്വാസമില്ല!

അതു കാരണവർക്കു പിടിച്ചില്ല. അയാൾ ഒരു പരുത്ത സ്വരത്തോടെ, ഉറച്ച വിശ്വാസത്തോടെ പറഞ്ഞു:

എന്നാ, അന്നത്തെ സംഭവം ഇനിയും ആവർത്തിക്കും!

ഏതു സംഭവം?

പിശാചു നിങ്ങളെ പിടികൂടിയില്ലേ........അതുതന്നെ.

ഞാൻ പരിഹാസ സ്വരത്തിൽ പറഞ്ഞു:

ഓ....അതു നിങ്ങൾ വിചാരിക്കുന്നപോലെയൊന്നുമല്ല. എനിക്കു സ്വപ്നാടനം പിടിപെട്ടതാ.... ....

സ്വപ്നാടനം....നിങ്ങൾ കേട്ടിട്ടില്ലേ?

അയാൾ പുച്ഛരസത്തോടെ മന്ദഹസിച്ചു. അയാളുടെ കണ്ണുകളിൽ അവിശ്വാസം നിഴലിച്ചിരുന്നു.

എന്നിട്ടാണു നിങ്ങൾ എഴുന്നേൽക്കാൻവയ്യാതെ, കിടപ്പിലായതു്!

ഞാൻ പറഞ്ഞു:

അതു രോഗമാണു്. അല്ലാതൊന്നുമല്ല. പലപ്പോഴും എനിക്കുണ്ടാവാറുണ്ടു്. സ്വപ്നം കണ്ടു് എഴുന്നേററു നടക്കുക. ഒരു ദിവസം ഞാൻ ബോധം വന്നപ്പോൾ കിണററിലായിരുന്നു. വെള്ളമില്ലാതിരുന്നതുകൊണ്ടു മരിച്ചില്ല. അങ്ങിനെ പലപ്പോഴും പലതും സംഭവിക്കാറുണ്ടു്. അതിനുശേഷം പത്തോ പതിനഞ്ചോ ദിവസം കിടപ്പിലാവും. അത്രതന്നെ!

ഞാൻ പറഞ്ഞതു കാരണവർക്കു വിശ്വാസമായില്ല. അയാൾ പറഞ്ഞു:

പിശാചു നിങ്ങളെ വഞ്ചിച്ചതാ!

പിഞ്ഞാണങ്ങൾ

കോപ്പ, പ്ളേററ്, കപ്പുസാസർ, ടീസെററ്, ക്ലോസെററ് മുതലായ പിഞ്ഞാണങ്ങൾ. മേത്തരമായ നിർമ്മാണം, ആദായവില.

NEW INDIA CERAMICS Ltd., FEROKE (Malabar).

എങ്ങനെയോ?

അതെ! സുന്ദരിയായ ഒരു സ്ത്രീയുടെ വേഷത്തിൽ പിശാചു നിങ്ങളെ പാററിച്ചു. ബോധം കെടുത്തി. എന്നിട്ടു രക്തവും എല്ലും തിന്നു!

രക്തവും എല്ലു!

അതെ! അവററയുടെ ഭക്ഷണമാണതു്!

ഞാൻ പിന്നീടൊന്നും കുറേ നേരത്തേക്കു സംസാരിച്ചില്ല.

അയാൾ തുടർന്നു: "ഏതായാലും നമുക്കു് ഒരു കുരുതി കഴിക്കണം!"

അയാൾ പറയുന്നതു ഞാൻ മൂളിക്കേട്ടു. എതിരു് ഒന്നും പറഞ്ഞില്ല. പക്ഷെ, ഒരു സംശയം മാത്രം ചോദിച്ചു. അതിതാണു്:—

പിശാചുവർഗ്ഗത്തിലും ഹിന്ദുവും മുസ്ലീമുമുണ്ടോ?

വൃദ്ധൻ അൽഭുതപ്പെട്ടു:

കുട്ടീ! എന്താ അങ്ങിനെ ചോദിക്കുന്നതു്?

ഒന്നുമില്ല. ഹിന്ദുവും മുസ്ലീമും കുരുതി വെക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്!

വൃദ്ധൻ ചിരിച്ചുകൊണ്ടു ചോദിച്ചു:

അതുകൊണ്ടെന്താ?

അതുകൊണ്ടൊന്നുമില്ല. എങ്കിലും വെറുതെ ചോദിച്ചുപോകയാണു്: ഹിന്ദുവിന്റെ പിശാചും, മുസ്ലീമിന്റെ ശെയ്ത്താനും വെവ്വേറെയാണോ കുരുതി സ്വീകരിക്കുന്നതു്?

വൃദ്ധൻ മുഖം ചുളിച്ചുകൊണ്ടു് എന്നെ നോക്കി.

ഇതു വേണ്ടാത്ത ചോദ്യമാണു്!

ദ്വേഷ്യപ്പെടരുതു്. ഹിന്ദുവിനും മുസ്ലീമിനും വെവ്വേറെ ദൈവങ്ങളുണ്ടു്. ദേവാലയങ്ങളും!

വൃദ്ധൻ മിണ്ടിയില്ല.

ഞാൻ പിന്നീട്ടു് ഒന്നും സംസാരിച്ചില്ല.

കുറച്ചു നേരത്തെ നിശ്ശബ്ദതക്കുശേഷം വൃദ്ധൻ ചോദിച്ചു:

കുട്ടീ! എന്താ ഒന്നും മിണ്ടാത്തതു്!

ഓ....ഒന്നുമില്ല. നിങ്ങൾ ദ്വേഷ്യപ്പെട്ടുമെന്നു വിചാരിച്ചു.... ...

എനിക്കു ദ്വേഷ്യമോ?

ഇല്ലേ! വളരെ നന്നായി. ഞാൻ വെറുതേ ആലോചിച്ചുപോയതാണു്. മനുഷ്യനെ ഉപദ്രവിക്കാൻ ഹിന്ദുപ്പിശാചും, മുസ്ലീം ശെയ്ത്താനും ഒരൈക്യമുന്നണി സൃഷ്ടിച്ചിരിക്കുകയാണെന്നു തോന്നു



Miss T. R. Rajakumari, the glamerous star of the silver screen says:-

"I have used President Vegetable Hair oil and found it to be a good hair tonic. It not only grows abundant hair but also cools the system."

T. R. Rajakumari

ന്നു........

വൃദ്ധൻ ചിരിച്ചു.

"........തമാശയല്ല ഞാൻ കാര്യമായി പറഞ്ഞതാണ്. അതുകൊണ്ടു പിശാചിന്നെതിരായി ഹിന്ദുവിന്നും മുസ്ലീമിന്നും എന്തുകൊണ്ടൊരു ഐക്യമുന്നണി സൃഷ്ടിച്ചുകൂടാ."

വൃദ്ധൻ എന്റെ മുഖത്തേക്കു മിഴിച്ചുനോക്കി. ആ നോട്ടത്തിൽ എന്തെല്ലാമോ നിഴലിച്ചിരുന്നു. അയാൾ കിടക്കയിൽനിന്നു തട്ടിപ്പിടഞ്ഞെഴുന്നേററു. അയാൾക്കെന്നോട് അപ്പോൾ തെല്ലും സഹതാപമുണ്ടായിരുന്നില്ല. നേരേ മറിച്ചു കണ്ണുകളിലൊ വെറുപ്പുണ്ടായിരുന്നു.

അയാൾ ഗെയിററു തുറന്നു പെരുവഴിയിലേക്കിറങ്ങി. ഞാൻ വീണുകിടന്നിരുന്ന സ്ഥലത്തു് അയാൾ കുനിവളഞ്ഞുനിന്നു, എനിക്കും ചക്രവാളത്തിന്നുമിടയിൽ ഒരു ചോദ്യചിഹ്നം കണക്കെ.

—oOo—

അടുക്കളയിൽ

അടപ്രഥമൻ

ഉണക്കലരി 2 നാഴി
ശർക്കര 2 റാത്തൽ
തേങ്ങാ 3
ചുക്കു് ജീരകം ഏലക്കാ
ഇവ ലേശം.
വാഴയില.

അടയ്ക്കു് ഉണക്കലരിയും അമേരിക്കൻമാവും സമമായും എടുക്കാറുണ്ടു്.

മാർഗ്ഗം

അരി ഇടിച്ചു് നേരിയ പൊടിയെടുക്കുക—പൊടി ഇലയിൽ ഒഴിച്ചാൽ പരക്കത്തക്കവണ്ണം അയവായി ലേശം ഉപ്പും ചേർത്തു കുഴച്ചുവയ്ക്കുക. കുറെ ഇല വീതി കുറച്ചു കീറിയെടുത്തു് ഓരോ ചായക്കരണ്ടിമാവു് ഇലയിൽ ഒഴിച്ചു ഇല ചുരുട്ടി രണ്ടുഭാഗവും മടക്കി കെട്ടിവയ്ക്കണം. ആവിയിൽ വച്ചോ തിളയ്ക്കുന്ന വെള്ളത്തിൽ ഇട്ടോ വേവിക്കണം. വെന്തശേഷം ഇല അടർത്തി ഒരു പലകമേൽ കുടഞ്ഞിട്ടു് അരിമണിപോലെ ചെറുതായരിയണം.

തേങ്ങാ തിരുമ്മി ഇരുനാഴി വെള്ളമൊഴിച്ചു് തലപ്പാൽ മാററിവച്ചശേഷം ബാക്കിയുള്ള പാലു മുഴുവൻ പല പ്രാവശ്യമായി പിഴിഞ്ഞെടുക്കണം. എല്ലാംകൂടെ ഇടങ്ങഴി വെള്ളത്തിൽ ശർക്കര അലിയിച്ചു് അരിച്ചെടുത്തു് അടുപ്പിന്മേൽവച്ചു് ചൂടാകുമ്പോൾ അടയും ഇട്ടു് വെന്തു നാഴിവെള്ളം പാററണം. പിന്നെയും തേങ്ങാപ്പാലൊഴിച്ചു് ഒരുവിധം കൊഴുപ്പായെന്നു കണ്ടാൽ ഉപ്പും ചുക്കും മററും പൊടിച്ചതും ചേർക്കണം. പിന്നെ ആദ്യത്തെ പാലു മൊഴിച്ചു ഇളക്കിയോജിപ്പിക്കുക.

ചന്ദ്രിക
ഔഷധസോപ്പ്
ചൊറി, ചിരങ്ങ്, കാർചുണങ്ങ്, മുഖക്കുരു, ത്വക്‌രോഗങ്ങൾ മുതലായവയെ മാററുന്നു.



A S.V.A. PRODUCT
SIDHAVAIDYASRAMAM
IRINJALAKUDA

ചുണ്ടങ്ങാ പൊടിത്തൂവൽ

കിഴക്കൻ പച്ചചുണ്ടങ്ങായോ പുത്തരിച്ചുണ്ടങ്ങായോ ഏതെങ്കിലും ഒന്നു് കഴുകി അമ്മിയിൽ ചതച്ചു സമം വെള്ളവും ലേശം ഉപ്പും മഞ്ഞപ്പൊടിയും ചേർത്തു വെള്ളം വററിച്ചു വേവിക്ക. 5 വററൽ മുളകും കുറച്ചു അരിയുംകൂടെ വറുത്തു പൊടിച്ചുവയ്ക്കുക. ഒരു ചീനച്ചട്ടിയിൽ കുറച്ചു വെളിച്ചെണ്ണയൊഴിച്ചു ലേശം ഉഴുന്നു പരിപ്പും? കടുകും ഇട്ടു പൊട്ടുമ്പോൾ പൊടിച്ചുവച്ചിരിക്കുന്ന പൊടിയും വേവിച്ച ചുണ്ടങ്ങായും ഇട്ടിളക്കണം. ഇടങ്ങഴി ചുണ്ടങ്ങയ്ക്കു് നാഴി തുവരപ്പരിപ്പോ കടലപ്പരിപ്പോ ഏതെങ്കിലും ഒന്നു് വേവിച്ചു ഇളക്കി യോജിപ്പിക്കുക.

മിസ്സിസ്സ് റൂസ്‌വെൽററ് ഗാന്ധിസമാധിയിൽ



ഇൻഡ്ധ്യയുടെ രാഷ്ട്രപിതാവായ മഹാത്മജി സമാധിയടഞ്ഞ സ്ഥലം മിസ്സിസ്സ് റൂസ്‌വെൽററ് സന്ദർശിക്കുന്നതിനു മുമ്പായി ഭാരതീയ മര്യാദയനുസരിച്ച് പാദുകം അഴിച്ചുവയ്ക്കുന്നു.

Regd: No. M. 5595:

ARUNA
Monthly Home Journal in Malayalam.

1953 നവവൽസരാരംഭത്തിൽ പ്രതീക്ഷിപ്പിൻ

അരുണ വാർഷികപ്പതിപ്പ്

കമനീയമായ ഒരുപഹാരഗ്രന്ഥം

സ്ത്രീകൾ അറിയേണ്ടതും സ്ത്രീകളെപ്പററി അറിയേണ്ടതുമായ പല കാര്യങ്ങളും ഇതിൽനിന്നു ഗ്രഹിക്കാം രസകരമായ ചെറുകഥകൾ, വിജ്ഞാനം തുളുമ്പുന്ന ലേഖനങ്ങൾ മുതലായവ അടങ്ങിയ ഈ വാർഷികപ്രസിദ്ധീകരണം ഏതു കുടുംബത്തിനും ഒരലങ്കാരമാണ്.

മാനേജർ,

അരുണ, കോട്ടയം.

Published by Verghese Kalathil M. A., Kottayam, and Printed at The M. M. Press, Kottayam.